

PG
324.254
03

ആർ.എസ്.എസ്
ഫാസിസത്തിന്റെ ഇന്ത്യൻ പ്രതിരൂപം

രാജേന്ദ്രശർമ
പി.ഗോവിന്ദപ്പിള്ള
എ.വി. അനിൽകുമാർ

ആർ എസ് എസ്:
ഫാസിസത്തിന്റെ
ഇന്ത്യൻ പ്രതിരൂപം

r s s fascisathinte indian prathiroopam ★ anilkumar a v, rajendra sharma and p g ★ first published in march 1993 ★ published by chintha publishers, thiruvananthapuram ★ distributed by deshabhimani book house, thiruvananthapuram ★ printed at cine printers, muttada.

cover : bhattathiri *price : rupees twelve only*

വിതരണം :

ദേശാഭിമാനി ബുക്ക് ഹൗസ്

H.O. തിരുവനന്തപുരം-695 001

ബ്രാഞ്ചുകൾ : തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം
എറണാകുളം, തൃശൂർ, കോഴിക്കോട്, കണ്ണൂർ

CO 518/921

ആർ എസ് എസ്:
ഫാസിസത്തിന്റെ
ഇന്ത്യൻ പ്രതിരൂപം

6672

അനിൽകുമാർ എ വി
രാജേന്ദ്രശർമ
പി ഗോവിന്ദപ്പിള്ള



ചിന്ത പബ്ലിഷേഴ്സ്
തിരുവനന്തപുരം–695 001
വില : 12.00 രൂപ

PG
324.25403

ഉള്ളടക്കം

ഫാസിസത്തിന്റെ ഇന്ത്യൻ പ്രതിരൂപം
അനിൽകുമാർ എ വി 5

ആർ എസ് എസ്: വർഗീയ വിദ്വേഷത്തിന്റെ സന്തതി
രാജേന്ദ്ര ശർമ 24

ആർ എസ് എസ്: ഇന്ത്യയിലെ ഏറ്റവും വലിയ നാസിപ്പട
പി ഗോവിന്ദപ്പിള്ള 47

ഫാസിസത്തിന്റെ ഇന്ത്യൻ പ്രതിരൂപം

അനിൽകുമാർ എ വി

''ഫ്രാൻസ് എന്നാൽ ഒരു രാഷ്ട്രത്തിന്റെ പേരായിരുന്നു. പ്രിയ സഹോദരരെ നമ്മുടെ കാലത്ത് അതൊരു മഹാരോഗത്തിന്റെ പേരായി മാറാതിരിക്കാൻ നമുക്ക് ശ്രദ്ധിക്കാം.'' അംജീരിയൻ യുദ്ധകാലത്ത് ഉളവായ ഭീതി ജനകമായ അവസ്ഥ മനസിൽവെച്ച് ഫ്രഞ്ച് ദാർശനികനായ ഴാങ്പോം സാർത്ര് ആശങ്കയുടെ അകമ്പടിയോടെ കുറിച്ചിട്ട ഈ വാക്കുകൾ ' 1990 കളിലെ ഇന്ത്യക്കും ബാധകമാണോ എന്നാണ് സംഭവഗതികൾ ആവർത്തിച്ച് ചോദിക്കുന്നത്. അക്കാലത്തെ ഭീതിയും അരക്ഷിതാവസ്ഥയും സമാനരൂപങ്ങളിൽ ആവർത്തിക്കുന്നതിനാലായിരിക്കാം ഇന്ത്യയും ഒരു മഹാരോഗത്തിന്റെ ലക്ഷണമായി മാറിക്കൊണ്ടിരിക്കുകതന്നെയാണെന്ന് ചിലരെങ്കിലും ഉൽകണ്ഠപ്പെടുന്നത്. 1992 ഡിസംബർ ആറിന് ബാബറി മസ്ജിദ് തകർകാൻ തയ്യാറായി നിന്ന ആർ എസ് എസ് പരിവാരങ്ങളോട് അശോക് സിംഗാൾ നടത്തിയ പ്രസംഗരംഗം ഹിറ്റ്ലർ സിനിമയെ ഓർമിപ്പിക്കുന്നതായിരുന്നുവെന്ന പ്രസ്താവത്തിനും [2] അതിശയോക്തി സ്പർശമുണ്ടായിരുന്നില്ല. ഹിറ്റ്ലർ ചലച്ചിത്രത്തിലെ ദൃശ്യഖണ്ഡത്തിന്റെ തനിപ്പകർപായ ഈ ഭീഷണചിത്രം, ഒരുപക്ഷെ വരാനിരിക്കുന്ന മാരകമായ ഇന്ത്യൻ രോഗത്തിന്റെ ലക്ഷണമാകാം.

ഫാസിസത്തിന് ബീജാവാപം ചെയ്ത സാമൂഹ്യ സങ്കീർണതകളും അതേ ആവൃത്തിയിലല്ലെങ്കിലും ഇന്ത്യയിലും സാന്നിധ്യം തെളിയിക്കുന്നുണ്ട്. മുതലാളിത്ത വൈരുധ്യത്തിന്റെ പുതിയ ഘട്ടവും അത് മധ്യവർഗങ്ങളിലും അധോവർഗങ്ങളിലും സൃഷ്ടിച്ച വിഭ്രാന്തിയും ഫാസിസത്തിന്റെ ശക്തിയായിരുന്നു. ഓട്ടോ ബോവറിന്റെ ശ്രദ്ധേയമായ നിരീക്ഷണം മൂന്ന് പരസ്പരബന്ധിതമായ കാരണങ്ങളും ഫാസിസത്തിന്റെ ആവിർഭാവത്തിലേക്ക് വഴിതെളിച്ചതായി പറയുന്നുണ്ട്:

i) ഒന്നാംലോക മഹായുദ്ധം ഒട്ടുവളരെപേരെ ബൂർഷ്വാ ജീവിതത്തിൽ നിന്ന് പുറന്തള്ളി. ഈ വിഭാഗങ്ങളും യുദ്ധാനന്തരം സൈനിക സേവന്മേധിപത്യ താൽപര്യങ്ങളും ജനാധിപത്യവിരുദ്ധ പ്രത്യയശാസ്ത്രകാരരുമായി ചേർന് 'പ്രതിരോധസേനകളും' രൂപീകരിച്ചു.

ii) യുദ്ധാനന്തര സാമ്പത്തികക്കുഴപ്പം വിതച്ച സന്ദിഗ്ധാവസ്ഥ കർഷകരടക്കമുള്ള അധഃസ്ഥിതരെ ബൂർഷ്വാ ജനാധിപത്യ പ്രസ്ഥാനങ്ങളിൽ നിന്ന് അകലാൻ നിർബന്ധിതരാക്കി.

iii) സാമ്പത്തിക പ്രതിസന്ധി മുതലാളിവർഗത്തിന്റെ ലാഭവിഹിതത്തിൽ ചോർച്ചയുണ്ടാക്കുമോ എന്ന സന്ദേഹം അവരെ ചൂഷണം ശക്തമാക്കുന്നതിനും തൊഴിലാളികളുടെ ചെത്തുനിൽപ് നിർവീര്യമാക്കുന്നതിനും ജനാധിപത്യവിരുദ്ധ സമീപനങ്ങളിൽ ശ്രദ്ധയൂന്നുന്നതിനും പ്രേരിപ്പിച്ചു.

സങ്കീർണമായ രാഷ്ട്രീയ-സാമ്പത്തിക സാഹചര്യങ്ങളും ഇടതുപക്ഷ മുന്നേറങ്ങളിലേക്ക് മാത്രമല്ല, വലതുപക്ഷ രാഷ്ട്രീയ ഉയിർത്തെഴുന്നേൽപുകളിലേക്കും നടന്നടുക്കുമെന്ന് ഫാസിസത്തെക്കുറിച്ചുള്ള പഠനങ്ങളും വിരൽചൂണ്ടുന്നുണ്ട്. 1931 ഫെബ്രുവരിയിൽ ജർമനിയിലെ തൊഴിലില്ലായ്മ 50 ലക്ഷമായിരുന്നത് 1932 ഫെബ്രുവരിയിൽ 60 ലക്ഷമായി കുതിച്ചുയർന്നു. ഈ കാലയളവിൽ നാസി പാർടിയുടെ പിന്തുണയിലും ഗണ്യമായ വർധനയുണ്ടായി.

ഫാസിസത്തിന്റെ ഇന്ത്യൻ പ്രതിരൂപമാണ് ആർ എസ് എസ് എന്നും ഹിറ്റ്ലറുടെ സാമൂഹ്യവീക്ഷണമാണ് ഇവരുടേതെന്നുമുള്ളത് അതിരുകടന്ന പ്രസ്താവമായി ചിലരെങ്കിലും കാണുന്നുണ്ട്. ഇന്ത്യ ഒരു ജനാധിപത്യരാഷ്ട്രമാണെന്നും ആർ എസ് എസ് സംഘപരിവാറിന്റെ കുടക്കീഴിൽ പാർലമെന്ററി രാഷ്ട്രീയം കൈകാര്യം ചെയ്യുന്ന ശക്തിയാണെന്നുമാണ് ഈ വാദത്തിന്റെ വക്താക്കൾ ഉന്നയിക്കുന്ന അടിസ്ഥാനപ്രശ്നം.

ഹിറ്റ്ലറും നാസി പാർടിയും ജർമനിയിൽ വേരുറപ്പിച്ചതും തെരഞ്ഞെടുപ്പിലൂടെയാണ്. എല്ലാ തെരഞ്ഞെടുപ്പുകൾക്കും അന്ത്യം കുറിക്കുന്ന അവസാനത്തെ തെരഞ്ഞെടുപ്പിലാണ് ആർ എസ് എസിന് നോട്ടം. 1928 ൽ റൈസ്താഖ് (ജർമൻ പാർലമെന്റ്) ലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ നാസി പാർടിക്ക് 12 സീറ്റ് മാത്രമായിരുന്നു. 1932 ജൂലായിൽ നടന്ന തെരഞ്ഞെടുപ്പിൽ നാസി പാർടി 230 സീറ്റോടെ ഏറ്റവും വലിയ ഒറ്റകക്ഷിയായി; 37.4 ശതമാനം വോട്ടോടെ. 1933 മാർച് അഞ്ചിന്റെ വിധിയെഴുത്തിൽ ഹിറ്റ്ലറുടെ പാർടി 44 ശതമാനം വോട്ട് നേടി. തുടർന് രണ്ട് മാസത്തിനുള്ളിൽ ട്രേഡ് യൂണിയനുകളെ നിരോധിക്കുകയും ജർമനി ഏകപാർടി രാഷ്ട്രമായി പ്രഖ്യാപിക്കപ്പെടുകയും ചെയ്തു. തുടർന് പാർലമെന്റ് റബർസ്റ്റാമ്പായി. തെരഞ്ഞെടുപ്പുകളോ പാർലമെന്ററി സംവിധാനമോ ഫാസിസത്തിന്റെ വരവിനെ ചെറുക്കുമെന്ന് കരുതുന്നത് മൗഢ്യമാണ്.

നാസിസം കുത്തകകളുടെ സാമ്പത്തിക താൽപര്യത്തിന് ഏറ്റവും ഫലപ്രദമായ കവചങ്ങളിലൊന്നാണെന്ന് ജർമൻ അനുഭവം തെളിയിച്ചു. 1920 കളുടെ ആദ്യപാദത്തിൽ അനിശ്ചിതത്വത്തിലായ ജർമൻ മുതലാളിത്ത ഭരണകൂടത്തിന്റെ പ്രതിസന്ധി പരിശോധിച്ചാൽ ഇക്കാര്യം വ്യക്തമാകും. കുത്തകകളും സൈനികത്തലവന്മാരും തങ്ങളുടെ രക്ഷകരായി ഫാസിസ്റ്റ് തേതൃത്വത്തെ പ്രതീക്ഷിച്ചു. ജനലക്ഷങ്ങളെ കൊലചെയ്യുന്നതിന് ലാഭത്തിന്റെ നിരക്കു

മായി തുലനംചെയ്തത് അംഗീകാരം ലഭിച്ചുവെന്നാണ് ഏണസ്റ്റ് ഹെൻറി എഴുതിയത്. [3]

സമാഹരിക്കപ്പെട്ട അക്രമാസക്ത മൂലധനത്തിനുമാത്രമേ ഫാസിസ്റ്റ് രീതികൾക്ക് തുടക്കമിടാനാകൂ എന്ന് കണ്ട തിസൻസ്, കിർഡോർഫ്സ്, കെപ്ലേർസ് തുടങ്ങിയ വ്യാവസായിക ഭീമന്മാർ രംഗത്തെത്തി. പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനത്തിൽ തന്നെ ജർമൻ കുത്തകകൾ യൂറോപ്പ് മുഴുവനും കീഴടക്കാനുള്ള പദ്ധതികളിട്ടിരുന്നു.

ജർമനിയിൽ ഫാസിസത്തിന്റെ ധൃതഗതിയിലുള്ള വളർച്ചയെ തുടർന്ന് തിസൻസിന്റെ എക്സിക്യൂട്ടീവ് ഡയറക്ടർമാരായ തിസൻ, വോഗ്ലർ എന്നിവർ 1927-ൽ റോമിൽ മുസോളിനിയെ ചെന്നുകണ്ടു. അതേവർഷം തന്നെ തിസൻ നാസിപാർടിയിൽ ചേർന്ന് അതിന്റെ മുഖ്യ രക്ഷാധികാരിയായി. 1929-ൽ ഹിറ്റ്ലറെ സ്റ്റീൽട്രസ്റ്റ് ആസ്ഥാനമായ ഡസെൽഡോർഫിൽ ക്ഷണിച്ചുവരുത്തി 300 വമ്പൻ വ്യവസായികളുമായി ബന്ധപ്പെടുത്തിയത് തിസനായിരുന്നു. ഹിറ്റ്ലറും രണ്ടായിരം ജർമൻ വ്യവസായ ഭീമന്മാരുമായുള്ള 1932-ലെ കൂടിക്കാഴ്ചക്ക് വഴിയൊരുക്കിയതും തിസൻതന്നെ. നാസി തെരഞ്ഞെടുപ്പ് ഫണ്ടിലേക്ക് വൻതുകകൊടുക്കാൻ ജർമൻകുത്തകകളെ നിർബന്ധിക്കുന്ന തീരുമാനമെടുപ്പിക്കാനും അയാൾക്ക് കഴിഞ്ഞു. 1932-ലെ പ്രസിഡൻറ് തെരഞ്ഞെടുപ്പിൽ തിസൻ നാസികൾക്ക് 30 ലക്ഷം മാർക് സംഭാവന നൽകി. ഹിറ്റ്ലർ പ്രതിസന്ധികൾ അഭിമുഖീകരിച്ചപ്പോഴെല്ലാം തിസനെപ്പോലുള്ള വ്യാവസായിക കുത്തകകൾ തുണക്കെത്തുമായിരുന്നു. തുടർന് ജർമനിയിലെ മുഴുവൻ ഉരുക്ക് ട്രസ്റ്റും തിസൻ ഗ്രൂപ്പിന് കൈമാറപ്പെട്ടു.

പടിഞ്ഞാറൻ ജർമനിയിലെ ഏറ്റവും ധനികനായി അറിയപ്പെട്ടിരുന്ന ഫ്രെഡറിക് കാൾ ഫ്ളിക്കും ഹിറ്റ്ലറും തമ്മിലുള്ള ബന്ധവും വിവാദപരമായിരുന്നു. ഹിറ്റ്ലർ അധികാരത്തിലെത്തിയപ്പോഴാണ് ഫ്ളിക് ഫാസിസ്റ്റാകുന്നത്. 1933 മാർച്ചിൽ ഫ്ളിക് നാസിഫണ്ടിലേക്ക് 200000

മാർക്ക് സംഭാവന ചെയ്തു. 1933 നും 1945 നുമിടക്ക് ഫ്ളിക് ഫാസിസ്റ്റുകളുടെ ഫണ്ടിലേക്ക് വാരിക്കൊടുത്ത തുകയാകട്ടെ 7650 ആയിരം മാർകിലധികമാണ്. ഇതിന് പ്രത്യുപകാരമെന്ന നിലയിൽ നാസി കോൺസെൻട്രേഷൻ ക്യാമ്പുകളിലെ 45000 യുദ്ധത്തടവുകാരെ ഫ്ളികിന് ലഭ്യമാക്കി. ഹിറ്റ്ലറുടെ സൗഹൃദയവലയത്തിനുള്ളിൽ ഐ ജി ഫാർബെൻഡസ്ട്രി എന്ന ജർമൻ രാസവള കുത്തക യുമുൾപെടുന്നു.

ഈ ഉദാഹരണങ്ങൾ വ്യാവസായിക കുത്തകകളുടെ മൂല ധനതാൽപര്യവും ഫാസിസവും തമ്മിലുള്ള അഭേദ്യമായ ബന്ധത്തെ സംശയരഹിതമായി അടിവരയിടുന്നുണ്ട്. കഴിഞ്ഞ പാർലമെൻറ് തെരഞ്ഞെടുപ്പിന് മുമ്പ് ഇന്ത്യൻ വ്യാവസായിക കുത്തകകൾ ആർ എസ് എസിനുവേണ്ടി കോടികളാണ് ചെലവിട്ടത്. കോൺഗ്രസിനെപ്പോലെ തങ്ങ ളുടെ സാമ്പത്തിക താൽപര്യങ്ങൾ പ്രതിനിധാനം ചെയ്യാൻ ആർ എസ് എസും സുസജ്ജമാണെന്ന് അവരറിഞ്ഞു. ആർ എസ് എസിന്റെ 'സ്വദേശി' മുദ്രാവാക്യംപോലും ദേശീയ കുത്തകകളെ പ്രീണിപ്പിക്കാനുദ്ദേശിച്ചുകൊണ്ടുള്ള തായിരുന്നുവെന്ന് ചില പംക്തികാരന്മാർ അന്നുതന്നെ പറഞ്ഞിരുന്നു. തൊഴിലാളികളുടെ ചെറുത്തുനിൽപിനെ ചോരയിൽ മുക്കിക്കൊല്ലാൻ സമരമുഖത്തേക്ക് വെടിയുതിർ ത്ത് നിരവധിപേരെ കൊന്ന ഉത്തർപ്രദേശിലെ ഭല്ലാ സിമൻറ് ഫാക്ടറിയുടെ ഉടമ ആർ എസ് എസ് നേതാവ് ഹരി കൃഷ്ണ ഡാൽമിയയാണെന്നത് യാദൃച്ഛികമല്ല. ടെലി വിഷൻ പരമ്പരയിലെ രാമനും സീതയും വോട്ട് പിടിക്കാ നിറങ്ങിയതുപോലെ ഹിന്ദുവികാരത്തെ മൃദുലമായി തലോ ടിക്കൊണ്ട് വ്യാവസായിക താൽപര്യം ഭദ്രമാക്കാനുള്ള ഗോ ദ്റെജ് കുത്തകകളുടെ ഗംഗാസോപ്പും ചൂഷണത്തിന്റെ പുത്തൻ രീതി തന്നെയാണ്. വിശ്വാസത്തെ കുത്തകകളുടെ ബാങ്ക് ബാലൻസാക്കി രൂപപ്പെടുത്തുന്ന ഫാസിസ്റ്റ് പരസ്യ തന്ത്രമാണിതിന് പിന്നിൽ.

ബിർളയുടെ 48 കോടി കുടിശിക മധ്യപ്രദേശ് ബി ജെ പി ഗവൺമെൻറ് എഴുതിത്തള്ളിയത് നിസാരമല്ല.

ബഹുരാഷ്ട്ര കുത്തകകളുടെ ക്ഷണിതാക്കളായി രഥയാത്രക്കുശേഷം ആർ എസ് എസ് നേതാക്കൾ അമേരിക്കയിൽ സന്ദർശനം നടത്തിയത് വിവാദമായിരുന്നു. ഇന്ത്യയിൽ നിക്ഷേപം നടത്തുന്നതിൽ തടസങ്ങളെല്ലാം ഒഴിവാക്കിക്കൊടുക്കാൻ തങ്ങൾ പ്രതിജ്ഞാബദ്ധമാണെന്നും ആർ എസ് എസ് നേതാക്കൾ സാർവദേശീയ ഭീമന്മാർക് അന്നുറപ്പ് കൊടുത്തു. രാജ്യമാകെ ഉഴുതുമറിച്ചുകൊണ്ട് വർഗീയരഥം ഉരുണ്ടുകൊണ്ടിരിക്കുമ്പോൾതന്നെ ആർ എസ് എസ് നേതാക്കൾ ബോംബെയിൽ ബിർള ഒരുക്കിയ അത്താഴ വിരുന്നിൽ കൊച്ചുവർത്തമാനം പറഞ്ഞ് രസിക്കുകയായിരുന്നു. ആർ എസ് എസിന്റെ പല രഹസ്യ യോഗങ്ങളിലും ഇന്ത്യൻ വ്യാവസായിക കുത്തകകളുടെ പ്രതിനിധികൾ സ്ഥിരം സന്ദർശകരാണെന്നത് ഈ പശ്ചാത്തലത്തിൽ ആരെയും അദ്ഭുതപ്പെടുത്തില്ല.

നേതൃരൂപങ്ങളെയും അതിന് പൗരസമൂഹത്തിൽ ചെലുത്താൻ കഴിയുന്ന സ്വാധീനങ്ങളെയുംകുറിച്ച് ഫാസിസ്റ്റുകൾ പിന്തുടർന്ന ധാരണകൾ തന്നെയാണ് ആർ എസ് എസ് ഇന്ത്യയിൽ പരീക്ഷിക്കുന്നത്. അടൽ ബിഹാരിവാജ്പേയ് 1990-കളിലെ അഡോൾഫ് ഹിറ്റ്ലറായി പ്രതിഷ്ഠിക്കുന്നത് നിസാരമല്ല. തൊഴിലില്ലാത്തവരെയും അധോതല മധ്യവർഗത്തെയും അതിസാഹസികന്മാരെയും ചിത്തഭ്രമതുല്യമായ ആവേശത്തിലേക്ക് തള്ളിവിടുന്ന മാസ്മരപ്രഭയായിരുന്നു ഹിറ്റ്ലറുടെ വാക്ചാതുരി. ഈ രീതിയിലാണ് ഉമാഭാരതിയും സാധ്വി ഋതാംബരയും ആർ എസ് എസ് യോഗങ്ങളിൽ പ്രത്യക്ഷപ്പെടുന്നത്. എഴുതപ്പെടുന്ന വാക്കുകൾക് ഉച്ചരിക്കപ്പെടുന്ന വാക്കുകളെക്കാൾ പരിമിതമായ നിലയിലെ ജനങ്ങളെ വശീകരിക്കാനാവും. ലോകത്തിലെ എല്ലാ മഹത്തായ പ്രസ്ഥാനങ്ങളും വളർന്നുവന്നത് പ്രഗദ്ഭരായ പ്രാസംഗികരെ ആശ്രയിച്ചാണ്. മറിച്ച് എഴുത്തുകാരെക്കൊണ്ടല്ലെന്ന *മെയ്ൻ കാംഫി*ലെ ഹിറ്റ്ലറുടെ തിരിച്ചറിവ് എല്ലാ ഫാസിസ്റ്റുകളുടെയും മാസ് അപ്പീലിങ്ങിനുള്ള പ്രാഥമിക പാഠമാണ്.

ഉച്ചരിക്കപ്പെടുന്ന വാക്കുകളുടെ മാസ്മരിക ശക്തി ഹിറ്റ്ലർ രൂചിച്ചറിഞ്ഞിരുന്നുവെന്നതിന്റെ നിദർശനമാണീ വാക്കുകൾ. ഹിറ്റ്ലറുടെ ജീവചരിത്രകാരരിലൊരാളായ ജോചിം സി ഫെസ്റ്റ് പറഞ്ഞത്, ഹിറ്റ്ലർ ശ്രോതാക്കളെ വികാര പാരവശ്യത്തിനടിപ്പെടുത്തുമെന്നാണ്. സുപ്രസിദ്ധ ഫാസിസ്റ്റ് വിരുദ്ധ എഴുത്തുകാരൻ റെനെ ഷിക്കൽ ഹിറ്റ്ലറുടെ വാക്ചാതുരിയെ ഒന്നുകൂടി കടന്ന് 'ലൈംഗികവധം' എന്നാണ് വിശേഷിപ്പിച്ചത്. ഹിറ്റ്ലർ ശ്രോതാക്കളെ തികഞ്ഞ അവജ്ഞയോടെയാണ് പരിഗണിച്ചത്. ആർ എസ് എസ് നേതാക്കളുടെ പ്രകോപന പ്രസംഗങ്ങളെല്ലാം ഹിറ്റ്ലറുടെ പ്രഭാഷണങ്ങളെയാണ് ഇന്ന് ഓർമപ്പെടുത്തുന്നത്.

ആർ എസ് എസ് പ്രത്യയശാസ്ത്രകാരന്മാർ ഉദ്ബോധിപ്പിക്കുന്ന അച്ചടക്കം കീഴടങ്ങലിനേറെതാണ്. മുടി മുറിച്ച് വെടിപ്പാക്കി പട്ടാളച്ചിട്ടയിൽ അനുയായികളെ അണിനിരത്തുന്നതിൽ രാഷ്ട്രീയ ഷണ്ഡീകരണത്തിന്റെ ആശയത്തോടൊപ്പം മാനസിക ദാസ്യത്തിന്റെ അർഥങ്ങളുമുണ്ട്. 1934 മുതൽ ഹിറ്റ്ലർ ഫറർ (Fuhrer) എന്ന പേരിലാണറിയപ്പെടാനാഗ്രഹിച്ചത്. ആർ എസ് എസ് പരിവാരത്തിലെ സംഘചാലക്, ഗുരുജി, തുടങ്ങി കർസേവകർ വരെയുള്ള വിളിപ്പേരുകളെല്ലാം ഫാസിസ്റ്റ് ചുവയുള്ളവയാണ്. വിധേയത്വത്തിന്റെ പ്രത്യയശാസ്ത്ര ദൗത്യമാണ് ഈ സംബോധനാ രൂപങ്ങളിലൂടെ സാധിച്ചെടുക്കുന്നത്.

ഹിറ്റ്ലറുടെ ആത്മകഥയും ഫാസിസ്റ്റുകളുടെ പ്രായോഗിക പദ്ധതികളുടെ രൂപരേഖയുമായ *മെയ്ൻ കാംഫും* ആർ എസ് എസ് നേതാവ് എം എസ് ഗോൾവാൾകറുടെ *വിചാരധാര* (Bunch of Thoughts) യും ഒരേ രീതിശാസ്ത്രമാണ് പങ്കിടുന്നത്. ഹിറ്റ്ലറുടെ ഫാസിസ്റ്റ് ജർമനിയെ പ്രകീർതിക്കാൻ ടോജോയും മുസോളിനിയും മാത്രമായിരുന്നില്ല ആവേശഭരിതരായത്. നാസി മാതൃക ഗോൾവാൾകറെ ആവേശപരവശനാക്കുന്നുണ്ട്. ഗോൾവാൾകറുടെയും ആർ എസ് എസിന്റെയും ഹിന്ദുത്വ പ്രത്യയ

ശാസ്ത്രത്തിന്റെ അടിത്തറപോലും ഒരുപക്ഷെ, അതായിരിക്കാം. ഗോൾവാൾക്കർ പറയുന്നു:

> .....ഇന്ന് ലോകം ശ്രദ്ധിക്കുന്ന രാഷ്ട്രമാണ് ജർമനി. ഈ രാഷ്ട്രം ലക്ഷണമൊത്ത ദൃഷ്ടാന്തമാണ് .....വംശത്തിന്റെയും സംസ്കാരത്തിന്റെയും വിശുദ്ധി നിലനിർത്താൻ ലോകത്തെ ഞെട്ടിച്ചുകൊണ്ട്, ജർമനി സെമറിക് വിഭാഗക്കാരെ—ജൂതന്മാരെ—പുറത്താക്കി. വംശാഭിമാനം അതിന്റെ ഉച്ചകോടിയിൽ എത്തുന്ന കാഴ്ചയാണ് ഇവിടെ ദൃശ്യമാകുന്നത്. അടിസ്ഥാനപരമായി തന്നെ വ്യത്യസ്തമായ വംശങ്ങൾക്കും സംസ്കാരങ്ങൾക്കും ഒന്നായി വർത്തിക്കാൻ കഴിയില്ലെന്ന വസ്തുതയാണ് ജർമനി കാണിച്ചുതരുന്നത്. ഹിന്ദുസ്ഥാന് ഇതിൽനിന്ന് നല്ലൊരു പാഠം പഠിക്കാനുണ്ട്.

'ഹിന്ദുരാഷ്ട്രമെന്ന അമ്മദേവിയുടെ പാദങ്ങളിൽ സമർപിക്കുകയാണെ'ന്ന മുഖവുരയോടെ എഴുതിയ *വിഓർ ഔർ നേഷൻ ഗുഡ് ഡിഫൈൻഡ്* എന്ന ഗോൾവാൾക്കർ കൃതി, ഹിന്ദുദേശീയത സംബന്ധിച്ച ആർ എസ് എസ് നിലപാടിന്റെ ആധികാരിക വിളംബരമാണ്. ജൂതന്മാർക്കും വംശീയ ന്യൂനപക്ഷങ്ങൾക്കുമെതിരായി *മെയ്ൻ കാംഫ്* തുപ്പുന്ന വിദ്വേഷത്തിന്റെ നുര അതിലുമുണ്ട്. 'നാം ഹിന്ദുക്കളും' മുസ്ലിങ്ങളും ബ്രിട്ടീഷുകാരും എക്കാലത്തും ത്രികോണയുദ്ധത്തിലായിരുന്നുവെന്ന് പറയുന്ന ഗോൾവാൾകറുടെ ഹിറ്റ്ലേറിയൻ ഉപദേശത്തിന്റെ ഭാവം ശ്രദ്ധിക്കുക:

> ....വിദേശശക്തികൾക് മുന്നിൽ രണ്ട് പോംവഴികളേയുള്ളു. ഒന്നുകിൽ അവർ ദേശീയജനതയുടെ സംസ്കാരം സ്വീകരിച്ച് പൊതുധാരയിൽ ലയിച്ചു ചേരുക, അല്ലെങ്കിൽ അവർ ദേശീയ ജനതയുടെ കാരുണ്യത്തിൻകീഴിൽ കഴിയുക....

ആർ എസ് എസ് ബ്രാൻറിലുള്ള ദേശീയതയെക്കുറിച്ച് ഒരു ഫാസിസ്റ്റിന്റെ കാർകശ്യത്തോടെ ഗോൾവാൾകർ ആവേശം കൊള്ളുന്നു:

....ഹിന്ദുരാഷ്ട്രത്തെ ഇന്നത്തെ മയക്കത്തിൽനിന്ന് മോചിപ്പിക്കാനും പുനർനിർമിക്കാനും പുനരുജ്ജീവിപ്പിക്കാനും ഉന്നംവെച്ചുകൊണ്ടുള്ള പ്രസ്ഥാനങ്ങളെ മാത്രമേ യഥാർഥ ദേശീയ പ്രസ്ഥാനമാകുകയുള്ളൂ. ഹിന്ദുവംശത്തെയും രാഷ്ട്രത്തെയും വാഴ്ത്താനുള്ള അഭിലാഷം ഹൃദയത്തിൽ പ്രതിഷ്ഠിക്കുന്നവരും ആ ലക്ഷ്യത്തിൽ പ്രചോദിതരും അത് നേടിയെടുക്കുന്നതിനുവേണ്ടി യത്നിക്കുന്നവരും മാത്രമാണ് ദേശീയവാദികളായ ദേശഭക്തന്മാർ. മറ്റുള്ളവരെല്ലാം ഒന്നുകിൽ വഞ്ചകരും ദേശീയ ലക്ഷ്യത്തിന്റെ ശത്രുക്കളുമാണ്.അല്ലെങ്കിൽ മിതമായി പറഞ്ഞാൽ മഠയന്മാരാണ്.

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽനിന്ന് ആർ എസ്എസ് ഒഴിഞ്ഞുനിന്നതിനുള്ള ന്യായീകരണമായി ഈ ഉദ്ധരണിയെ ഒരുപക്ഷെ അവർ ഉപയോഗിക്കുമായിരിക്കാം,

നുണപ്രചാരണങ്ങളിലൂടെ വിപുലമാക്കപ്പെട്ട 'ഹിന്ദുത്വ'മെന്ന സങ്കൽപം നാസി പ്രത്യയശാസ്ത്ര മോഡലിലാണ് വിഭാവനം ചെയ്യപ്പെട്ടിരിക്കുന്നത്. നീതിക്കുവേണ്ടി വാദിക്കുകയും പ്രവൃത്തിയാൽ അതിൽനിന്ന് ഏറെ അകലം പുലർത്തുകയുമെന്നത് ഫാസിസ്റ്റ് രീതിയിലാണ്. രാമജന്മഭൂമിയെക്കുറിച്ച് ആർ എസ് എസ് അഴിച്ചുവിട്ട നുണപ്രചാരണങ്ങളും അസത്യങ്ങളും ഫാസിസ്റ്റ് പ്രചാരണത്തെ ഓർമപ്പെടുത്തുന്നതാണ് രാമൻ ഇന്നിടത്ത് ജനിച്ചുവെന്നത് വസ്തുതയുടെ പ്രശ്നമായിട്ടും അത് വിശ്വാസത്തിന്റെ പ്രശ്നമാണെന്നാണ് ആർ എസ് എസ് പ്രചരിപ്പിക്കുന്നത്. തീരുമാനങ്ങളിലെയും പ്രഖ്യാപനങ്ങളിലെയും സ്വേച്ഛാധിപത്യ രൂപാന്തരം താഴെകൊടുക്കുന്ന രണ്ട് പ്രസ്താവങ്ങൾ വ്യക്തമാക്കുന്നു;

1) .....രാമനെ ഒരവതാരമായി കാണുന്നവരുണ്ട്, വീരപുരുഷനും യോദ്ധാവുമായി ആരാധിക്കുന്നവരുണ്ട്. എന്നാൽ നാമെല്ലാവരും ശ്രീരാമനെ നമ്മുടെ വംശത്തിന്റെ ഏറ്റവും മഹാനായ പ്രതിപുരുഷനായി സ്നേഹിക്കുന്നുവെന്നതിൽ സംശയമില്ല.... (വി ഡി സവർകർ 1932).

2) ....മുസ്‌ലിങ്ങളെ രാമന്റെ തങ്ങളുടെ വീരപുരുഷനായി അംഗീകരിക്കാൻ തയ്യാറായാൽ അതോടെ എല്ലാ വർഗീയ പ്രശ്നങ്ങളും അവസാനിക്കും.... (ഓർഗനൈസർ 1971 ജൂൺ 20.)

അന്യമതങ്ങളുടെ വ്യക്തിത്വം അംഗീകരിക്കാനോ പരിഗണിക്കാനോ ആർ എസ് എസ് തയ്യാറല്ല. ഹിറ്റ്‌ലർ ജൂതന്മാരെക്കുറിച്ച് പറഞ്ഞതുപോലെ, ഗോൾവാൾക്കർ പറയുന്നു:

....ഭിന്നതകളെ ഉപേക്ഷിച്ച് രാഷ്ട്രത്തിന്റെ മതവും സംസ്കാരവും ഭാഷയും സ്വീകരിക്കുകയും ദേശീയ വംശത്തിൽ സ്വയം അലിഞ്ഞുചേരുകയും ചെയ്യാത്ത പക്ഷം അവർക്ക് ദേശീയ ജീവിതത്തിൽ സ്ഥാനമുണ്ടായിരിക്കില്ല. വംശീയവും മതപരവും സാംസ്കാരികവുമായ ഭിന്നത പുലർത്തുന്നിടത്തോളം അവർ വിദേശികളായി മാത്രമായിരിക്കും....

കായികസംഘടനയുടെ ആവശ്യം ആർ എസ് എസ് കടംകൊണ്ടത് ഹിറ്റ്‌ലറിൽനിന്ന് പ്രചോദനമുൾക്കൊണ്ടാണ്. ഗീത പഠിപ്പിച്ച് ഉണ്ടാക്കുന്നതിനേക്കാൾ ദൃഢമായ ഐക്യം ശാരീരിക പ്രദർശനത്തിലൂടെ സാധ്യമാകുമെന്നാണ് ആർ എസ് എസിന്റെ രീതി. വിദേശശക്തികളുടെ മുന്നിൽ ഇന്ത്യയുടെ തല കുനിയാൻ കാരണം കായിക പിന്നോക്കാവസ്ഥയാണെന്ന് ആർ എസ് എസ് ആവർത്തിക്കുന്നു. ഡ്രിൽഫാസിസ്റ്റിന്റെ അജണ്ടയിലെ പ്രധാന ഇനമാണ്. ഡ്രിൽ ചെയ്യിക്കുന്നതിലൂടെ മനുഷ്യനെ യന്ത്രമാക്കിമാറ്റാം എന്ന് ഏത് ഫാസിസ്റ്റിനുമറിയാം. അതുതന്നെയാണ് ആർ എസ് എസ് പിന്തുടരുന്നത്. കൂട്ടബോധവും ആത്മവിശ്വാസവും സൃഷ്ടിക്കാൻ കായികസംഘടനകൾക്ക് ശാരീരികചലനം അനിവാര്യമാണെന്ന ഫാസിസ്റ്റ് തിരിച്ചറിവാണ് ആർ എസ് എസിനെ നയിക്കുന്നത്. ട്രേഡ് യൂണിയനുകളെ ഫാസിസത്തിന്റെ വളർച്ചയിൽ ആവശ്യമാണെന്ന് ഹിറ്റ്‌ലർ ആത്മകഥയിൽ പറയുന്നുണ്ട്: പിന്നീടത് പിരിച്ചുവിടാമെന്നും. മുസോളിനിയും അങ്ങനെ ചെയ്തു. ആർ എസ് എസിന്റെ തൊഴിലാളി സംഘടനയായ

ബി എം എസ് മാനിഫെസ്റ്റോയെ സ്വാധീനിച്ചത് *മെയ്ൻ കാംഫി*ൽ ഹിറ്റ്ലർ ട്രേഡ് യൂണിയനുകളെക്കുറിച്ച് പറയുന്ന ഭാഗമാവാനിടയുണ്ട്.

രണ്ട് വർഗങ്ങൾ തമ്മിലുള്ള സങ്കരം അല്ലെങ്കിൽ രണ്ട് ജാതിയിൽപെട്ട ആളുകൾ തമ്മിലുള്ള സഹവാസവും സഹവർതിത്വവുമാണ് വരാനിരിക്കുന്ന ഏറ്റവും വലിയ വിപത്ത് എന്ന അഥോറിറ്റേറിയൻ ആശയം ഫാസിസത്തിനേറ്റത്. യഹൂദന്മാരുടെ രക്തം കലർന്നതുകൊണ്ടാണ് ആര്യജനത അധഃപതിച്ചത് എന്നാണ് ഹിറ്റ്ലർ പറഞ്ഞത്. ആർ എസ് എസ് *ഗീത*യും *മനു*വും ഉദ്ധരിച്ച് ആവർത്തിക്കുന്നതും ആര്യജനവിഭാഗത്തിന്റെ അധഃപതനത്തിന് കാരണം വർണ സങ്കരമാണെന്നാണ്. ഇന്ത്യയിൽ ഹിന്ദുക്കളെന്ന് വിളിക്കപ്പെടാത്തവരെല്ലാം അന്യരാണെന്ന് വരുത്താനാണ് ശ്രമം.

മറ്റ് മതങ്ങളുടെ രാഷ്ട്രീയ സാംസ്കാരിക സംഭാവനകളെ നിരാകരിക്കുന്ന ആർ എസ് എസ് സമീപനം ജൂതന്മാരെ 'വാനരന്മാരുടെ അനുകരണ'മെന്ന് മാത്രം വിളിക്കുന്ന ഹിറ്റ്ലറുടെ സമീപനത്തിൽ നിന്ന് വലിയ അകലം പുലർത്തുന്നില്ല. 'നുണകളുടെ യജമാനന്മാർ' എന്ന് ഹിറ്റ്ലർ ജൂതന്മാരെ വിളിക്കുമ്പോൾ *വിചാരധാര*യിൽ മതന്യൂനപക്ഷങ്ങൾ വിവരിക്കപ്പെടുന്നത്, ഹിറ്റ്ലറുടെ സമീപനത്തിന്റെ ഭാഷാന്തരം കടമെടുത്തുകൊണ്ടാണ്.

ഹിറ്റ്ലർ ജൂതൻമാർക്കെതിരെ തുറന്നുവിട്ട അസത്യ പ്രചാരണത്തിന്റെ മറ്റൊരു മുഖമാണ് ആർ എസ് എസ് നടത്തുന്ന ന്യൂനപക്ഷ വിരുദ്ധ കുരിശുയുദ്ധം. ഫാസിസ്റ്റ് സിദ്ധാന്തത്തിന്റെ തന്ത്രങ്ങളിലൊന്ന് നുണ പ്രചാരണമാണ്. ഹിറ്റ്ലർക്ക് നുണപ്രചാരണത്തിന് ജോസഫ് ഗീബൽസിന്റെ നേതൃത്വത്തിൽ പ്രചാരണ വിഭാഗമുണ്ടായിരുന്നു. ആർ എസ് എസ് വിവിധ അനുബന്ധ സംഘടനകളിലൂടെയാണ് ഈ കൃത്യം നിറവേറ്റുന്നത്. ''നുണകൾ പറയുമ്പോൾ നാണംകെട്ട നിലയിൽ പറയുക, ചെറിയ നുണകളേക്കാൾ ജനങ്ങൾ എളുപ്പം വിശ്വസിക്കുക

വമ്പൻ നുണകളാണ്''' എന്ന ഹിറ്റ്ലറുടെ സാരോപദേശം ആർ എസ് എസ് നേതാക്കളെ ആവേശിച്ചിരിക്കുന്നതായി കാണാം.

ആർ എസ് എസ് ന്യൂനപക്ഷ ജനവിഭാഗങ്ങൾക്കെതിരെ പ്രചരിപ്പിക്കുന്ന വിഷം വമിക്കുന്ന നുണകൾക് അടിസ്ഥാനം ഭൂരിപക്ഷത്തിന്റെ ആഗ്രഹാഭിലാഷങ്ങൾക് ന്യൂനപക്ഷം കീഴ്പെട്ടുകൊള്ളണമെന്ന ഭീഷണിയാണ്. ഉയർന്ന ഉദ്യോഗങ്ങളിലെല്ലാം മുസ്ലിം തള്ളിക്കയറ്റമാണെന്നാണ് ആർ എസ് എസ് പ്രചാരണം. എന്നാൽ ക്ലാസ്-ഒന്ന് ആപ്പീസർമാരിൽ മുസ്ലിങ്ങളുടെ അനുപാതം 1.6ശതമാനം മാത്രമാണ്. മറെറാരു പ്രചാരണം മുസ്ലിങ്ങൾ കൂടുംബാസൂത്രണ പരിപാടിയുമായി സഹകരിക്കാതെ അനിയന്ത്രിതമായി സന്താനോൽപാദനത്തിന് തുനിയുന്നുവെന്നാണ്. മുസ്ലിങ്ങളിൽ ബഹുഭാര്യാത്വം അപകടകരമായി വളരുന്നുണ്ടെന്നും അവർ പറയുന്നു. യഥാർഥത്തിൽ ഔദ്യോഗിക പഠനങ്ങൾ കാണിക്കുന്നത്, ബഹുഭാര്യാത്വം മുസ്ലിങ്ങൾക്കിടയിൽ ഹിന്ദുക്കളേക്കാൾ കുറവാണെന്നാണ്.

മുസ്ലിങ്ങൾക്കിടയിലെ പിന്നോക്കാവസ്ഥക് കാരണം സാമ്പത്തികമാണെന്ന വസ്തുത മറച്ചുപിടിച്ച് മതപരമായ പ്രത്യേകതയാണ് അതിന് നിദാനമെന്ന് ആർ എസ് എസ് പ്രചരിപ്പിക്കുന്നു. മുസ്ലിം ജനസംഖ്യ വർധിപ്പിക്കാൻ അവർ ബോധപൂർവം ശ്രമിക്കുന്നതായും ഇതൊരു ആഗോള ഗൂഢാലോചനയുടെ ഭാഗമായും ആർ എസ് എസ് ജിഹ്വകൾ ആവർത്തിക്കുന്നു. മുസ്ലിങ്ങൾക്കിടയിൽ കുടുംബാസൂത്രണബോധത്തിന്റെ കുറവിന് കാരണം മതപരമല്ലെന്നും അത് ദാരിദ്ര്യവും നിരക്ഷരതയും മൂലമാണെന്നും വിദഗ്ധ പഠനങ്ങൾ വരച്ചുകാട്ടിയിട്ടുണ്ട്.

വർഗീയ കലാപങ്ങളിൽ ഏറ്റവുമധികം നാശനഷ്ടങ്ങൾ സഹിക്കേണ്ടിവരുന്നത് ന്യൂനപക്ഷ ജനവിഭാഗങ്ങൾ കാണെന്നത് ഹിന്ദുവർഗീയാനുകൂല അന്വേഷണറിപ്പോർടുകൾക് പോലും മറച്ചുവെക്കാനാവാത്ത സത്യമാണ്. ഹിന്ദുവർഗീയാക്രമണത്തിന് മറയിടാൻ ആർ എസ് എസ് ജമ്മു

കാശ്മീരിൽ മൂസ്ലിങ്ങളും നൂറുകണക്കിന് ക്ഷേത്രങ്ങളും തകർത്തതായി പറയാറുണ്ട്. ആർ എസ് എസ് തന്നെ നിയോഗിച്ച ബി ജി വർഗീസ് കമ്മിഷൻ സമർപിച്ച റിപ്പോർട് എത്തിച്ചേർന്ന നിഗമനം ഈ പ്രചാരണം ശുദ്ധ നുണയാണെന്നാണ്. എന്നാൽ 1986-ന്റെ ആദ്യനാളുകളിലുണ്ടായ വർഗീയാസ്വാസ്ഥ്യം ആനന്ദനാഗ് ജില്ലയിൽ ചില ക്ഷേത്രങ്ങൾക് പോറലേൽപിച്ചതായും റിപ്പോർട് പറഞ്ഞു. നിസാരകാര്യങ്ങളും ഊതിവീർപിച്ച് മുതലെടുക്കാനാണ് ആർ എസ് എസ് ശ്രമിക്കുന്നത്.

ജമ്മു-കാശ്മീരിന് പ്രത്യേക പദവി നൽകുന്ന ഭരണഘടനയുടെ 370-ാം വകുപ്പാണ് ആർ എസ് എസിന്റെ മറെറാരു ആക്രമണലക്ഷ്യം. 1951-53 കാലത്താണ് ഏറെറവും അക്രമാസക്തമായി ഈ പ്രചാരണം അവരേറെറടുത്തത്. കോൺസ്റിറ്റ്യുവൻറ് അസംബ്ലിയിൽ ഈ വകുപ്പിനനുകൂലമായി വോട്ട് ചെയ്ത ശ്യാമപ്രസാദ് മുഖർജിതന്നെയാണ് കാശ്മീരിന് പ്രത്യേക പരിഗണന നൽകുന്നുവെന്ന പ്രചാരണത്തിനിറങ്ങിയതെന്നത് ശ്രദ്ധേയമാണ്. ഭരണഘടനയുടെ 371, 371എ, 372ബി എന്നീ വകുപ്പുകളും കൂടി പരിശോധിക്കേണ്ടതുണ്ട് ഈ പശ്ചാത്തലത്തിൽ ആവശ്യമാകുന്നു. മഹാരാഷ്ട്ര, ഗുജറാത്ത്, നാഗാലാൻറ്, അസാം, മണിപ്പൂർ ആന്ധ്രാപ്രദേശ്, സിക്കിം, മിസോറാം, അരുണാചൽപ്രദേശ് എന്നിവക്കൊക്കെ ബാധകമായതാണീ വകുപ്പുകളും. ഭരണഘടനയുടെ പൊതുവായ ചില വകുപ്പുകളും ബാധകമാക്കുന്നതിൽ നിന്ന് അവയ്ക്ക് സംരക്ഷണം നൽകുന്നതാണിവ, സംസ്ഥാനത്ത് താമസക്കാരനല്ലാത്ത ഒരിന്ത്യക്കാരനും ജമ്മു-കാശ്മീരിൽ ഭൂമി വാങ്ങാനാവില്ലെന്നത് ന്യൂനപക്ഷ പ്രീണനമായി പറയുന്നവർ, അടുത്തയിടെ വരെ ബി ജെ പി ഭരണത്തിലിരുന്ന ഹിമാചൽപ്രദേശിലും ഈ നിയമം ഉണ്ടെന്നത് സൗകര്യപൂർവം വിസ്മരിക്കുന്നു.

ഫാസിസം അക്രമാസക്തമായ, അടിച്ചമർതലിന്റേതായ, അധഃസ്ഥിത വിരുദ്ധമായ സവർണ-സമ്പന്നാനുകൂലമായ പുരുഷമേധാവിത്വപരമായ പ്രത്യയശാസ്ത്ര

മാണ്. പുരുഷമേധാവിത്വ സമൂഹത്തിലാണ് ഹിറ്റ്ലറും മുസോളിനിയും ഉണ്ടായത്. സ്ത്രീ അമ്മ മാത്രമായിരിക്കണമെന്ന ഹിറ്റ്ലറുടെ ദർശനം പുരുഷമേധാവിത്വാശയത്തിൻറെതുതന്നെയാണ്. സ്ത്രീയെ ടാഗോർ അമ്മ, ഭാര്യ, മകൾ, അഭിസാരിക, നർതകി, ഗായിക എന്നീ രൂപങ്ങളിലെല്ലാം പരിഗണിക്കുന്നുണ്ടല്ലോ? സ്ത്രീ അമ്മയാണെന്ന് സുന്ദരമായ മുദ്രാവാക്യത്തിനുള്ളിൽ അപകടകരമായ പുരുഷമേധാവിത്വ സങ്കൽപം ഹിറ്റ്ലർ കയറ്റിവെക്കുന്നു. ആർ എസ് എസ് *മനു*വിൽനിന്ന് ഉദ്ധരണികൾ കാണിച്ച് ഇതേ നിലപാട് ആവർത്തിക്കുന്നു. ''ഒരു സ്ത്രീക്ക് വേദമന്ത്രങ്ങൾ ഉരുവിടാൻ അർഹതയില്ലെ''ന്ന *മനു* വാക്യം ഹിറ്റ്ലറുടെ സങ്കൽപത്തിൽനിന്ന് അകലെയല്ല. ഗോൾവാൾക്കറാകട്ടെ സ്ത്രീയെ ഇന്നയാളുടെ അമ്മ എന്ന നിലയിലാണ് വിവരിക്കുന്നത്.

ഫാസിസം ജീവിതം മാത്രമല്ല മനുഷ്യനിൽ നിന്ന് പിടിച്ചുപറിക്കുന്നത്. മറിച്ച് ചിഹ്നങ്ങളും പ്രതീകങ്ങളും മിത്തുകളുമെല്ലാം അത് അപഹരിക്കുന്നു. അടയാളങ്ങൾക് വലിയ പ്രാധാന്യമുണ്ടെന്ന് കണ്ടെത്തുന്ന ഫാസിസ്റ്റ് പ്രിയപ്പെട്ട ജീവിതത്തോടൊപ്പം നമ്മുടെ അടയാളങ്ങളും സ്വായത്തമാക്കുന്നു. സ്വസ്തികക്ക് ചെങ്കൊടിയേക്കാൾപ്രാധാന്യമുണ്ടെന്ന്ബോധ്യപ്പെടുത്താൻ ഹിറ്റ്ലർക് കഴിഞ്ഞു. യൂറോപ്പിൽ രതിപ്രതീകമായിരുന്ന സ്വസ്തിക ഹിറ്റ്ലർ ആര്യവർഗത്തിൻെറ പ്രതീകമായി ഉപയോഗിക്കുകയായിരുന്നു. ചന്ദനപ്പൊട്ടും കാവിമുണ്ടും സന്യാസവും നാമ-ജപങ്ങളുമെല്ലാം ഇന്ന് ആർ എസ് എസ് സമർഥമായി രാഷ്ട്രീയാധിനിവേശത്തിനുള്ള അടയാളമായി ഉപയോഗപ്പെടുത്തുന്നുണ്ട്. ഭരണകൂടത്തിൻെറ സംരക്ഷണത്തിൽ ഹിന്ദുപ്രതീകങ്ങളുടെ വാചാലമായ വിപുലീകരണമാണ് ആർ എസ് എസ് ലക്ഷ്യമിട്ടിരിക്കുന്നത്. ഗംഗാകലശയാത്ര, രാമശിലാപൂജ, രാമപാദുകപൂജ—ഇവ ഈ തരത്തിലാണ് നിരീക്ഷിക്കേണ്ടത്. ഗാന്ധിജി ഉപയോഗിച്ച ഉപ്പ് എന്ന പ്രതീകത്തേക്കാൾ ശക്തമായിരുന്നു ആർ എസ് എസിൻെറ രാമശിലാ പ്രതീകം. എം എൻ വിജയൻ

ഒരിടത്ത് പറഞ്ഞതുപോലെ, ഒരു കുറിയെ കുറിക്കുകൊള്ളുന്ന അടയാളമാക്കി മാറ്റാവുന്ന തന്ത്രങ്ങളാണ് നമുക്ക് ചുറ്റും.

ചരിത്രത്തെ വളച്ചൊടിക്കലും ദുർവ്യാഖ്യാനം ചെയ്യലുംപോലെ മിത്തുകളെ സ്വന്തമാക്കലും ഫാസിസ്റ്റ് രീതിയാണ്. ഹിറ്റ്ലർ അറ്റ്ലസുകളും ചരിത്ര പുസ്തകങ്ങളും ക്ലാസിക്കുകളും ചുട്ടെരിച്ചുവെങ്കിൽ, ആർ എസ് എസ് ചരിത്രം 'തിരുത്തി'യെഴുതാനാണ് ശ്രമിക്കുന്നത്. നാഗ്പൂർ കേന്ദ്രമായി ഇതിന് വിപുലമായ പദ്ധതികൾ തന്നെ ആവിഷ്കരിക്കപ്പെട്ടിട്ടുണ്ട്. മറ്റ് മതങ്ങളുടെയും വ്യത്യസ്ത സാംസ്കാരിക ധാരകളുടെയും സംഭാവനകൾ നിരാകരിക്കുന്ന പി എൻ ഓകിന്റെ രീതിയാണവർ ഈ ചരിത്രം 'തിരുത്ത'ലിന് അവലംബമാക്കിയിട്ടുള്ളത്. ചരിത്രത്തിന്റെ തെരഞ്ഞെടുത്ത മേഖലയിലേക്കുള്ള അധിനിവേശ (selective appropriation) എന്ന ഫാസിസ്റ്റ് രീതിയാണ് രാമജന്മഭൂമി പ്രശ്നത്തിൽ ആർ എസ് എസ് സ്വീകരിച്ചത്.

മധ്യകാലഘട്ടങ്ങളിൽ നടന്ന ആരാധനാലയ കയ്യേറ്റങ്ങൾക്ക് സാമ്പത്തികവും രാഷ്ട്രീയവും സാമൂഹ്യവും സാംസ്കാരികവുമായ കാരണങ്ങളാണ് മതപരമെന്നതിനേക്കാൾ എന്ന ചരിത്രവസ്തുത ആർ എസ് എസ് അംഗീകരിക്കുന്നില്ല. ഇത്തരം രാഷ്ട്രീയാധിനിവേശങ്ങൾക്ക് മത പരിവേഷവും സങ്കുചിത വ്യാഖ്യാനവും നൽകാനാണ് ശ്രമം. പതിനൊന്നാം നൂറ്റാണ്ടിലെ കാശ്മീർ രാജാവായ ഹർഷദേവൻ ഹിന്ദുവിശ്വാസിയായിരുന്നിട്ടും ക്ഷേത്രം കൊള്ളചെയ്യാൻ പ്രത്യേക മന്ത്രിയെ അധികാരപ്പെടുത്തിയതും ഹിന്ദുരാജാക്കന്മാർ തകർത ക്ഷേത്രങ്ങൾ ടിപ്പുസുൽത്താൻ പുതുക്കിപ്പണിതതും മറ്റും ആർ എസ് എസിന്റെ സങ്കുചിത മത വ്യാഖ്യാനത്തിന് വിശദീകരിക്കാനാവില്ല. മധ്യകാല ദശകങ്ങളിൽ ലാറ്റിനമേരിക്കയിൽ നടന്ന അധിനിവേശങ്ങൾ[5] രാഷ്ട്രീയാധീശത്വത്തിന് ആരാധനാലയങ്ങളെ

കീഴ്പെടുത്തിയതിന്റെ ചരിത്രം ആർ എസ് എസിന് രുചിക്കാനിടയില്ല.

ആർ എസ് എസിന്റെ വാദമുഖങ്ങൾക്ക് ധൈഷണിക പരിവേക്ഷം ചാർത്താൻ ശ്രമിച്ച സവർക്കർ-ഗോൾവാൾക്കർ മാരെല്ലാം മുന്നോട്ടുവെച്ചത് മതാധിഷ്ഠിതമായ രാഷ്ട്ര സങ്കൽപമാണ്. അതാകട്ടെ, സ്വേച്ഛാധിപത്യ ഫാസിസ്റ്റ് രുചിയുള്ളതാണ്. ഭൂപ്രദേശം, വംശീയൈക്യം, മതം, സംസ്കാരം, ഭാഷ തുടങ്ങിയ ഒട്ടേറെ ഘടകങ്ങളുടെ ഉൽപന്നമാണ് രാഷ്ട്രമെന്ന് അവർ വാദിക്കുന്നുണ്ടെങ്കിലും മതത്തെ സുപ്രധാന ഘടകമായി അവർ എടുത്തുകാട്ടുന്നു.

ഭൂരിപക്ഷത്തിനിടയിൽ അരക്ഷിതബോധം സൃഷ്ടിച്ചുകൊണ്ടാണ് തൊള്ളായിരത്തി ഇരുപതുകളുടെ മുതൽ ഫാസിസ്റ്റ് ആശയങ്ങൾ വേരുറപ്പിക്കാൻ ജർമനിയിൽ ശ്രമിച്ചത്. തങ്ങളുടെ വീടുകളിൽതന്നെ അവർ അന്യരാക്കപ്പെടുന്നുവെന്നായിരുന്നു ഫാസിസ്റ്റുകളുടെ സങ്കുചിത വാദം. ആത്മകൂട്ടത്തിൽ അരക്ഷിതബോധം സൃഷ്ടിക്കാനാണ് ഭൂരിപക്ഷത്തെ വഴിതെറ്റിക്കുന്നത്. 1991-ൽ അദ്വാനിയുടെ നേതൃത്വത്തിൽ നടന്ന രഥയാത്രക്കുശേഷം ന്യൂനപക്ഷ ജനവിഭാഗങ്ങൾക്കുനേരെ നടന്ന കടന്നുകയറ്റം ഹിറ്റ്ലർ ജൂതന്മാർക്കെതിരെ നടത്തിയ ആക്രമ പ്രചാരണത്തിൽ കുറഞ്ഞ ഒന്നുമല്ലെന്ന് പ്രഫുൽ ബിദ്വായി നിരീക്ഷിക്കുന്നു.[6]

കായിക പരിശീലനത്തിലൂടെയും അക്രമാസക്ത മത പ്രബോധനങ്ങളിലൂടെയും സമാഹരിക്കപ്പെടുന്ന വൈര്യവും നശീകരണ വാസനതരയും ശത്രുവിനെ കാണിച്ചുകൊടുത്ത് ഗതിതിരിച്ചുവിടുകയെന്നത് ഫാസിസ്റ്റ് തന്ത്രമാണ്, ന്യൂനപക്ഷ ജനവിഭാഗങ്ങൾക്കുനേരെ ആർ എസ് എസ് അഴിച്ചുവിടുന്ന കുരിശുയുദ്ധം ഹിറ്റ്ലറിൽ നിന്ന് ആവേശമുൾക്കൊണ്ടുകൊണ്ടുള്ളതാണ്. ഹിറ്റ്ലറുടെ ഏറ്റവും അടുത്ത അനുചരരിലൊരാളായ ഹെയ്ൻറിച് ഹിച്ളർ ശത്രുവിനെക്കുറിച്ചുള്ള വ്യക്തമായ സൂചന നൽകുന്നു.

....അധിനിവേശപ്രദേശങ്ങളിലെ ജനങ്ങളെ കന്നുകാലികളെപ്പോലെ പട്ടിണി കിടക്കുകയോ മരിക്കുകയോ ചെയ്യുന്നുണ്ടെങ്കിൽ എനിക്കതിൽ താൽപര്യം നമ്മുടെ സംസ്കാരത്തിന് അടിമകളായി അവരെ ആവശ്യമുണ്ടെന്ന ഒറ്റക്കാരണത്താലാണ്. നമ്മുടെ രക്തത്തിൽ ജനിച്ച ജനങ്ങളോട് മാത്രമേ നാം സത്യസന്ധവും സൗഹാർദപരവും മാന്യവുമായി പെരുമാറേണ്ടതുള്ളു....

നമ്മുടേത് അവരുടേത് എന്ന കപടപ്രശ്നമുയർത്തിയഥാർഥ ശത്രുവിനെ അദൃശ്യമാക്കിക്കൊടുക്കുന്നു ഈ ഫാസിസ്റ്റ് രീതിയാണ് ന്യൂനപക്ഷങ്ങളെ ശത്രുക്കളായി പ്രഖ്യാപിക്കുന്നതിലൂടെ ആർ എസ് എസ് ഇന്ത്യയിൽ പിന്തുടരുന്നത്.

ഹിറ്റ്ലറുടെ അക്രമിസംഘമായ സഫ്റോൺ ഷർട് സിന്റെ അതിക്രമങ്ങളെ ഓർമിപ്പിക്കുന്ന ഭീകരതയാണ് ആർ എസ് എസും അഴിച്ചുവിടുന്നത്. ഭരണഘടന ഉറപ്പുനൽകുന്ന ന്യൂനപക്ഷ സംരക്ഷണവും പിന്നോക്ക വിഭാഗ സംരക്ഷണവും ആർ എസ് എസ് പരിഗണിക്കുന്നില്ല. മണ്ഡൽ കമ്മീഷൻ ശുപാർശകളോടുള്ള ആർ എസ് എസിന്റെ അസഹിഷ്ണുത കുപ്രസിദ്ധമാണല്ലോ? ഇന്ത്യൻ ഭരണഘടനയിൽ വരുത്തേണ്ടുന്ന മാറ്റത്തെക്കുറിച്ച് ആർ എസ് എസ് നേതാവ് പി പരമേശ്വരന്റെ വാദഗതികളും വിചിത്രമാണ്! സമ്പൂർണസവർണ-സമ്പന്നവൽകൃതമായ ഭരണഘടനയാണ് പരമേശ്വരൻ ആർ എസ് എസിന്റെ പേരിൽ വിഭാവനംചെയ്യുന്നത്.

ആർ എസ് എസിന്റെ അസഹിഷ്ണുതയെയും അവർ വിഭാവനം ചെയ്യുന്ന ഹിന്ദുരാഷ്ട്രത്തിലെ നീതിയെയും കുറിച്ച് സാമാന്യ ധാരണ ലഭിക്കാൻ ഗോൾവാൾകറുടെ താഴെക്കൊടുത്ത വരികളും മികച്ച സഹായമാണ്. ഗോൾവാൾകറുടെ അസഹിഷ്ണുത *വിചാരധാര*യിലും മറ്റും ആവർത്തിച്ച് തികട്ടുന്നുണ്ട്. അദ്ദേഹം എഴുതി:

....ഹിന്ദുസ്ഥാനിലെ വിദേശവംശജർ ഒന്നുകിൽ ഹൈന്ദവ സംസ്കാരവും ഭാഷയും സ്വീകരിക്കുകയും ഹിന്ദുമതത്തെ ആദരിക്കാനും അതിന് ശ്രേഷ്ഠ സ്ഥാനം നൽകാനും പഠിക്കുകയും ഹിന്ദുമതത്തെയും സംസ്കാരത്തെയും അതായത് ഹിന്ദുരാഷ്ട്രത്തെ വാഴ്ത്തുന്നതൊഴികെ മറ്റൊരാശയവും വച്ചുപുലർത്താതിരിക്കുകയും വ്യത്യസ്തമായ അസ്തിത്വം കൈവെടിഞ്ഞ് ഹിന്ദുവംശത്തിൽ ലയിക്കുകയും ചെയ്യണം....

പൗരാവകാശംപോലുമില്ലാതെ പൂർണമായും ഹിന്ദുരാഷ്ട്രത്തിന് കീഴടങ്ങിക്കൊള്ളണമെന്ന ഭീഷണിയുമുണ്ട് ഈ ഇന്ത്യൻ ഫാസിസ്റ്റ് സൈദ്ധാന്തികനിൽ.

ജർമനിയിൽ ഫാസിസത്തിന്റെ വികാസ മുന്നേറ്റങ്ങൾക്ക് അനുകൂലമായ ഘടകങ്ങളിലൊന്ന് അവരോട് മറ്റ് വലതുപക്ഷ പാർടികളും സ്വീകരിച്ച മാർദവമേറിയ സമീപനമായിരുന്നു. ആർ എസ് എസിനോട് ഇന്ത്യയിലെ വലതുപക്ഷ-ബൂർഷ്വാ പാർടികളെടുക്കുന്ന സമീപനം ഈ നയം ഓർമപ്പെടുത്തുന്നതാണ്. രണ്ടാം ലോകമഹായുദ്ധകാലത്ത് ബ്രിട്ടീഷ് പ്രധാനമന്ത്രി ചേമ്പർ ലെയ്ൻ ഹിറ്റ്ലറുടെ ആക്രമണങ്ങളെ വെച്ചുപൊറുപ്പിച്ചത് ചരിത്രമാണല്ലോ?

സ്വന്തം വീട്ടുവളപ്പിലേക്ക് അപകടങ്ങൾ ചാടി വീഴുമ്പോൾ മാത്രം ഞെട്ടുന്ന ആത്മകൂട്ടങ്ങളായി ഇന്ത്യൻ ജനത ചുരുങ്ങിത്തീരുന്ന ഒരു ചരിത്രസന്ധിയിലാണ് ഫാസിസത്തിന്റെ ഇന്ത്യൻ നേരവകാശികൾ യുദ്ധസന്നാഹത്തിലേർപ്പെട്ടിരിക്കുന്നത്. ഈ നിസംഗത വിലയ്റെയ്ക് പറഞ്ഞതുപോലെ രാഷ്ട്രീയ ഷണ്ഡത്വത്തിലേക്ക് നയിക്കാതിരിക്കാൻ ജാഗ്രതയാണാവശ്യം. ഫാസിസത്തിന്റെ വിപത്തിനെക്കുറിച്ച് ജർമൻ ബുദ്ധിജീവിയായ പാസ്റ്റർ നിമോയ്ള്ളർ ഓർമപ്പെടുത്തിയത് ഓരോ ഇന്ത്യക്കാരനും വഴികാട്ടിയാവട്ടെ:

ഒന്നാമതായി അവർ ജൂതന്മാരുടെ നേരെ ചെന്നു.
ഞാൻ ഒന്നും മിണ്ടിയില്ല.

കാരണം ഞാനൊരു ജൂതനല്ലായിരുന്നു.
പിന്നീടവർ കമ്യൂണിസ്റ്റുകാരുടെ നേർക്ക് തിരിഞ്ഞു.
അപ്പോഴും ഞാനൊന്നും പറഞ്ഞില്ല.
കാരണം ഞാനൊരു കമ്യൂണിസ്റ്റല്ലായിരുന്നു.
പിന്നെ അവർ കത്തോലിക്കരുടെ നേരെചെന്നു.
അപ്പോഴും ഞാനൊന്നും ഉരിയാടിയില്ല.
കാരണം ഞാനൊരു കത്തോലിക്കനല്ലായിരുന്നു.
ഒടുവിലവർ എന്റെ നേർക്ക് വന്നു.
അപ്പോഴേ എനിക്കായി ശബ്ദിക്കാൻ ആരും അവശേഷിച്ചിരുന്നില്ല.

അടിക്കുറിപ്പുകൾ

1. ഫ്രാൻസ് ഫാനന്റെ *റെച്ചഡ് ഓഫ് ദ എർത്തിന്* എഴുതിയ മുഖവുരയിൽ

2. സദാനന്ദ ദേശോൻ, *ഇക്കണോമിക് ടൈംസ്* 1993 ഡിസംബർ 13 (Glimpses of A Ramayana No Valmiki or Tulsi wrote

3. The Anti-Man (Novesti, 1989 Moscow)

4. അസ്ഗർ അലി എഞ്ചിനീയർ എഡിറ്റ് ചെയ്ത Islamic perspective ന്റെ 1988 ജൂലായ് ലക്കത്തിൽ ഉദ്ധരിച്ചു ചേർത്തത്.

5. വിശദാംശങ്ങൾക്ക് കെ എൻ പണിക്കർ എഡിറ്റ് ചെയ്ത Communalism in India, History, Politics and Culture കാണുക.

6. *ഇല്ലസ്ട്രേറ്റഡ് വീക്കിലി ഓഫ് ഇന്ത്യ* 1991 മെയ് 18-24-ന്റെ ലക്കം.

ആ ർ സ് എസ്:
വർഗീയ വിദ്വേഷത്തിന്റെ സന്തതി

രാജേന്ദ്ര ശർമ

ഡിസംബർ ആറിന് അയോധ്യയിൽ നടന്നതും അതേ തുടർന് രാജ്യത്താകമാനം നടക്കുന്നതുമായ സംഭവവികാസങ്ങളും വ്യക്തമാക്കുന്നത് ഒരു വളച്ചുകെട്ടുമില്ലാതെ തന്നെ നമ്മുടെ രാജ്യത്തെ ഫാസിസത്തിന്റെ പാതയിലേക്ക് തള്ളിവിടാൻ കഴിയുന്ന ഒരു ശക്തി ഇവിടെയുണ്ടെന്നാണ്. തങ്ങളുടെ വരുതിക്ക് നിൽകുന്ന കുറെ സംഘടനകളോടു കൂടിയ ആർ എസ് എസ് ആണ് ആ ശക്തിയെന്ന് ചിന്തിക്കുന്ന ആർകും എളുപ്പത്തിൽ മനസിലാക്കാനാവും. ആർ എസ് എസിന്റെ താളത്തിനൊത്ത് തുള്ളുന്ന രാഷ്ട്രീയ പാർടിയായ ബി ജെ പിയും വി എച്ച് പിയും പോലുള്ള സംഘടനകളും തങ്ങളുടെ അഭിപ്രായവ്യത്യാസങ്ങൾകുപകരം യോജിപ്പ് പ്രകടിപ്പിക്കുന്നതും ലക്ഷ്യത്തിലൂന്നൽ നൽകിക്കൊണ്ട് 'സംഘപരിവാർ' എന്ന പേര് ഉപയോഗപ്പെടുത്തുന്നതും രാജ്യത്ത് ഫാസിസം അടിച്ചേൽപിക്കാനുള്ള തുറന്ന നീക്കത്തിന് തെളിവാണ്. തങ്ങൾ രാഷ്ട്രീയ സംഘടനയല്ലെന്നും സാംസ്കാരിക സംഘടനയാണെന്നുമുള്ള ആർ എസ് എസിന്റെ അവകാശവാദം അവസാനം തുറന്നുകാട്ടപ്പെട്ടിരിക്കുന്നു. 1948-ൽ മഹാത്മാഗാന്ധി കൊലചെയ്യപ്പെട്ടതു മുതലിന്നോളം അവരണിഞ്ഞുവന്ന 'സാംസ്കാരിക'മെന്ന മുഖംമൂടി ഊർനുവീണിരിക്കുന്നു.

ഇക്കഴിഞ്ഞ വർഷങ്ങളിലൊക്കെ പല കാരണങ്ങളാൽ ഈ സംഘടനകളൊക്കെ ശക്തി പ്രാപിക്കുകയായിരുന്നു. എന്നുമാത്രമല്ല രാഷ്ട്രീയനേട്ടങ്ങൾക്കുവേണ്ടി പരസ്യമായിത്തന്നെ ഫാസിസ്റ്റ് പ്രചാരണവുമായി മുന്നോട്ടുപോകാനാണ് അവരുടെ നീക്കമെന്നും വ്യക്തമായിരിക്കുന്നു. ഇക്കഴിഞ്ഞ കുറെ ദിവസങ്ങളിലെ സംഭവങ്ങൾ വ്യക്തമാക്കുന്നത് അതാണ്.

എന്നാൽ ബി ജെ പി-ആർ എസ് എസ്-വി എച്ച് പി സഖ്യത്തിന്റെ അയോധ്യാ പ്രശ്നത്തിന്മേലുള്ള പ്രസ്താവനകൾ വ്യക്തമാക്കുന്നത് മറ്റൊന്നാണ്. ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്നതിന് അതിന്റെ നേതാക്കൾ വിവിധ തരത്തിലുള്ള പ്രസ്താവനകളാണ് മനഃപൂർവം നടത്തുന്നത്. തങ്ങൾ ആഗ്രഹിച്ചതുപോലെയല്ല ഡിസംബർ ആറിന് അയോധ്യയിലുണ്ടായ സംഭവങ്ങളെന്നാണ് ബി ജെ പി നേതാക്കൾ പറയുന്നത്. അതേസമയം 'ഹിന്ദുക്കളുടെ അപമാനത്തിന്റെ പ്രതീകം' തകർത്ത് തരിപ്പണമാക്കിയതിലുള്ള വിജയാഹ്ലാദമാണ് ആർ എസ് എസ് നേതാക്കൾക്ക്. മതനിരപേക്ഷതയിൽ അധിഷ്ഠിതമായ ഭരണഘടന വലിച്ചെറിഞ്ഞ് 'ഹിന്ദുരാജ്' സ്ഥാപിക്കണമെന്നതാണ് വിശ്വ ഹിന്ദുപരിഷത്ത് ലേബലിലുള്ള സന്ന്യാസിമാരുടെ ആവശ്യം. മഥുരയിലെയും വാരണാസിയിലെയും മാത്രമല്ല ദൽഹിയിലെ ജുമാ മസ്ജിദിനുവേണ്ടിയും ദാഹിച്ചു നടക്കുകയാണവർ. ആർ എസ് എസും വി എച്ച് പിയും കേന്ദ്ര ഗവൺമെന്റ് ഔപചാരികമായി നിരോധിച്ച സാഹചര്യത്തിലാണ് ഇതെല്ലാം നടക്കുന്നതെന്നത് പ്രത്യേകം പറയേണ്ടതില്ല.

എന്ത് മാർഗമുപയോഗിച്ചും കേന്ദ്രഭരണം പിടിച്ചടക്കുകയെന്നതാണ് ആർ എസ് എസ് കുടുംബത്തിന്റെ മൗലികലക്ഷ്യം. അതിന് ജനാധിപത്യപ്രക്രിയയെ ഉപയോഗിച്ചുകൊണ്ടുതന്നെ അവർ ജനാധിപത്യം അട്ടിമറിക്കും. ജനാധിപത്യപ്രക്രിയയെ ഉപയോഗപ്പെടുത്തുന്നതിനുള്ള ഒരായുധമെന്ന നിലയിൽ ഒരു രാഷ്ട്രീയപാർടിക്ക് അവർ രൂപം നൽകിയിട്ടുണ്ട്. ആ പാർടിയുടെ രാഷ്ട്രീയപരിപാടി

യാകട്ടെ ഖണ്ഡിതമായ രീതിയിൽ അവർ നിർവചിച്ചിട്ടുമില്ല. അതേസമയം തങ്ങൾ ജനാധിപത്യത്തിന്റെ സംരക്ഷകരാണെന്ന് അവർ അവകാശപ്പെടുകയും ചെയ്യുന്നു. ഇതിനു വേണ്ടി അവർ മുദ്രാവാക്യങ്ങളാക്കിയത് 'രാജ്യസ്നേഹം' 'ഭാരതീയസംസ്കാരം', 'രാമനാമം' തുടങ്ങിയവയും.

കാലാന്തരത്തിൽ ആർ എസ് എസ് അതിന്റെ അടവുകളും ഒട്ടേറെതവണ മാറിമറിയിട്ടുണ്ടെങ്കിലും 'ഹൈന്ദവത അപകടത്തിൽ' എന്ന പ്രചാരണത്തിലും 'ഹൈന്ദവ താൽപര്യ സംരക്ഷകർ' എന്ന അവകാശവാദത്തിലും ഉറച്ചുനിൽക്കുകയാണ്. ഇതേപോലെ മറ്റു മതസമുദായങ്ങൾക്കെതിരായ അതിന്റെ വിഷലിപ്തമായ പ്രചാരണവും ഏറിയോ കുറഞ്ഞോ ഉള്ള തോതിലാണെങ്കിലും ദശകങ്ങളായി തുടർന്നുപോന്നു. അതുകൊണ്ട് ഈ നിഗൂഢ ഫാസിസ്റ്റ് സംഘടനയുടെ യഥാർഥ ചരിത്രത്തിലേക്ക് ആഴത്തിൽ ഇറങ്ങിച്ചെല്ലേണ്ടതും അതിന്റെ തനിസ്വഭാവം തുറന്നുകാട്ടേണ്ടതും അനിവാര്യമാണ്. അതിനാണിവിടെ തുനിയുന്നത്.

1925 -ലെ വിജയദശമി ദിനത്തിൽ ഡോ. കേശവ് ബലിറാം ഹെഡ്ഗേവാറാണ് ആർ എസ് എസ് സ്ഥാപിച്ചത്. ഒട്ടേറെ ചരിത്രകാരന്മാർ ചൂണ്ടിക്കാണിച്ചതുപോലെ 1921-22 ലെ നിസഹകരണ പ്രസ്ഥാനത്തിനു ശേഷം ഭീന്നിപ്പിക്കുക ഭരിക്കുക എന്ന നയം ബ്രിട്ടീഷുകാർ നടപ്പാക്കാൻ തുടങ്ങിയ കാലമായിരുന്നു അത്. അപ്പോഴും ഹിന്ദുക്കൾക്കും മുസ്ലിങ്ങൾക്കുമിടയിലെ സ്ഥാപിത താൽപര്യക്കാർ ബ്രിട്ടീഷുകാർ വലിച്ചെറിയുന്ന ഉച്ചിഷ്ടങ്ങൾക്ക് വേണ്ടി പരസ്പരം പോരാടുകയായിരുന്നു. അത് ബ്രിട്ടീഷ് നയത്തിന്റെ വിജയത്തെ മാത്രമേ സഹായിച്ചുള്ളൂ.

ഈ നയം പ്രയോഗത്തിൽ വരുന്നതിന് അതിനുമുമ്പുതന്നെ രാജ്യം സാക്ഷ്യം വഹിച്ചു. അത് 1905-ലാണ്. അക്കൊല്ലം, വർഗീയത വളർത്തിയെടുക്കുകയെന്ന ലക്ഷ്യത്തോടെ ഗവൺമെന്റ് ബംഗാളിനെ രണ്ടായി വെട്ടിമുറിച്ചു. ഈ നീക്കത്തിനെതിരെ വൻതോതിൽ പ്രതിഷേധമുയർന്നുവന്നു എന്നത് വസ്തുത. അവസാനം 1911-ൽ ആ നീക്കം

ഉപേക്ഷിക്കാൻ ബ്രിട്ടീഷുകാർ നിർബന്ധിതമായി എന്നതും വസ്തുത. എങ്കിലും അതിനിടയിൽ ഒരളവോളം ബ്രിട്ടീഷുകാർ വിജയിച്ചു എന്ന സത്യം കാണാതിരുന്നുകൂടാ. വാസ്തവത്തിൽ 1857 ലെ ഒന്നാം സ്വാതന്ത്ര്യ സമരം മുതൽ ഈ അടവ് പ്രയോഗിക്കാൻ ബ്രിട്ടീഷുകാർ ശ്രമിക്കുകയായിരുന്നു. ആദ്യഘട്ടത്തിൽ അവർ ഹിന്ദുപ്രീണന നയം അനുവർത്തിക്കുകയും മുസ്ലിങ്ങളെ തച്ചമർത്തുകയും ചെയ്തു. 1885-ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് രൂപം കൊണ്ടതിനുശേഷം ഇതിനു നേരെവിപരീതമായ അടവ് അവർ പ്രയോഗിച്ചു.

മുസ്ലിം പ്രക്ഷോഭം ബംഗാളിപ്രക്ഷോഭത്തെ ഫലപ്രദമായി ചെറുത്തുവെന്ന് 1906 ഡിസംബർ 13-ന് വെയിൽസ് രാജകുമാരനെഴുതിയ കത്തിൽ വൈസ്രോയി മിന്റോ സംതൃപ്തിയോടെ രേഖപ്പെടുത്തി. ബംഗാളി പ്രക്ഷോഭത്തിന് ആവശ്യത്തിലധികം പിന്തുണ നൽകിയാൽ ഒരിക്കലും നേരിട്ടിട്ടില്ലാത്ത വിധത്തിലുള്ള കരുത്തുറ്റ ഒരു ശക്തിയുമായി ഏറ്റുമുട്ടേണ്ടിവരുമെന്ന് ജനങ്ങൾക്ക് ബോധ്യമുണ്ടായിരുന്നുവെന്ന കാര്യത്തിൽ അദ്ദേഹത്തിന് തികഞ്ഞ ആത്മവിശ്വാസം ഉണ്ടായിരുന്നു.

ഇതോടൊപ്പം തങ്ങളുടെ 'ഹിന്ദു സുഹൃത്തുക്കളു'മായുള്ള ബന്ധം ശക്തിപ്പെടുത്താനും ബ്രിട്ടീഷുകാർ ശ്രമിക്കുകയായിരുന്നു. ആരായിരുന്നു ആ സുഹൃത്തുക്കൾ? രാജാക്കന്മാരും വൻകിട ഭൂവുടമകളും മറ്റ് സ്ഥാപിത താൽപര്യക്കാരും. അവർ നിരന്തരം കോൺഗ്രസിനെ അപലപിക്കുകയായിരുന്നു. ലാലാലജ്പത് റായിയെ നാടുകടത്തിയതിന് അവർ പിന്തുണയും നൽകി.

പക്ഷെ, ബ്രിട്ടീഷുകാർക്കുണ്ടായ ഈ ആദ്യവിജയം, ഒരു വലിയ അളവോളം, ബിലാഫത്ത്-നിസഹകരണപ്രസ്ഥാനം പ്രയോജനരഹിതമാക്കി. കാരണം, ഈ പ്രസ്ഥാനം 1857-നുശേഷം ഒരിക്കലുമുണ്ടായിട്ടില്ലാത്തവിധം ഹിന്ദുക്കളെയും മുസ്ലിങ്ങളെയും ഒരൊറ്റ വേദിയിൽ കൊണ്ടുവന്നു. കരുത്തുറ്റ ബ്രിട്ടീഷ് ശക്തിക്കെതിരെ ഇന്ത്യയിലെ ബഹു

ജനങ്ങളെ ആഞ്ഞടിച്ചു. ഇത് അവരുടെ സാമ്രാജ്യത്തിന്റെ അടിത്തറതന്നെ പിടിച്ചുകുലുക്കി. ഈ പ്രക്ഷോഭത്തിന്റെ ഊക്കും ഉശിരും കണ്ട് ദേശീയപ്രസ്ഥാനത്തിന്റെബൂർഷ്വാ നേതാക്കളെ ഭയചകിതരാവുകയും കിട്ടാവുന്ന ആദ്യ അവസരമുപയോഗിച്ച്, 1922 ഫെബ്രുവരിയിൽ, ചൗരിചൗരയിലെ അക്രമം എന്ന തൊടുന്യായം പറഞ്ഞ് അത് പിൻവലിക്കുകയും ചെയ്തു.

ഫലം ദേശീയ പ്രസ്ഥാനത്തിന്റെ മുന്നേറ്റം കെട്ടടങ്ങിഎന്നതുതന്നെ. ഖിലാഫത്ത് പ്രക്ഷോഭത്തിനും തിരശീല വീണു. രാജ്യത്തിന്റെ പല ഭാഗങ്ങളിലും വർഗീയ ലഹളകളെ പൊട്ടിപ്പുറപ്പെട്ടു. ഇത് ജനകീയൈക്യം ശിഥിലമാക്കാനും തങ്ങളുടെ വാഴ്ച ശക്തിപ്പെടുത്താനും ബ്രിട്ടീഷുകാർക് അവസരം നൽകി. ഹിന്ദുമഹാസഭയുടെ സ്വാധീനം വർധിക്കാൻ തുടങ്ങി. ഏറക്കുറെ പൂർണമായിട്ടെന്നുതന്നെ പറയാം, മൃതപ്രായമായിരുന്ന ഹിന്ദുമഹാസഭയെ പുനർജീവിപ്പിക്കാൻ മദൻ മോഹൻ മാളവ്യ പ്രവർത്തിക്കുകയായിരുന്നു. ലജ്പത് റായി, ശ്രദ്ധാനന്ദ, ജയകർ തുടങ്ങിയ മറെറാട്ടേറെ കോൺഗ്രസ് നേതാക്കളെ അതിലേക്ക് ആകർഷിക്കപ്പെട്ടു. ഹിന്ദുതാൽപര്യം സംരക്ഷിക്കുന്നതിന് പ്രക്ഷോഭമാരംഭിക്കാൻ 1923ൽ ചേർന്ന മഹാസഭയുടെ സമ്മേളനം തീരുമാനിച്ചപ്പോഴേ മുസ്ലിം ശുദ്ധീകരണം എന്ന പ്രശ്നം ശ്രദ്ധാനന്ദ ഏറെറടുത്തു. ഇടക്കാലത്ത് നിർജീവമായി കിടന്ന മുസ്ലിം ലീഗിന്റെ ആയുസ് ഇതുമൂലം നീട്ടിക്കിട്ടി. ലീഗ് മറെറാരു സ്ഥലത്ത് അതിന്റെ സമ്മേളനം നടത്തി. കിച്ലു തന്റെ തബ്ലീഗ് തൻസീൻ പ്രക്ഷോഭം ആരംഭിച്ചു. ഫസ്ൽ-ഇ-ഹുസൈൻ ആവട്ടെ, ഹിന്ദുക്കളിലെ താഴ്ന്ന ജാതിക്കാരുടെ മതപരിവർതനം എന്ന നിർദേശം മുമ്പോട്ടുവെച്ചു. ഇങ്ങനെ ഇരുസമുദായങ്ങളിലെയും സ്ഥാപിതതാൽപര്യക്കാർ ബ്രിട്ടീഷുകാരുടെ കൈയിൽ കളിക്കുകയും അങ്ങനെ ബ്രിട്ടീഷുകാരെ അപകടാവസ്ഥയിൻ നിന്ന് രക്ഷിക്കുകയും ചെയ്തു.

ഇതാണ് രാഷ്ട്രീയ സ്വയം സേവക് സംഘ് (ആർ എസ് എസ്) പിറന്നുവീണ പശ്ചാത്തലം. ആർ എസ്

എസിന്റെ ഔദ്യോഗിക ചരിത്രകാരൻ ഡി പി ദിഷ്കിർ സംഘടനയുടെ സ്ഥാപകൻ ഹെഡ്ഗേവാറിന്റെ ഒരു പരാമർശം ഉദ്ധരിച്ചിട്ടുണ്ട്. ആ പരാമർശം അദ്ദേഹത്തിന്റെ മനോഭാവമെന്തായിരുന്നുവെന്ന് വ്യക്തമാക്കുന്നു. നിസഹകരണപ്രസ്ഥാനം സൃഷ്ടിച്ച ആവേശം കെട്ടടങ്ങിക്കൊണ്ടിരിക്കുകയാണെന്നും അത് സൃഷ്ടിച്ച ദോഷങ്ങൾ ആപൽകരമാംവിധം സാമൂഹ്യജീവിതത്തിൽ തലപൊക്കിക്കൊണ്ടിരിക്കുകയാണെന്നുമത്രെ ഹെഡ്ഗേവാർ പറഞ്ഞത്. നിസഹകരണ പ്രസ്ഥാനത്തിന്റെ പാലുകുടിച്ചു വളർന വിഷസർപങ്ങൾ വിഷം വമിച്ചുകൊണ്ടിരിക്കുകയാണെന്നും അവ രാജ്യത്താകെ കലാപങ്ങൾ കുത്തിപ്പൊക്കിക്കൊണ്ടിരിക്കുകയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

മായം ചേർക്കാത്ത മുസ്ലിം വിരുദ്ധ മനോഭാവം; രാജ്യത്താകെ ആധിപത്യം പുലർതണമെന്ന മോഹം—ഇതാണ് ആർ എസ് എസിന് രൂപം നൽകിയ ബൗദ്ധികപദാർഥം. മറാഠ ബ്രാഹ്മണർ നൂറാണ്ടുകളായി താലോലിച്ചു പോന്ന ഒരാഗ്രഹമാണിത്. ഹെഡ്ഗേവാറും മറാഠ ബ്രാഹ്മണർ പൊതുവെയും ഗാന്ധിയെ എതിർത്തത് ആകസ്മികമല്ല. തങ്ങളുടെ ബ്രാഹ്മണ മേധാവിത്വത്തെ ഗാന്ധിയുടെ പ്രക്ഷോഭം അപകടത്തിലാക്കുമെന്ന് അവർ ഭയപ്പെട്ടു.

ഗുരുജി എന്ന മാധവറാവു സദാശിവറാവു ഗോൽവാൽകാറുടെ ഔദ്യോഗിക ജീവചരിത്രം— *ശ്രീ ഗുരുജി: ദി മാൻ ആൻഡ് ദി മിഷൻ* അനുസരിച്ച് ഹിന്ദുക്കളാണ് ഇവിടുത്തുകാർ. ഹൈന്ദവത ഇന്ത്യൻ ദേശീയതയും.ഇതായിരുന്നുവത്രെ ഗോൽവാൽകറുടെ അഭിപ്രായം. ഹിന്ദുക്കൾക് മാത്രമെ രാജ്യത്തെ രക്ഷിക്കാൻ കഴിയുകയുള്ളുവെന്നും അദ്ദേഹത്തിന് അഭിപ്രായമുണ്ടായിരുന്നുവത്രെ, ഇങ്ങനെയാണ് ആർ എസ് എസ് ഹിന്ദുമഹാസഭയെ കടത്തിവെട്ടിയത്. ആർ എസ് എസിനെ സംബന്ധിച്ചേടത്തോളം ഹിന്ദുക്കൾ സ്ഥാപിച്ചെടുത്തതാണ് രാഷ്ട്രം. ഹിന്ദുമഹാസഭയാവട്ടെ, ആർ എസ് എസ് ഇങ്ങനെയൊരു നിലപാടെടുത്ത സമയത്ത് ഹിന്ദുക്കൾക് അവരുടെ അനുപാതം അനുസരിച്ചുള്ള അവ

കാശങ്ങളും അനുവദിക്കണമെന്ന് മാത്രമെ ആവശ്യപ്പെട്ടിരുന്നുള്ളു.

ഹൈന്ദവതയാണ് ദേശീയത എന്ന ആർ എസ് എസിന്റെ മൗലിക സിദ്ധാന്തത്തെക്കുറിച്ച് അൽപം ഗൗരവത്തോടെ തന്നെ ആലോചിക്കേണ്ടതുണ്ട്. ഇന്ത്യയുടെ ഭൂമിശാസ്ത്രപരമായ അതിർത്തിക്കകത്ത് താമസിക്കുന്നവരാണ്, അവർ ഏത് മതത്തിൽ വിശ്വസിക്കുന്നവരായാലും ഇന്ത്യൻ പൗരന്മാർ ഈ അഭിപ്രായത്തിനെതിരായിട്ടാണ്, ഹൈന്ദവതയാണ് ദേശീയത എന്ന മൂലസിദ്ധാന്തം ആർ എസ് എസ് മുമ്പോട്ടു വെച്ചതെന്ന് ദിഷ്ടികാർ തന്നെ വ്യക്തമാക്കുന്നുണ്ട്. ഇന്ത്യൻ അതിർത്തിക്കകത്ത് താമസിക്കുന്നവരെല്ലാം ഇന്ത്യക്കാരാണെന്ന സിദ്ധാന്തം എല്ലാ ഇന്ത്യക്കാരും തമ്മിലുള്ള മൗലികമായ താൽപര്യൈക്യമാണ് വിഭാവനം ചെയ്യുന്നതെങ്കിൽ ആർ എസ് എസിന്റെ ഈ സിദ്ധാന്തം മതത്തിന്റെ പേരിൽ അവർക്കിടയിലൊരു ചേരിതിരിവ് വിഭാവനം ചെയ്യുന്നു. മതത്തെ അടിസ്ഥാനമാക്കിയ ഈ ദ്വിരാഷ്ട്ര സിദ്ധാന്തമാണ് തങ്ങളുടെ മൗലിക പരിപാടിയായി പിൽകാലത്ത് മുസ്ലിംലീഗ് അംഗീകരിച്ചത്.

ഇവിടെനിന്ന് ഹിന്ദു ഐക്യവലിസത്തിനേറെതായ സിദ്ധാന്തം മുമ്പോട്ടുവെക്കുന്നതിലേക്ക് ആർ എസ് എസ് നീങ്ങുകയും സകല അഹിന്ദുക്കളും ദേശീയേതരമാണെന്ന് പ്രഖ്യാപിക്കുകയും ചെയ്യുന്നു. അവരെ സംബന്ധിച്ചേടത്തോളം നൂറ്റാണ്ടുകളായി ഹിന്ദുക്കളും ഇവിടെ താമസിച്ചുപോരുന്നതുകൊണ്ട് അവരുടെ ദേശീയതയെ സംബന്ധിച്ച് മറെറാരു തെളിവ് ആവശ്യമില്ല. ദേശീയതയെ സംബന്ധിച്ച ആർ എസ് എസിന്റെ ഈ സങ്കൽപനം ചരിത്രത്തിന് നിരക്കുന്നതല്ല, അടി മുതൽ മുടി വരെ അശാസ്ത്രീയവും അഹിന്ദുക്കൾക് നഗ്നമായും എതിരുമാണ്.

അതിന്റെ കടന്നാക്രമണം കാണാൻ കഴിയാത്ത ഒരാൾക് ഹൈന്ദവദേശീയതയുടെ യഥാർഥ സ്വഭാവം പൂർണമായി ഗ്രഹിക്കാൻ 1938 ൽ പ്രസിദ്ധീകരിച്ച വി ആർ

ഔവർ നാഷണൽഹുഡ് ഡിഫൈൻഡ് എന്ന പുസ്തകം നോക്കിയാൽമതി. അതിൽ ആർ എസ് എസിനു് ഏറ്റവും ഉചിതമായ ആദർശം ഹിറ്റ്ലറുടെ നാസിസമാണെന്നു് ഗോൾവാൾകർ പറയുന്നുണ്ടു്. ജൂതന്മാരെ കൂട്ടക്കൊല ചെയ്തു് എങ്ങനെ ജർമൻകാർ വംശശുദ്ധി നിലനിർത്തിയോ അതിൽ നിന്നു് ഇന്ത്യക്കാർ പഠിക്കുകയും അതേ മാർഗം അവലംബിക്കുകയും ചെയ്യണമെന്നാണു് അദ്ദേഹത്തിന്റെ മതം. അഹിന്ദുക്കൾ ഒന്നുകിൽ ഹിന്ദുമതവും സംസ്കാരവും അംഗീകരിക്കുകയോ അല്ലെങ്കിൽ തങ്ങളെ ഹിന്ദുക്കൾക്കു് തുല്യമായി കണക്കാക്കണമെന്ന ആവശ്യം ഉപേക്ഷിച്ചു് രണ്ടാംതരം പൗരന്മാരുടെ പദവി സ്വീകരിക്കുകയോ ചെയ്യണമെന്നു് അദ്ദേഹം ഉപദേശിച്ചു. അഹിന്ദുക്കൾ പൗരാവകാശങ്ങളോ അന്തസുള്ള പെരുമാറ്റം പോലുമോ കൊതിക്കരുതു്. മതപരിവർതനം ചെയ്യുന്ന ഹിന്ദുക്കൾ ഇവിടെ വിദേശികൾ മാത്രമല്ല വഞ്ചകന്മാർ പോലുമാണെന്നു് *വിചാരധാര*യിൽ ഗോൾവാൾകർ ഖണ്ഡിതമായി പറഞ്ഞിട്ടുണ്ടു്. അവരുടെ അഹിന്ദു വിരോധത്തിന്റെ ആഴമാണിതു് വ്യക്തമാക്കുന്നതു്. ഈ ഹൈന്ദവഭ്രാന്തു് സ്വാഭാവികമായും ഇന്ത്യൻ ജനതയുടെ ഐക്യത്തിന്റെ കടയ്ക്കലാണു് കത്തിവെക്കുന്നതു്. വാസ്തവത്തിൽ സ്വാതന്ത്ര്യത്തിനുമുമ്പും പിമ്പും ഇതായിരുന്നു ആർ എസ് എസിന്റെ മുഖ്യപങ്കു്. കരുത്തുറ്റ ബ്രിട്ടീഷ് സാമ്രാജ്യത്തിനെതിരെ പോരാടുന്നതിനും തദ്വാരാ ഒരു രാഷ്ട്രത്തിനു് ജന്മം നൽകുന്നതിനും ഇന്ത്യൻ ജനത വിപുലമായ ഐക്യം ഊട്ടിയുണ്ടാക്കുന്ന തിരക്കിലായിരുന്നപ്പോൾ ഈ ഐക്യം അട്ടിമറിക്കുന്നതിൽ ഏർപെട്ടിരിക്കുകയായിരുന്നു ആർ എസ് എസ്. കൂടാതെ ഈ ആക്രമണോൽസുക ഹൈന്ദവതയും തിപിടിപ്പിക്കുന്ന പ്രവർതനങ്ങളും അഹിന്ദുക്കളെ ഭയവിഹ്വലരാക്കി. അവർ ഹിന്ദുക്കളിൽനിന്നു് വിരണ്ടോടാൻ നിർബന്ധിതരായി. അങ്ങനെ ബ്രിട്ടീഷുകാരുടെ കൈയിലെ കരുക്കളായി മാറി ആർ എസ് എസുകാർ. അന്നു് ബാല്യദശയിലായിരുന്ന ആർ എസ് എസിന്റെ വഞ്ചനാപരമായ പങ്കു് നിമിത്തം ഹിന്ദുമഹാസഭ, ആർ എസ് എസ്, മുസ്ലിംലീഗ് തുടങ്ങിയ വർഗീയ സംഘടനകളിൽ സ്വന്തം

പാർടിക്കാർ അംഗങ്ങളാകുന്നതിനെവിലക്കിക്കൊണ്ട് 1934ൽ കോൺഗ്രസിനു് ഒരു പ്രമേയം അംഗീകരിക്കേണ്ടി വന്നതിൽ അദ്ഭുതമില്ല.

ബ്രിട്ടീഷുകാരെ എതിർക്കുകയെന്നത് ആർ എസ് എസ് നേതാക്കളെ സംബന്ധിച്ചേടത്തോളം ഒരു പിന്തിരിപ്പൻ നീക്കമായിരുന്നു എന്നത് രസകരമാണ്. ഭൂപരമായ ദേശീയതയുടെയും 'പൊതുവിപത്തി'ന്റെയും തത്വങ്ങളുടെയും അടിസ്ഥാനത്തിലാണ് നമ്മുടെ ദേശീയതയുടെ നിലനിൽപ് എന്നതിനാൽ യഥാർഥ ഹിന്ദുദേശീയതയുടെ ആവേശം നമുക്ക് നഷ്ടപ്പെട്ടിരിക്കുകയാണെന്ന് *വിചാരധാര* യിൽ ഗോൾവാൾകർ വിലപിക്കുന്നു. അതുകൊണ്ടാണ് പല ദേശീയ പ്രസ്ഥാനങ്ങളും ബ്രിട്ടീഷ് വിരുദ്ധ സമരങ്ങളായി രൂപപ്പെട്ടതെന്ന് അദ്ദേഹം പറയുന്നു. ബ്രിട്ടീഷ് വാഴ്ചക്കെതിരായ എതിർപ് ദേശാഭിമാനത്തിന്റെയും ദേശീയതയുടെയും പര്യായമായിത്തീർന്നു. ഗോൾവാൾകറുടെ അഭിപ്രായത്തിൽ ഈ 'പിന്തിരിപ്പൻ' സമീപനം ദേശീയ പ്രസ്ഥാനത്തിന്റെയും ദേശീയ നേതാക്കളുടെയും ജനസാമാന്യത്തിന്റെയും ചരിത്രത്തിലാകെ ഭീകരമായ പ്രത്യാഘാതം സൃഷ്ടിച്ചു.

ഈ 'പിന്തിരിപ്പൻ' സമീപനത്തിൽ നിന്ന് ബഹുജനങ്ങളെ രക്ഷിക്കാൻ ആർ എസ് എസ് സ്ഥാപകൻ അങ്ങേയറ്റം ശ്രമിച്ചുവെന്ന കാര്യം വ്യക്തം. അതിനായി അവർ ചെയ്തത് മുസ്ലിങ്ങളെ ഹിന്ദുക്കളുടെ മുഖ്യശത്രുക്കളായി പ്രഖ്യാപിക്കുകയും ഹിന്ദുക്കളെ പ്രതിരോധിക്കാനെന്ന പേരിൽ കലാപങ്ങൾ സംഘടിപ്പിക്കുകയുമായിരുന്നു. 1923-ലെ നാഗ്പൂർ കലാപത്തിന്റെ പശ്ചാത്തലത്തിൽ പിറന്നുവീണ ആർ എസ് എസ് അതിന്റെ ശൈശവ ദശയിൽതന്നെ ഒട്ടേറെ കലാപങ്ങൾ നയിച്ചതിൽ അദ്ഭുതമില്ല.

1927 സപ്തംബറിലെ നാഗ്പൂർ കലാപം ആർ എസ് എസിനെ സംബന്ധിച്ചിടത്തോളം ഒരു പരീക്ഷണമാണെന്ന് തെളിഞ്ഞു. എങ്ങനെ കലാപം സംഘടിപ്പിക്കണമെന്നതിനെക്കുറിച്ച് ആർ എസ് എസ് അതിന്റെ കാഡർമാർക് തങ്ങ

ളുടെ ആദ്യ പരിശീലനം നൽകുക മാത്രമല്ല ഇതിലൂടെ ചെയ്തത്. പിന്നെയോ? ആശയപരമായ ഒരു കാഴ്ചപ്പാട് ഉരുത്തിരിച്ചെടുക്കുകകൂടി ചെയ്തു. 1927-ലെ കലാപം മുസ്ലിങ്ങളുടെ സൃഷ്ടിയായിരുന്നു. ആർ എസ് എസ് കാഡർമാരുടെ ജാഗ്രത അവരെ അതിൽനിന്ന് പിൻതള്ളി. ഹിന്ദുക്കൾ താമസിക്കുന്ന പ്രദേശം ഭാവിയിൽ അക്രമത്തിനിരയായിത്തീരില്ലെന്നതിന് അത് ഉറപ്പുവരുത്തി. ഈ കലാപക്കാലത്ത് പ്രകടിപ്പിക്കപ്പെട്ട ഹിന്ദുസമുദായബോധം ആർ എസ് എസിന് ആത്മവിശ്വാസം ജനിപ്പിച്ചു. അത് ഐക്യം വളർത്തിയെടുത്തു.

അതിനുശേഷം ആർ എസ് എസ് പിന്തുടർന്നുപോന്ന പ്രചാരണരീതി ഇതാണ്. അവർക് മുസ്ലിങ്ങൾ ആക്രമണകാരികളാണ്. ആർ എസ് എസിന്റെ സമരോത്സുകതയില്ലെങ്കിൽ ഇടത്തരം വർഗത്തിൽപെട്ട ഹിന്ദുക്കൾക് സ്വയം പ്രതിരോധിക്കാൻ കഴിയില്ല. മറെറാരു വിധത്തിൽ പറഞ്ഞാൽ ആർ എസ് എസാണ് ഇടത്തരം വർഗത്തിൽപെട്ട ഹിന്ദുക്കളുടെ രക്ഷകർ. ഇവരുടെ രക്ഷയെക്കുറിച്ച് തങ്ങൾക് ഉത്കണ്ഠയുണ്ടെന്ന നാട്യം തുടക്കം മുതലേ ആർ എസ് എസ് പ്രകടിപ്പിച്ചുപോന്നിട്ടുണ്ട്. ഇടത്തരം വർഗത്തിൽപെട്ട അഭ്യസ്തവിദ്യരായ ഹിന്ദുക്കൾ മുസ്ലിങ്ങളുടെ വിധ്വംസക സ്വഭാവത്തെ നേരിടുന്നതിൽ ദൗർബല്യം പ്രകടിപ്പിക്കുകയുണ്ടായെന്നും പകരം പാവപ്പെട്ട അഭ്യസ്തവിദ്യരായ യുവാക്കളെ അതിനുവേണ്ടി ഉപയോഗിക്കുകയായിരുന്നുവെന്നുമുള്ള ഒരു വികാരം 1925-ൽ ചേർന്ന ആർ എസ് എസിന്റെ രൂപീകരണ സമ്മേളനത്തിൽ തന്നെ പ്രകടമായി. അതുകൊണ്ടാണ് ഇടത്തരം വർഗത്തിൽപെട്ട അഭ്യസ്തവിദ്യരായ യുവാക്കളെ സംഘടിപ്പിക്കുന്നതിന് ആ യോഗം തീരുമാനിച്ചത്. അങ്ങനെ ചെയ്യുമ്പോൾ അവർക് തങ്ങളുടെ സംരക്ഷണത്തിനായി പാവപ്പെട്ടവരെ ആശ്രയിക്കേണ്ടിവരില്ലല്ലോ.

തങ്ങളുടെ ആദ്യവിജയത്തിന്—സെപ്തംബർ 27-ന്റെ കലാപം—തൊട്ടുമുമ്പ് മാത്രമാണ് (1927 ഏപ്രിൽ 15 മു

തൽ ജൂൺ 15 വരെ) കാഡർമാർക്ക് പരിശീലനം നൽകുന്നതിന് ആർ എസ് എസ് പരിശീലനക്യാമ്പ് സംഘടിപ്പിച്ചതെന്നത് സ്മരണീയമാണ്. ആ ക്യാമ്പിൽ പങ്കെടുത്ത 20 പേർക്ക് ലാത്തിയും വാളും കുന്തവും കത്തിയും മറ്റും ഉപയോഗിക്കുന്നതിന് പരിശീലനം നൽകി. 1927-ലെ കലാപകാലത്തും അതിനുശേഷവും ആർ എസ് എസിന്റെയും അതിന് പിന്തുണ നൽകിയവരുടെയും കരുത്തുകൂട്ടിയത് ഈ പരിശീലനമാണ്. നാഗ്പൂരിൽ അതിന്റെ സ്വാധീനം അതിവേഗം വർധിക്കുന്നതിന് അതിടയാക്കി.

ബ്രിട്ടീഷ് ഭരണാധികാരികളും അവരുടെ ഇന്റലിജൻസ് ഡിപ്പാർട്ടുമെന്റും ആർ എസ് എസിന്റെ പങ്കിനെ എങ്ങനെ കണ്ടിരുന്നുവെന്നത് ഇപ്പോഴും തികച്ചും രസകരമാണ്. പൊളിറ്റിക്കൽ ഇന്റലിജൻസ് ഡിപ്പാർട്ടുമെന്റിലെ ഒരുദ്യോഗസ്ഥനായ ബവറിജ് 1942-ൽ കണക്കാക്കിയത് ആർ എസ് എസിനെ ഹിന്ദുമഹാസഭ വളരെയധികം സ്വാധീനിച്ചുവെന്നാണ്. ഒരു ഭാഗത്ത് ഗവൺമെന്റും മറുഭാഗത്ത് ആർ എസ് എസും അതിന്റെ ഉപദേശകരായ ഹിന്ദുമഹാസഭയും തമ്മിൽ ഏറ്റുമുട്ടുന്ന ഒരു ഘട്ടത്തിൽ മാത്രമെ അത് ബ്രിട്ടീഷ് വാഴ്ചയ്ക്ക് ആപൽകരമായിത്തീരുകയുള്ളുവെന്നും അദ്ദേഹം കണക്കാക്കി. അത്തരം പ്രവർത്തനങ്ങളിൽ ഏർപെടുന്നതിലൊന്നും ആർ എസ് എസിന് താൽപര്യമില്ലെന്നും അദ്ദേഹം ചൂട്ടിക്കാട്ടി. തങ്ങളുടെ രാഷ്ട്രീയമരണത്തിനിടയാക്കുന്ന സംഭവങ്ങൾ ഉണ്ടാകാൻ പോവുകയാണെന്ന് ഭയപ്പെടുമ്പോൾ മാത്രമെ ആർ എസ് എസ് അത്തരം പ്രവർത്തനങ്ങളിലിടപെടൂ.

എങ്കിലും ഒരു രൂപത്തിലല്ലെങ്കിൽ മറെറാരു രൂപത്തിൽ ആർ എസ് എസ് സജീവമായിരുന്നു—അവരുടെ പ്രവർത്തനം ബ്രിട്ടീഷുകാരെ സഹായിച്ചെങ്കിലും. ബവറിജിന്റെ റിപ്പോർട്ടുപ്രകാരം ക്രമപ്രബുദ്ധമായ വളർച്ചയാണ് ആർ എസ് എസ് ലക്ഷ്യം വച്ചത്. അതിനുള്ള തയ്യാറെടുപ്പുകളാണ് അവർ നടത്തിയതും. ഒരു നിയമവും ലംഘിക്കരുതെന്നും അധികൃതരുമായി ഏറ്റുമുട്ടരുതെന്നും

അത് തീരുമാനിച്ചിരുന്നു. പൊതുവെ ആ തീരുമാനത്തിൽ ഉറച്ചുനിൽക്കുകയും ചെയ്തു. രണ്ട് അപവാദങ്ങളും മാത്രമാണ് റിപ്പോർട് ഉദ്ധരിച്ചത്. ഒന്ന്, അമിതമായ സാമുദായിക സവിശേഷതമൂലം ആർ എസ് എസ് സാമുദായിക ലഹളകളിലും അതുപോലുള്ള മറ്റ് പ്രവർത്തനങ്ങളിലും എടുത്തുചാടുക അനിവാര്യമായിരുന്നു. രണ്ട്, യൂണിഫോം ധരിക്കുകയും പരേഡുകളും സംഘടിപ്പിക്കുകയും ചെയ്യുന്നതിന്മേൽ 1940-ൽ നിരോധനമേർപെടുത്തിയതിൽ ആർ എസ് എസിന് ആക്ഷേപമുണ്ടായിരുന്നു. നിരോധനത്തോടുള്ള ആർ എസ് എസിന്റെ ഔദ്യോഗികമായ സമീപനം വീക്ഷിച്ച ഗവൺമെൻറിന് ഉത്തരവുകളും അനുസരിക്കാൻ ആ സംഘടന സദാ സന്നദ്ധമാണെന്ന് ബോധ്യമായി.

ബ്രിട്ടീഷ്ഭരണത്തെ പുറന്തള്ളുന്നത് ഇന്ത്യയിൽ മുസ്ലിംവാഴ്ച പുനഃസ്ഥാപിക്കുന്നതിനിടയാക്കും എന്ന പ്രചാരണം നടത്തിയ സംഘടനകളുടെ മുൻപന്തിയിൽ ആർ എസ് എസ് ഉണ്ടായിരുന്നത് ആകസ്മികമല്ല. മാത്രമല്ല, ബ്രിട്ടീഷുകാർ ഇന്ത്യ വിടുന്ന നിമിഷംവരെ അവരിവിടെ നിന്ന് കെട്ടുകെട്ടുമെന്ന് വിശ്വസിക്കാൻ ആർ എസ് എസ് തയ്യാറായിരുന്നില്ല. ആർ എസ് എസ് വിദഗ്ധനായ ദേശരാജ് ഗോയൽ 1947 ആഗസ്ത് രണ്ടാം വാരത്തിൽ—അതായത് ഇന്ത്യ സ്വാതന്ത്ര്യം നേടുന്നതിന് തൊട്ടുമുമ്പ്—പഞ്ചാബിലെ ഫഗ്വാരയിൽ ആർ എസ് എസ് സംഘടിപ്പിച്ച ഒ ടി സി ക്യാമ്പിന്റെ ദൃക്സാക്ഷിയായിരുന്നു. ക്യാമ്പിൽ പങ്കെടുത്ത ഒരാൾ ചോദിച്ചു: ''ബ്രിട്ടീഷുകാർ ഇന്ത്യ വിടുകയാണ്. ഇനി ആർ എസ് എസിന്റെ പങ്ക് എന്തായിരിക്കും?'' ആ ചോദ്യം കേട്ട് ആർ എസ് എസ് തലവൻ ഗോൾവാൾകർ പൊട്ടിച്ചിരിച്ചു. ''ബ്രിട്ടീഷുകാർ ഇന്ത്യവിടുമെന്ന് നിങ്ങൾ യഥാർഥത്തിൽ വിശ്വസിക്കുന്നുണ്ടോ?'' അദ്ദേഹത്തിന്റെ മറുചോദ്യം—അധികാരം കയ്യാളാൻ കച്ചകെട്ടിനിൽകുന്നവർ ഒന്നിനും കൊള്ളാത്തവരാണ്. ഒരു മാസം പോലും ഭരണം നടത്താൻ അവർകാവില്ല. അവർ തന്നെ ബ്രിട്ടീഷുകാരോട് തിരിച്ചുവരാൻ കേണപേക്ഷിക്കും. അപ്പോൾ ആർ

എസ് എസിനു് അതിന്റെ പഴയ പണി തുടരേണ്ടിവരും—ഗോംവാംകർ കൂട്ടിച്ചേർത്തു.

ആ ജോലിയെന്തെന്നു് സ്വാതന്ത്ര്യലബ്ധിക്കുമുമ്പും പിമ്പും ആർ എസ് എസ് വ്യക്തമാക്കി. സാമുദായിക വൈരം വ്യാപിപ്പിക്കുകയും അതുവഴി ജനകീയ ഐക്യം തകർക്കുകയും ചെയ്യുക എന്നതുതന്നെ മുഖ്യം. 1946-ൽ പ്രത്യക്ഷസമരം നടത്തുന്നതിനു് മുസ്ലിം ലീഗ് ആഹ്വാനം നൽകിയതിനെത്തുടർന്നുളവായ അവസരം മുതലാക്കാൻ ആർ എസ് എസ് ലഹളകൾ സംഘടിപ്പിച്ചു. ''ഹിന്ദു-മുസ്ലിം ഐക്യം കൂടാതെ സ്വരാജില്ല'' എന്നു് പ്രഖ്യാപിക്കുന്നവർ സമൂഹത്തോടു് കടുത്ത വഞ്ചന കാണിച്ചിരിക്കുകയാണെന്നും മഹത്തും പൗരാണികവുമായ ഒരു വംശത്തിന്റെ മർമപ്രധാനമായ ശക്തിയെ തകർത്തുകളഞ്ഞിരിക്കുകയാണെന്നും ഒരു പ്രസംഗത്തിൽ പറയുന്നേടത്തോളം പോയി ഗോംവാംകർ. അതുകൊണ്ടു് ആർ എസ് എസിനെ സംബന്ധിച്ചേടത്തോളം അത്തരമൊരാഹ്വാനം കടുത്ത 'രാജ്യദ്രോഹ'മാണു്—ലോകചരിത്രത്തിൽ അഭൂതപൂർവമായ രാജ്യദ്രോഹം.

1947-ൽ ആർ എസ് എസിന്റെ മറ്റൊരു മുഖം വെളിവായി. അക്കൊല്ലം നടന്ന ഇന്ത്യാവിഭജനത്തെ ഹിന്ദുക്കൾക്കു് സംഭവിച്ച പരാജയമായി അവർ ചിത്രീകരിച്ചു. ചുരുങ്ങിയതു് തങ്ങളുടെ നാട്ടുരാജ്യങ്ങളെയെങ്കിലും രാജ്യത്തിന്റെ ഇതരഭാഗങ്ങളിൽനിന്നു് വേർപെടുത്താൻ ശ്രമിച്ചുകൊണ്ടിരുന്ന ചില രാജാക്കന്മാരുടെ അഞ്ചാം പത്തികളായി പ്രവർത്തിക്കാൻ ആർ എസ് എസ് ശ്രമിക്കുകയായിരുന്നുവെന്നും അതിനു് പ്രതിഫലമായി ആർ എസ് എസിനു് ഉദാരമായ സഹായം കിട്ടിക്കൊണ്ടിരുന്നുവെന്നുമുള്ള ചില വിവരങ്ങളും വെളിച്ചത്തുവന്നു. അവരിൽ പ്രധാനികൾ ജെയ്സാൽമർ, ജോദ്പൂർ, അൽവാർ, ഭരത്പൂർ, ബറോഡ എന്നിവിടങ്ങളിലെ രാജാക്കന്മാരായിരുന്നു.

തങ്ങളുടെ മുസ്ലിം വിരുദ്ധ നിലപാടുമൂലം ഷേക്ക് അബ്ദുള്ളക്കെതിരെ കാശ്മീരിലെ ഭോഗ്ര മഹാരാജാവുമായി ആർ എസ് എസ് കൂട്ടുകൂടി. ഈ മഹാരാജാവ്

കാശ്മീർ ഇന്ത്യൻ യൂണിയനിൽ ലയിക്കുന്നതിന് എതിരായിരുന്നുവെന്നോർക്കണം. ഈ സംസ്ഥാനം ഇന്ത്യൻ യൂണിയനിൽ ലയിച്ചുചേർന്നതിനുശേഷവും തങ്ങളുടെ തട്ടിപ്പ് ആർ എസ് എസ് തുടർന്നു. അക്രമികളോട് പോരാടുന്നതിന് രൂപീകരിച്ച വളണ്ടിയർ സംഘടനയായ നാഷണൽ മിലീഷ്യയിലെ അംഗങ്ങളുടെ കൈയിൽനിന്ന് ആർ എസ് എസ് കാഡർമാർ ആയുധങ്ങളും വെടിക്കോപ്പുകളും പിടിച്ചെടുക്കുകയാണെന്ന-സംസ്ഥാനആഭ്യന്തരമന്ത്രി ഭക്ഷി ഗുലാം മൊഹമ്മദ് ആവർത്തിച്ച് കേന്ദ്രത്തിൽ ആക്ഷേപം ബോധിപ്പിച്ചു. അങ്ങനെയാണ് ആർ എസ് എസ് ദേശവിരുദ്ധ ശക്തികളെ സഹായിച്ചത്; ഇന്ത്യയിൽനിന്ന് നാട്ടുരാജ്യങ്ങൾ വേറിട്ടുപോകുന്നതിന് സഹായിക്കാൻ ശ്രമിച്ചത്; 'ദേശാഭിമാന'ത്തിന്റെ പേരിൽ ഇതുപോലുള്ള പല വൃത്തികെട്ട പ്രവൃത്തികളും ചെയ്തത്.

ദേശീയപ്രസ്ഥാനത്തിന്റെ നാളുകളിൽ രാഷ്ട്രീയ രംഗത്ത് മറെറാരു ശക്തി ഉയർന്നുവന്നു—സോഷ്യലിസം. ആർ എസ് എസിന്റെയും രാജ്യത്തിനകത്തും പുറത്തുമുള്ള അതിന്റെ രക്ഷാകർത്താക്കളുടെയും ശവക്കുഴി തോണ്ടുമെന്ന് ആ ശക്തി ഭീഷണി മുഴക്കി. എല്ലാ രൂപത്തിലുമുള്ള ചൂഷണത്തിനെതിരെ അധ്വാനിക്കുന്നവരുടെ ദൃഢമായ ഐക്യം ഊട്ടിയുണ്ടാക്കാൻ കഴിവുള്ള ഒരു ശക്തിയായിരുന്നു അത്. കോൺഗ്രസ് നേതൃത്വം അങ്ങനെ ചെയ്യാൻ തയ്യാറായിരുന്നില്ല. സ്വാഭാവികമായും തങ്ങൾക്കെതിരെ ഉയർന്നുവന്ന ആപൽകരമായ ഒരു ശക്തിയായി ഫ്യൂഡൽ രാജാക്കന്മാരും ബ്രിട്ടീഷുകാരും ആർ എസ് എസും ഇതിനെ കണക്കാക്കാൻ അധികകാലം വേണ്ടിവന്നില്ല. അതുകൊണ്ട് ഈ ഭീഷണിയെ നേരിടാൻ എത്രയുംവേഗം രാജ്യവ്യാപകമായി രംഗത്തിറങ്ങണമെന്ന് ആർ എസ് എസ് നേതൃത്വം കാഡർമാരെ ആഹ്വാനം ചെയ്തു. ''കാത്തിരിക്കാൻ സമയമില്ല''—നേതൃത്വം കാഡർമാരെ ഓർമിപ്പിച്ചു. 1937-40 കാലത്ത് ആർ എസ് എസ് അതിന്റെ പ്രവർത്തനം ശക്തിപ്പെടുത്തിയതിന്റെ മുഖ്യകാരണം ഇതാണ്.

ഈ ജോലി ഏറെറടുക്കുന്നതിന് ആർ എസ് എസിനെ

തയ്യാറാക്കി നിർത്തുകയെന്നചുമതല ഹെഡ്ഗേവറുടെപിന്തു ടർച്ചാവകാശിയായഗോൾവാൾകറുടെമേൽവന്നുവീണു1940 കളുടെ പകുതിയിൽ അദ്ദേഹം സംഘടനാ നേതൃത്വം ഏറെറ ടുത്തു. ഹെഡ്ഗേവാറെ സംബന്ധിച്ചിടത്തോളം ആർ എസ് എസിന്റെ മുഖ്യസാരഥ്യശക്തി അഹിന്ദുക്കളോടുള്ള എ തിർപായിരുന്നു. അതുകൊണ്ട് ''ഹൈന്ദവതയാണ് ദേശീ യത'' എന്ന മുദ്രാവാക്യം അദ്ദേഹം മുമ്പോട്ടുവെച്ചു. ഗോൾ വാൾകർ ഇതിനെ ഒരടികൂടിമുമ്പോട്ടുകൊണ്ടുപോവുകയും ''ഹൈന്ദവതയാണ് സോഷ്യലിസമല്ല'' എന്ന മുദ്രാവാക്യ മുയർത്തുകയും കമ്യൂണിസ്റ്റുവിരുദ്ധ മൂശയിൽ ആർ എസ് എസിനെ വാർതെടുക്കുകയും ചെതു. മഹാത്മാഗാന്ധി യുടെ വധത്തെത്തുടർന് 1948 ഫെബ്രുവരി 3-ാം തിയതി ആർ എസ് എസിനെ നിരോധിച്ചപ്പോൾ അവരുടെ പദ്ധതി കളാകെ അവതാളത്തിലായി. അപ്പോൾ തങ്ങളകപ്പെട്ട വിഷമ സന്ധിയിൽ നിന്ന് തലയൂരാൻ അവർ 'കമ്യൂണിസ്റ്റ് ഭീഷ ണി' എന്ന ഇമ്പച്ചി കാട്ടി. ഇതിന്റെ പേരിൽ സകലമാന പിന്തിരിപ്പന്മാരെയും തങ്ങളുടെ കൊടിക്കീഴിലണിനിര ത്താൻ ഗോൽവാൾകറുടെ നേതൃത്വത്തിൽ തീവ്രമായ ശ്രമം നടന്നു. സ്വാതന്ത്ര്യാനന്തരമുള്ള ആദ്യത്തെ ഏതാനും വർഷ ങ്ങളിൽ കമ്യൂണിസ്റ്റുകാരെ നേരിടാൻ തങ്ങൾകുള്ള കഴിവ് തെളിയിക്കുന്നതിന് ഗോൾവാൾകർ പരമാവധി ശ്രമിച്ചു. താൻ വഞ്ചകന്മാരുടെഗവൺമെന്റെന്നും മറും വിശേഷിപ്പി ച്ച കോൺഗ്രസ് ഗവൺമെൻറുമായി നടത്തിയ എഴുത്തുകു ത്തുകളിൽ തങ്ങളുടെ ഈ കഴിവ് സ്ഥാപിച്ചുറപ്പിക്കാൻ അദ്ദേഹം ശ്രമിച്ചു.

1948 സപ്തംബർ 4-ന് ഗോൾവാൾകർ പ്രധാനമന്ത്രി നെഹ്റുവിന് കത്തെഴുതി. ആർ എസ് എസിന്റെ നിരോ ധനത്തെതുടർന് അഭ്യസ്തവിദ്യരായ യുവാക്കൾ കമ്യൂണി സ്റ്റ് വലയിൽ അകപ്പെടുകയാണെന്ന് അതിലദ്ദേഹം നെ ഹ്റുവിനെ ഓർമിപ്പിച്ചു. ബർമയിലും ഇന്തോ-ചൈനയി ലും ജാവയിലും മററയൽരാജ്യങ്ങളിലും നടക്കുന്ന സംഭവ ങ്ങൾ ചൂണ്ടിക്കാട്ടി. അതിന്റെ 'ആപത്തിനു' നേരെ പ്രധാന

മന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. ''അവരുടെ മുന്നേറ്റത്തെക്കുറിച്ചുള്ള റിപ്പോർട്ടുകൾ ഭീതിജനകമാണ്''—അദ്ദേഹം നെഹ്റുവിന് മുന്നറിയിപ്പ് നൽകി. ഇക്കാര്യങ്ങളെക്കുറിച്ചെല്ലാം നെഹ്റു ശാന്തമായി ആലോചിക്കുമെന്നും ആർ എസ്എസിന്റെ മേലുള്ള നിരോധനം പിൻവലിക്കുമെന്നും അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു. നിരോധനം പിൻവലിക്കുകയാണെങ്കിൽ സാംസ്കാരികരംഗത്ത് കമ്യൂണിസ്റ്റ് ഭീഷണി നേരിടുന്നതിന് തങ്ങൾക് ഗവൺമെന്റിനെ സഹായിക്കാൻ കഴിയുമെന്നുംഅദ്ദേഹം നെഹറുവിനെ അറിയിച്ചു.

നെഹ്റുവുമായി താരതമ്യപ്പെടുത്തുമ്പോൾ ആശയപരമായി പട്ടേലിനാണ് തങ്ങളോട് കൂടുതൽ ആഭിമുഖ്യമെന്ന് ആർ എസ് എസ് കണക്കാക്കി. ഗോൾവാൾകർ പട്ടേലിന് അയച്ച കത്തിന്റെ സ്വരവും ഇതുതന്നെയായിരുന്നു. അതിനുപക്ഷെ, അഹന്തയുടെ നേരിയ ചുവയുണ്ടെന്നുമാത്രം. രാജ്യം നേരിടുന്ന ആപത്തിനെക്കുറിച്ച് മുന്നറിയിപ്പ് നൽകേണ്ടത് തന്റെ ജോലിയല്ലെന്നും വിദേശ ഇസങ്ങളിൽ യുവാക്കൾ അകപ്പെട്ടുപോകുന്നത് തടയാതിരിക്കാൻ തനിക്ക് കഴിയാത്തതുകൊണ്ടാണ് താനങ്ങനെ ചെയ്യുന്നതെന്നും തന്റെ കത്തിൽ ഗോൾവാൾകർ വ്യക്തമാക്കിയിട്ടുണ്ട്. ഇക്കാര്യം പട്ടേൽ മനസിലാക്കുമെന്ന് അദ്ദേഹം വിശ്വാസം പ്രകടിപ്പിച്ചു. ആർ എസ് എസിന്റെ സംഘടിത സാംസ്കാരിക പ്രസ്ഥാനവുമായി കൈകോർത്തുപിടിക്കാൻ ഭരണയന്ത്രത്തെ ഗവൺമെന്റ് അനുവദിക്കുകയാണെങ്കിൽ കമ്യൂണിസ്റ്റ് ഭീഷണി നേരിടാൻ കഴിയുമെന്ന വിശ്വാസവും അദ്ദേഹം പ്രകടിപ്പിച്ചു.

കമ്യൂണിസ്റ്റ് ഭീഷണിയെക്കുറിച്ച് ആർ എസ് എസ് നടത്തിയ മുറവിളിയാണോ അതിന്റെ മേൽലേർപെടുത്തിയ നിരോധനം പിൻവലിക്കാൻ ഗവൺമെന്റിനെ പ്രേരിപ്പിച്ചതെന്ന് ചർചചെയ്യുന്നത് നിഷ്ഫലമാണ്. എങ്കിലും ഒരു കാര്യം തീർച. രാജ്യത്തിനകത്തും പുറത്തുമുള്ള കമ്യൂണിസ്റ്റുവിരുദ്ധ ശക്തികൾ ആർ എസ് എസിന്റെ ഈ പങ്ക് ശരിക്കും മനസിലാക്കിയിരുന്നു. ഇന്ത്യയിൽ ഇടതുപക്ഷശ

ക്തികൾക്ക് മുൻകൈ ലഭിക്കുകയോ അല്ലെങ്കിൽ 'കമ്യൂണിസ്റ്റ് സാമ്രാജ്യത്വം' (സോഷ്യലിസ്റ്റ് ചേരി എന്ന് വായിക്കുക—വിവർത്തക) ഇന്ത്യക്കുനേരെ ഭീഷണി ഉയർത്തുകയോ ചെയ്യുകയാണെങ്കിൽ അതുകൊണ്ട് ഏറ്റവും വലിയ നേട്ടമുണ്ടാകുക ആർ എസ് എസിനാണെന്നും അതിന്റെ കൊടിക്കീഴിൽ മാർക്സിസ്റ്റ്-വിരുദ്ധശക്തികൾ മുഴുവൻ അണിനിരക്കുമെന്നും ആർ എസ് എസിനെക്കുറിച്ച് പഠിക്കാൻ സിഐഎ ചുമതലപ്പെടുത്തിയ ജെ എ കറാൻ വളരെ നേരത്തെതന്നെ മനസിലാക്കി. തങ്ങളുടെ കരുനീക്കങ്ങൾക്ക് ആർ എസ് എസിനെ എങ്ങനെ ഉപയോഗിക്കാൻ കഴിയുമെന്ന് ഈയൊരു കാഴ്ചപ്പാടോടെയാണ് അമേരിക്കൻസാമ്രാജ്യത്വം വീക്ഷിച്ചത്. കറാന്റെ നിഗമനത്തെ ആർ എസ് എസും ന്യായീകരിച്ചു. ഇന്നും ഇടതുപക്ഷത്തിന്റെ നെടുങ്കോട്ടകളായ പശ്ചിമബംഗാളിലും കേരളത്തിലും ത്രിപുരയിലും പിന്തിരിപ്പൻ ശക്തികൾക്ക് ആർ എസ് എസ് നേതൃത്വം നൽകുന്നില്ലായിരിക്കും. എങ്കിലും അത് പിന്തിരിപ്പൻ കൂട്ടുകെട്ടിന്റെ ഒരു ഭാഗംതന്നെയാണ്.

സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ആർ എസ് എസിന്റെ പങ്കിനെക്കുറിച്ച് മനസിലാക്കുന്നതിന് അതിന്റെ ഈ വശം മനസിലാക്കിയിരിക്കേണ്ടതാണ്. തങ്ങളുടെ കടുത്ത 'ഹൈന്ദവത' ഉപയോഗിച്ച് അത് ജനങ്ങളുടെ സമരൈക്യത്തെ തകർക്കാൻ ശ്രമിക്കുന്നു എന്നുമാത്രമല്ല, അതിൽ ഒട്ടും കുറയാത്ത കടുത്ത കമ്യൂണിസ്റ്റ് വിരോധമുപയോഗിച്ച് ചൂഷകവർഗങ്ങളെ പ്രത്യക്ഷമായിത്തന്നെ സഹായിക്കുകയും ചെയ്യുന്നു. എല്ലാ പുരോഗമനാശയങ്ങൾക്കും എതിരായ അവർ ചൂഷകവർഗങ്ങളെ കൂറെക്കൂടി നല്ല നിലയിൽ സേവിക്കുന്നതിന് അധികാരം പിടിച്ചടക്കാൻ ശ്രമിക്കുകയും ചെയ്യുന്നു.

എങ്കിലും ആർ എസ് എസിന് പ്രവർത്തിക്കേണ്ട ജനാധിപത്യ സംവിധാനം അതിന്റെ ആശയവുമായും രീതികളുമായും മുദ്രാവാക്യങ്ങളുമായും പൊരുത്തപ്പെട്ടു പോകുന്നതല്ല. അതുകൊണ്ട് പരിതഃസ്ഥിതികൾക്കൊത്ത് വ്യത്യസ്ത മുഖംമൂടിഎടുത്തണിയാൻ അത് നിർബന്ധിതമായി

ത്തീരുന്നു. തങ്ങളുടേത് ഒരു സാംസ്കാരിക സംഘടനയാണെന്നത് അവർ നിരന്തരം എടുത്തണിയുന്ന ഒരു മുഖംമൂടിയാണ്.

ജനാധിപത്യ രാഷ്ട്രീയ സംവിധാനത്തിൽ ഒരു രാഷ്ട്രീയപാർടിക്കുണ്ടായിരിക്കേണ്ട ഉത്തരവാദിത്വം ഏറെറടുക്കാൻ ആർ എസ് എസ് തയ്യാറല്ല. അതുകൊണ്ട് രാഷ്ട്രീയപാർടിയെന്ന നിലയിൽ ജനങ്ങളുടെ മുമ്പിൽ പ്രത്യക്ഷപ്പെടാതിരിക്കാൻ അവർ പ്രത്യേകം ശ്രദ്ധിക്കുന്നു. എങ്കിലും യുവാക്കളുടെയും വിദ്യാർഥികളുടെയും തൊഴിലാളികളുടെയും ഗിരിവർഗക്കാരുടെയും മറ്റും രാഷ്ട്രീയമോ അർധരാഷ്ട്രീയമോ ആയ ഒട്ടേറെ സംഘടനകൾക് അത് രൂപം നൽകിയിട്ടുണ്ട്. വിദ്യാഭ്യാസത്തിന്റെയും സ്പോർടസിന്റെയും സംസ്കാരത്തിന്റെയും മറ്റുംപേരിൽ രാജ്യവ്യാപകമായി സ്ഥാപനങ്ങളുടെ ഒരു ശൃംഖല തന്നെ അത് സൃഷ്ടിച്ചു. അതേസമയം സ്വന്തം നിയന്ത്രണത്തിൽ ജനസംഘം എന്നപേരിൽ ഒരു രാഷ്ട്രീയപാർടിയും അത് രൂപീകരിച്ചു. അതിന്റെ ഇപ്പോഴത്തെ പേരാണ് ഭാരതീയ ജനതാപാർടി. (ബി ജെ പി)

ഒരുതരത്തിലല്ലെങ്കിൽ മറെറാരുതരത്തിൽ ഈ സംഘടനകളും സ്ഥാപനങ്ങളുമെല്ലാം അധികാരം പിടിച്ചെടുക്കുകയെന്ന ഒരു ലക്ഷ്യത്തിനുവേണ്ടിയാണ് പ്രവർത്തിക്കുന്നത്. പരസ്യമായി രംഗത്തുവരാതെ അതിനുവേണ്ടിയാണ് ആർ എസ് എസ് ശ്രമിക്കുന്നതും. ഈ സാഹചര്യത്തിൽ അധികാരലഹരി തലയ്ക്കുപിടിച്ചിട്ടില്ലാത്ത ശുദ്ധാത്മാക്കളാണ് തങ്ങളെന്നാണ് ആർ എസ് എസ് നേതാക്കളുടെ പൊങ്ങച്ചം പറച്ചിൽ. എങ്കിലും അവരുടെ അവകാശവാദം അംഗീകരിക്കാൻ തലയ്ക്കുവെളിവുള്ള ആരും തയ്യാറാവുകയില്ല. ആർ എസ് എസ് അതിന്റെ പ്രവർതനങ്ങൾ തിരശീലക്ക് പിന്നിൽനിന്ന് നടത്തുന്നതുകൊണ്ടാണ് മുന്നണിസംഘടനകൾക് തങ്ങൾ ആർ എസ് എസിൽനിന്ന് വ്യത്യസ്തമാണെന്ന നാട്യവുമായി ജനങ്ങളുടെ മുമ്പിൽ നിൽകാൻ കഴിയുന്നത്.

ആർ എസ് എസിന്റെ ഈ കപട സ്വഭാവമാണ് ദേശീയ തലത്തിൽ കോൺഗ്രസിതരഗവൺമെന്റെന്ന ആദ്യത്തെ പരീക്ഷണം പരാജയപ്പെടാൻ കാരണം. ദ്വയാംഗത്വ പ്രശ്നമായിരുന്നുവല്ലൊ 1979-ൽ ജനതാപാർടിക്കകത്ത് ഗുരുതരമായ പ്രതിസന്ധി സൃഷ്ടിച്ചതും ആ ഗവൺമെന്റിന്റെ പതനത്തിന് വഴിയൊരുക്കിയതും. ആർ എസ് എസിന്റെ കാപട്യമാണ് അങ്ങനെയൊരു പ്രശ്നം സൃഷ്ടിച്ചത്. സൈദ്ധാന്തികമായി ജനസംഘം ജനതാപാർടിയിൽ ലയിച്ചു ചേർന്നതിനാൽ അതിന്റെ കേഡർമാർ ജനതാപാർടിയുടെ ചട്ടങ്ങൾക്കും നിയന്ത്രണങ്ങൾക്കും അച്ചടക്കത്തിനും വിധേയമായിട്ടാണ് പ്രവർത്തിക്കേണ്ടിയിരുന്നത്. പക്ഷെ, തിരശീലക്കുപിന്നിൽ നിന്ന് പ്രവർത്തിക്കുന്ന ആർ എസ് എസിന് വിധേയമായിത്തന്നെ അവർ പ്രവർത്തനം തുടർന്നു. അതായത് ജനതാപാർടിയുടെ അച്ചടക്കത്തിന് വിധേയമായി പ്രവർത്തിക്കാൻ അവർ തയ്യാറായില്ലെന്നർഥം. സാധാരണനിലയിൽ ബഹുജന സംഘടനകൾക്ക് മാർഗദർശനം നൽകുകയും ബഹുജന സംഘടനകളെ നയിക്കുകയും ചെയ്യുക രാഷ്ട്രീയ പാർടിയാണ്. ഇവിടെ രാഷ്ട്രീയ പാർടിതന്നെ മുന്നണി സംഘടനയായി മാറുകയും രാഷ്ട്രീയമില്ലെന്നവകാശപ്പെടുന്ന മാതൃസംഘടന പിന്നിൽനിന്ന് അതിനെ നയിക്കുകയും ചെയ്യുന്ന അസാധാരണമായ കാഴ്ചയാണ് നാം കാണുന്നത്. ആ മാതൃസംഘടനയാവട്ടെ, അതിന്റെ പാർലമെന്ററി വിഭാഗത്തെ അത് ലയിച്ചുചേർന്ന പാർടിയുടെ ചട്ടങ്ങൾക്കനുരോധമായി പ്രവർത്തിക്കുന്നതിനെ തടയുന്നു. സ്വാഭാവികമായും ജനതാപാർടിയിലെ മറ്റു ഘടകകക്ഷികൾക്ക് ഇത് അംഗീകരിക്കാൻ കഴിഞ്ഞില്ല. ദ്വയാംഗത്വസമ്പ്രദായം അവസാനിപ്പിക്കണമെന്ന് അവർ ആവശ്യപ്പെട്ടു. ആർ എസ് നേതൃത്വം ന്യായമായ ഈ ആവശ്യം അംഗീകരിക്കുന്നതിനു പകരം ജനതാപാർടിക്കകത്ത് ഒരു പിളർപ് അടിച്ചേൽപിച്ചു.

തങ്ങളുടെ ഇരട്ടപ്പങ്കിനെ എങ്ങനെയാണ് ആർ എസ് എസ് കാണുന്നതെന്നത് രസകരമാണ്. അധികാരക്കൊതി

യില്ലാത്ത സ്വഭാവശുദ്ധിയുള്ള ആളുകളെ വാർത്തെടുക്കുന്നതിൽ താൽപര്യമുള്ള തികച്ചും സാംസ്കാരികമായ ഒരു സംഘടനയാണെന്നാണ് അത് അവകാശപ്പെടുന്നത്. ഇങ്ങനെ വാർത്തെടുക്കുന്ന പൗരന്മാർ ആരോഗ്യമുള്ള ഒരു രാഷ്ട്രം കെട്ടിപ്പടുക്കുന്നതിന് മഹത്തായ സംഭാവന നൽകുമെന്ന് ആ സംഘടനാനേതൃത്വം തുടർന്നുപറയുന്നു. ഈ നിലയിൽ തങ്ങളുടെ സംഘടന സങ്കുചിത രാഷ്ട്രീയത്തിന് അതീതവും അപ്പുറവുമാണെന്നും ഒരു രാജഗുരുവിന്റെ (രാജാവിന്റെ ആത്മീയ വഴികാട്ടി) പങ്കാണ് അതിന് വഹിക്കാനുള്ളതെന്നും അവകാശപ്പെടുന്നു. ആർ എസ് എസിന്റെ ഈ 'രാജഗുരു' ഭാവമാണ് ജനതാപാർടിയെ പിളർപിലെത്തിച്ചത്. തങ്ങൾ ജനതാപാർടിയെ ശക്തിപ്പെടുന്നതിനുള്ള നടപടികളാണ് മാത്രമാണ് കൈക്കൊണ്ടതെന്നത്രെ ആ സമയത്തും ആർ എസ് എസുകാർ പറഞ്ഞുകൊണ്ടിരുന്നത്. വാസ്തവത്തിൽ അവർ ജനതാപാർടിയെ 'ശക്തിപ്പെടുത്തി'യതുപോലെയാണ്; ജമ്മു-കാശ്മീരിലെ വഞ്ചകനായ രാജാവിന്റെ പക്ഷം ചേർന്ന് ഇന്ത്യയുടെ ഐക്യം 'ശക്തിപ്പെടുത്തി'യതുപോലെയാണ്; ആസാമിലെ വിഘടനവാദികളുടെ പ്രക്ഷോഭത്തിന് പിന്തുണ നൽകി രാജ്യത്തെ 'ശക്തിപ്പെടുത്തി'യതുപോലെയാണ്; . അല്ലെങ്കിൽ ബാബറി മസ്ജിദ് തകർത് രാജ്യത്താകെ മുസ്ലിം വിരുദ്ധകലാപം കുത്തിയിളക്കി ഇപ്പോഴും രാജ്യം 'ശക്തിപ്പെടുത്തിക്കൊണ്ടി'രിക്കുന്നതുപോലെയാണ്.

ഒരർഥത്തിൽ അവർ ശരിയാണ്. അഹിന്ദുക്കളെ മൃഴുവൻ പുറത്താക്കിക്കൊണ്ട് രാജ്യത്തിന്റെ ഐക്യം 'ശക്തിപ്പെടുത്താൻ' അവർ ആഗ്രഹിക്കുന്നതുപോലെ ആർ എസ് എസ് വിരുദ്ധശക്തികളെ മുഴുവൻ ശുദ്ധീകരിച്ച് ജനതാപാർടിയെ ശക്തിപ്പെടുത്താനാണ് അവർ ശ്രമിച്ചത്. അവർക് ഹൈന്ദവത മാത്രമാണ് ദേശീതയെങ്കിൽ പാർടിയോടുള്ള കൂറിനർഥം ആർ എസ് എസിനോടുള്ള കൂറ് മാത്രമാണെന്നാണ്. ജനസംഖ്യയിൽ ഭൂരിപക്ഷം ആർ എസ് എസ് മാതൃകയിലുള്ള ദേശീയതയെ നിരാകരിച്ചെങ്കിൽ

ജനതാപാർടിയിൽ ഭൂരിപക്ഷം ആർ എസ് എസ് ആധിപത്യം തള്ളിക്കളഞ്ഞു. അങ്ങനെ ജനതാപാർടിയുടെ പേരിൽ അധികാരം പിടിച്ചെടുക്കാനുള്ള ആർ എസ് എസ് ശ്രമം വിഫലമായി.

1979-80-ലെ തിരിച്ചടിക്കുശേഷം സാംസ്കാരികസംഘടനയാണെന്ന നാട്യം അതുപേക്ഷിച്ചില്ല. പകരം, തങ്ങളുടെ യഥാർഥ ഉദ്ദേശ്യം മറച്ചുപിടിക്കുന്നതിന് ദേശാഭിമാനം, ദേശീയമായ ഉയിർത്തെഴുന്നേൽപ്, സാംസ്കാരികപ്രവർതനം തുടങ്ങിയ ആകർഷകമായ മുദ്രാവാക്യങ്ങൾ വിളിച്ചുക്കൂവിനടക്കുന്നത് തുടർന്നു.

1972-75 കാലത്ത് ഗുജറാത്തിലും ബിഹാറിലും ജനകീയ പ്രക്ഷോഭം അലയടിച്ചുയർന്നു. ആ പ്രക്ഷോഭത്തിലെ തങ്ങളുടെ ഭാഗഭാഗിത്വത്തെക്കുറിച്ച് ആർ എസ് എസ് വമ്പിച്ച അവകാശവാദമുന്നയിക്കുകയും അത് തെളിയിക്കുന്നതിന് സർവാദരണീയനായ ജയപ്രകാശ് നാരായണന്റെ പേര് നിർലജ്ജം ഉപയോഗിക്കുകയും ചെയ്തു. 1977 മാർചിൽ ജനതാപാർടി വിജയം കരസ്ഥമാക്കിയതിനുശേഷം ദൽഹിയിലെ രാംലീല മൈതാനിയിൽ നടന്ന ഒരു വമ്പിച്ച പൊതുസമ്മേളനത്തെ ആർ എസ് എസ് തലവൻ ദേവരശ് അഭിസംബോധന ചെയ്തു. ജനാധിപത്യ പുനഃസ്ഥാപനത്തിനുവേണ്ടിയുള്ള സമരത്തിൽ ആർ എസ് എസും ജയപ്രകാശ് നാരായണനും ഒന്നിച്ച് ഉറച്ചുനിൽകുകയുണ്ടായെന്ന് ആ പ്രസംഗത്തിൽ തെല്ലൊരഹന്തയോടെ ദേവരശ് അവകാശപ്പെട്ടു. ഇതേ ദേവരശ് തന്നെയാണ് 1975 നവംബർ 10-ന് പ്രധാനമന്ത്രി ഇന്ദിരാഗാന്ധിക്ക് തടവറയിൽ നിന്നയച്ച കത്തിൽ ഗുജറാത്തിലെയും ബിഹാറിലെയും പ്രക്ഷോഭവുമായും ജയപ്രകാശ് നാരായണനുമായും ആർ എസ് എസിനെ അനാവശ്യമായി ബന്ധപ്പെടുത്തുന്നതിൽ ഖേദം പ്രകടിപ്പിച്ചത്! ജനാധിപത്യസമരത്തിന് പിന്തുണ നൽകുന്നതെന്ന് വ്യാജമായി അവകാശപ്പെടുന്ന ദേവരശ് അയച്ച അതേ കത്തിൽ ഇന്ദിരാഗാന്ധിയുടെ തെരഞ്ഞെടുപ്പിനെ

സുപ്രീംകോടതി ശരിവെച്ചതിൽ അവരെ അഭിനന്ദിക്കുകയും ആർ എസ് എസിനോടുള്ള മുൻവിധി ഉപേക്ഷിക്കാനും തടവിലാക്കിയ ആർ എസ് എസ് കേഡർമാരെ മോചിപ്പിക്കാനും ആർ എസ് എസിന്റെ മേലുള്ള നിരോധനം പിൻവലിക്കാനും ദേശീയ പുനരുജ്ജീവന പരിപാടികളിൽ അവരെ സഹകരിപ്പിക്കാനും അഭ്യർഥിച്ചു.

ഇത് ആദ്യത്തെ കത്തുമായിരുന്നില്ല. അടിയന്തരാവസ്ഥ അടിച്ചേൽപിച്ച് കഷ്ടിച്ച് രണ്ട് മാസം കഴിഞ്ഞപ്പോൾ, 1975 ആഗസ്ത് 22-ന് ഒരു കത്ത് ദേവരശ് ഇന്ദിരാഗാന്ധിക്കെഴുതിയിരുന്നു. അതിൽ പ്രധാനമന്ത്രിയുടെ സ്വാതന്ത്ര്യദിന പ്രസംഗം സമയോചിതം എന്നുപറഞ്ഞ് ഇന്ദിരാഗാന്ധിയെ അഭിനന്ദിക്കുകയും ദരിദ്രരുടെ ക്ഷേമം മുൻനിർത്തി അവർ നടപ്പാക്കുന്ന പരിപാടികൾ പലരിൽ നിന്നുമുള്ള സഹകരണം ആവശ്യപ്പെടുന്നുവെന്ന് അഭിപ്രായപ്പെടുകയും ചെയ്തു. ആർ എസ് എസിന് പ്രവർത്തിക്കാൻ പറ്റിയ അന്തരീക്ഷം സൃഷ്ടിക്കണമെന്നും അങ്ങനെയായാൽ രാജ്യത്തിന്റെ മുന്നേറ്റം മുൻനിർത്തി പ്രധാനമന്ത്രി ആവിഷ്കരിച്ച വിവിധ പദ്ധതികൾ നടപ്പാക്കുന്നതിന് ആർ എസ് എസിന് കാര്യമായ സംഭാവന നൽകാൻ കഴിയുമെന്നും ആ കത്തിൽ അദ്ദേഹം വ്യക്തമാക്കി. അന്ന് ജനങ്ങളറിഞ്ഞതുപോലെ ഇന്ന് നമുക്കെല്ലാവർക്കുമറിയാം, ഇന്ദിരാഗാന്ധിയുടെ ഈ പ്രഖ്യാപനങ്ങളൊക്കെ അവരുടെ അമിതാധികാര പ്രവണതയെ മറച്ചുപിടിക്കാനായിരുന്നുവെന്ന്. എന്നിട്ടും ഈ നടപടികൾക്കെല്ലാം ആർ എസ് എസ് തലവൻ പിന്തുണ വാഗ്ദാനം ചെയ്തു. 1977 മാർച്ചിനു ശേഷമുള്ള മാറിയ പരിതഃസ്ഥിതിയിൽ ഇതേ ദേവരശും അദ്ദേഹത്തിന്റെ സംഘടനയും നിർലജ്ജം ഒരു മലക്കം മറിച്ചിൽ നടത്തുകയും ജനാധിപത്യ പുനഃസ്ഥാപനത്തിനു വേണ്ടിയുള്ള പോരാട്ടത്തിൽ തങ്ങൾ വഹിച്ച പങ്കിനെപ്പറ്റി വീമ്പ് പറയുകയും ചെയ്തു. ഇവയെല്ലാം ആർ എസ് എസിന്റെ നിഗൂഢ സ്വഭാവവും ദേശീയ പുനരുജ്ജീവനം ലക്ഷ്യമാക്കിയ തികഞ്ഞ സാംസ്കാരിക സംഘടനയാണ്

തങ്ങളുടേതെന്ന അവകാശവാദത്തിന്റെ പൊള്ളത്തരവും തുറന്നുകാട്ടുന്നു. അപ്പോഴും ആർ എസ് എസിനെ സംബന്ധിച്ചിടത്തോളം ദേശീയ പുനരുദ്ധാനം നടത്താൻ കഴിയുക ഒരുപക്ഷെ നുണകളിലൂടെ, പ്രതിയോഗികളെ കൊതിരായ അപവാദങ്ങളിലൂടെ, ആത്മവഞ്ചനയിലൂടെ ആയിരിക്കാം!

വിവർത്തനം : തുളസീദാസ്കരൻ

ആർ എസ് എസ്
ഇന്ത്യയിലെ
ഏറ്റവും വലിയ നാസിപ്പട

പി ഗോവിന്ദപ്പിള്ള

ഒരു മഹാരാഷ്ട്രാ ബ്രാഹ്മണനും മതഭ്രാന്തനും എൽ എം എസ് പാസായ ഒരു ഡോക്ടറുമായിരുന്ന കേശവ് ബലിറാം ഹെഡ്ഗേവർ (1889-1940) നാഗപ്പൂർ കേന്ദ്രമായി 1925-ൽ സ്ഥാപിച്ച രാഷ്ട്രീയ സ്വയം സേവക് സംഘ് എന്ന ആർ എസ് എസ് ഇന്ത്യയിലെ ഏറ്റവും വലിയ നാസി (ഫാസിസ്റ്റ്) പടയാണ്. ഈ സംഘടനയുടെ നാസി സ്വഭാവം ആദ്യം തന്നെ മനസിലാക്കിയവരിൽ പ്രാമാണികൻ മഹാത്മാഗാന്ധിയായിരുന്നു എന്നതും അവരിലൊരുവന്റെ വെടിയുണ്ടയേറ്റ് അദ്ദേഹം രക്തസാക്ഷിയായി എന്നതും ആകസ്മികമല്ല. ഗാന്ധിജിയുടെ പ്രൈവറ്റ് സെക്രട്ടറിയും സന്തത സഹചാരിയുമായിരുന്ന പ്യാരിലാൽ *മഹാത്മാഗാന്ധി—അന്ത്യഘട്ടം* എന്ന ബൃഹദ്ഗ്രന്ഥത്തിൽ അക്കാര്യം രേഖപ്പെടുത്തിയിട്ടുമുണ്ട്.

ഗാന്ധിജിയുടെ അഭിപ്രായ പ്രകടനത്തിനിടയാക്കിയ പശ്ചാത്തലം വിവരിക്കാം:

1920-ൽ ഗാന്ധിജി ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ സാരഥ്യം ഏറ്റെടുക്കുകയും അതിനെ ഒരു ബഹുജനസമര സംഘടനയായി മാറ്റിയെടുക്കുകയും ചെയ്തതിനെ തുടർന് നടന്ന നിസഹകരണ പ്രസ്ഥാനം ഇന്ത്യയെ

ആകെ ഇളക്കിമറിക്കയും ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ അസ്തിവാരമിളക്കുകയും ചെയ്തു. ഗാന്ധിജിയും ആലി സഹോദരന്മാരും ചേർന്ന് ഊട്ടിവളർത്തിയ കോൺഗ്രസ്-ഖിലാഫത് ഐക്യം 1857-ലെ ഒന്നാം സ്വാതന്ത്ര്യ സമരത്തിനുശേഷം ഭാരതം ദർശിച്ച ഏറ്റവും വ്യാപകവും കരുത്തുറ്റതുമായ ഹിന്ദു-മുസ്ലിം ഐക്യത്തിന് പാതയൊരുക്കി. ഈ ഐക്യം തകർക്കാതെ ഇന്ത്യൻ വിമോചനപ്പോരാട്ടത്തിന് പോറലേൽപിക്കാൻ കഴിയില്ലെന്ന് മനസിലാക്കിയ ബ്രിട്ടീഷ് ഭരണസൃഗാലന്മാർ ഒരുവശത്ത് മുസ്ലിം വർഗീയതയെയും മറുവശത്ത് ഹിന്ദുവർഗീയതയെയും ഇളക്കിവിടാൻ ഉപജാപമാരംഭിച്ചു. 1921-22-ലെ ധീരോദാത്തമായ സാമ്രാജ്യ വിരുദ്ധ മലബാർ കലാപത്തെ വർഗീയതയുടെ പടുകുഴിയിൽ വീഴ്ത്തി ഹിന്ദു-മുസ്ലിം വൈരത്തിന് വഴിയൊരുക്കുന്നതിൽ ബ്രിട്ടീഷ് സാമ്രാജ്യവാദികളും മുസ്ലിം മതഭ്രാന്തന്മാരും വിജയിച്ചതെങ്ങനെ എന്ന് നമുക്കറിയാമല്ലോ. ആ യത്നത്തിൽ ഉത്തരേന്ത്യയിൽ മുസ്ലിംലീഗ് ബ്രിട്ടീഷുകാർക് കരുവായി നിന്നു. വി. ഡി. സവർകർ, ഡോക്ടർ മൂൺജെ മുതലായവർ കോൺഗ്രസിൽനിന്ന് വേർതിരിഞ്ഞ് ഹിന്ദുമഹാസഭക്ക് രൂപം നൽകിയപ്പോഴും, അതുമായി ഇണങ്ങിയും പിണങ്ങിയും കളിച്ച ഹെഡ്ഗേവർ ആർ എസ് എസ് എന്ന ഒരർധ സൈനിക സംഘടനക്ക് ബീജാവാപം നൽകി. കോൺഗ്രസിനും അതിന്റെ അകത്തും പുറത്തുമായി വളർന്ന് കമ്യൂണിസ്റ്റ് പാർടി തുടങ്ങിയ ഇടതുപക്ഷ പ്രസ്ഥാനങ്ങളും എതിരെ 'ഉരുക്കും രക്തവും' കൊണ്ട് ഭീകരവാഴ്ച അഴിച്ചുവിട്ട വെള്ളക്കാർ സവർകറെയും ജിന്നയെയും ഹെഡ്ഗെവറെയും മറ്റും മാന്യന്മാരായി ഒഴിച്ചുനിർത്തി പ്രോത്സാഹിപ്പിച്ചു.

ഈ വിഷവിത്തുക്കളുടെ നാമ്പെടുക്കലും വളർച്ചയും ആദ്യമൊക്കെ അത്ര കാര്യമാക്കാതിരുന്ന കോൺഗ്രസ് നേതാക്കൾ 1930-കളായപ്പോഴേക്കും ഞെട്ടിയുണർന്നു. 1932-33-ലെ ലണ്ടൻ വട്ടമേശസമ്മേളനം വർഗീയവാദത്തിന്റെ ആപത്തി

നെക്കുറിച്ച് കോൺഗ്രസ് നേതാക്കളെ കൂടുതൽ ബോധവാന്മാരാക്കി. ഹിന്ദുമഹാസഭ, മുസ്ലിം ലീഗ്, ആർ എസ് എസ് എന്നീ സംഘടനകളിൽപെട്ടവരെ കോൺഗ്രസിൽ ചേർക്കുകൂടാ എന്ന് അനുശാസിക്കുന്ന ഒരു തീരുമാനം 1934-ൽ എ ഐ സി സി കൈക്കൊണ്ടു. ഇതേ തുടർന് എ ഐ സി സി ഖജാൻജിയും ഗാന്ധിജിയുടെ വിശ്വസ്തനുമായ ജമ്നാലാൽ ബജാജും ഹെഡ്ഗേവറും തമ്മിൽ കൂടിയാലോചന നടന്നു. എങ്കിലും മേൽപറഞ്ഞ തീരുമാനം മാറേറണ്ട സാഹചര്യമൊന്നും ഉളവായില്ല.

അങ്ങനെ ഇരിക്കെ എങ്ങനെയെങ്കിലും ഗാന്ധിജിയെ സ്വാധീനിക്കാനായി ഹെഡ്ഗേവറുടെ ശ്രമം. ഗാന്ധിജിയുടെ ആസ്ഥാനമായിരുന്ന വാർധയിൽ നടന്ന ഒരു ആർ എസ് എസ് ക്യാമ്പ് സന്ദർശിക്കാൻ അദ്ദേഹം ക്ഷണിക്കപ്പെടുകയും സ്വതഃസിദ്ധമായ സൗജന്യമര്യാദ പ്രകാരം അദ്ദേഹം ക്ഷണം സ്വീകരിക്കുകയും ചെയ്തു. അവിടെ അദ്ദേഹം കണ്ടതും ചർച്ചകളിൽനിന്ന് മനസിലാക്കിയതും പഴയ തീരുമാനം മാറ്റാൻ ഉതകിയില്ല. അദ്ദേഹം പ്രകടിപ്പിച്ച അഭിപ്രായം പ്യാരിലാൽ ഇങ്ങനെ രേഖപ്പെടുത്തുന്നു:

> വാഹ് അഭയാർഥി ക്യാമ്പിൽ ആർ എസ് എസുകാർ ചെയ്ത നല്ല സേവനത്തെക്കുറിച്ച് ഗാന്ധിജിയുടെ കൂട്ടത്തിൽ വന്ന ഒരാൾ ഇടക്കുകയറി സൂചിപ്പിച്ചു. അവർ അച്ചടക്കവും ധീരതയും കഠിനാധ്വാനശേഷിയും പ്രകടിപ്പിച്ചതായി അയാൾ ചൂണ്ടിക്കാട്ടി. ഗാന്ധിജി അതിനിങ്ങനെ മറുപടി പറഞ്ഞു: ''ഹിറ്റ്ലറുടെ നാസികളും മുസോളിനിയുടെ ഫാസിസ്റ്റുകളും അങ്ങനെതന്നെയായിരുന്നു എന്ന് മറക്കേണ്ട.'' സമഗ്രാധിപത്യ വീക്ഷണത്തോടു കൂടിയ ഒരു വർഗീയ സംഘടനയായിട്ടാണ് ഗാന്ധിജി ആർ എസ് എസിനെ ചിത്രീകരിച്ചത്. (Mahatma Gandhi. Last Phase, p-440)

ആർ എസ് എസിന് ഒരു പതിറ്റാണ്ട് പ്രായംപോലും തികയുന്നതിനുമുമ്പ് ക്രാന്തദർശിയായ ഗാന്ധിജി നടത്തിയ വിലയിരുത്തൽ എത്രയോ ശരിയായിരുന്നു എന്ന്

അതിന്റെ പിൽകാലവളർച്ചയും പ്രവർത്തനങ്ങളും പ്രഖ്യാപനങ്ങളും തെളിയിച്ചിരിക്കുന്നു.

ഹിറ്റ്ലറുടെ മെയ്ൻ കാംഫ് (Mein Kamph—എന്റെ സമരം) എന്ന ആത്മകഥയും 1940-ൽ ഹെഡ്ഗേവറുടെ മരണശേഷം ആർ എസ് എസ് സംഘചാലകസ്ഥാനമേറെടുത്ത മാധവറാവു സദാശിവറാവു ഗോൾവാൾകറുടെ (1906-73) പ്രസ്താവനകളും പ്രസംഗങ്ങളും സമാഹരിച്ച വിചാരധാരയും (ഇംഗ്ലീഷിൽ ബഞ്ച് ഓഫ് തോട്സ്) ഒന്നിച്ചു വായിച്ച് നോക്കിയാൽ ഗാന്ധിജിയുടെ ഉൾകാഴ്ച നിറഞ്ഞ താരതമ്യം എത്രകണ്ട് ശരിയായിരുന്നു എന്ന് ആരും അദ്ഭുതപ്പെട്ടുപോകും.

എന്താണ് നാസിസത്തിന്റെയും ഫാസിസത്തിന്റെയും അടിസ്ഥാന പ്രമാണങ്ങൾ? (ഹിറ്റ്ലർ രൂപം നൽകിയ നാഷണൽ സോഷ്യലിസ്റ്റ് പാർടിയുടെ ആദ്യവാക്കുകളുടെ ആദ്യക്ഷരങ്ങൾ ചേർന്ന് നാസി എന്ന പ്രയോഗം വന്നു. ഗ്രൂപ്പ്, സംഘം എന്നെല്ലാം അർഥം വരുന്ന ഫാസി—Fasci എന്ന ഇറ്റാലിയൻ വാക്കിൽനിന്നാണ് ഫാസിസത്തിന്റെ ഉദ്ഭവം. മുസ്സോളിനിയായിരുന്നു അതിന്റെ പ്രണേതാവ്. ഫ്രാങ്കോയാകട്ടെ അതേ അർഥം വരുന്ന സ്പാനിഷ് വാക്കായ ഫലാൻഗി-Falangi-എന്നതിൽ നിന്നാണ് തന്റെ പാർടിക്കും പ്രസ്ഥാനത്തിനും നാമകരണം ചെയ്തത്. എല്ലാത്തിന്റെയും അടിസ്ഥാനവീക്ഷണവും ശൈലിയും ലക്ഷ്യവും ഒന്നുതന്നെ. അതുകൊണ്ട് അവ മാറിമാറി പ്രയോഗിക്കുക പതിവാണ്.)

സങ്കുചിത ദേശീയ വികാരങ്ങളെ ആളിക്കത്തിക്കുക:വർണവെറിയും വംശാഭിമാനവും ഊതിവീർപിക്കുക: മതാധിഷ്ഠിതമോ വംശാധിഷ്ഠിതമോ ആയ ചില ന്യൂനപക്ഷവിഭാഗങ്ങളെഅപകടകാരികളായഅന്യരായി മുദ്രകുത്തി പീഡിപ്പിക്കുക: കമ്യൂണിസം-സോഷ്യലിസം മുതലായ പുരോഗമന പ്രസ്ഥാനങ്ങളെ വിദേശീയ ചരക്കുകളായി അധിക്ഷേപിച്ചടിച്ചമർത്തുക; ജനാധിപത്യ സ്വാതന്ത്ര്യങ്ങളെയും സമ

തപാഭിലാഷങ്ങളെയും പരിഹസിച്ച് തരംതാഴ്ത്തുക; നിവൃത്തിയുണ്ടെങ്കിൽ നിർമാർജനം ചെയ്യുക: ഇതിനൊക്കെ ആവശ്യമായ വിധം ചരിത്രത്തെയും സംസ്കാരത്തെയും ദുർവ്യാഖ്യാനം ചെയ്യുക: ജനാധിപത്യമാർഗങ്ങളും അധഃസ്ഥിതരുടെ വർഗസമരങ്ങളും കൈവെടിഞ്ഞ് മുഷ്കും മുട്ടാളത്തവും കൊണ്ട് സ്വാധികാരം സ്ഥാപിക്കാൻ അർധസൈനിക സംഘങ്ങളെ പരിശീലിപ്പിച്ച് തെരുവിലിറക്കുക; യുക്തിയെയും ശാസ്ത്രീയ സമീപനത്തെയും കൈവെടിഞ്ഞ്, വികാരവിക്ഷുബ്ധമായ പ്രലപനങ്ങൾകൊണ്ട് കാടിളക്കി ആൾക്കൂട്ടങ്ങളെ അപഥസഞ്ചരണത്തിന് ആട്ടിത്തെളിക്കുക— ഇതെല്ലാം ഫാസിസത്തിന്റെയും നാസിസത്തിന്റെയും പ്രഖ്യാപിത ലക്ഷ്യവും അംഗീകൃത ശൈലിയുമാണ്. ദേശകാലോചിത മാറ്റങ്ങളോടെ ഇതെല്ലാം ഏത് ഭൂഖണ്ഡത്തിലും നമുക്ക് കാണാം.

ജർമനിയിൽ ആര്യപുരാതനന്മാരുടെ പുനരുദ്ധാരണമായിരുന്നു ഹിറ്റ്ലറുടെ ലക്ഷ്യമെങ്കിൽ പ്രാചീന റോമാ സാമ്രാജ്യത്തിന്റെ പുനഃസ്ഥാപനമായിരുന്നു മുസോളിനിക്ക് വേണ്ടിയിരുന്നത്. സ്പെയിനിലെ ഫ്രാങ്കോക്കാകളെ, മധ്യകാലത്തെ ഇരുണ്ട യുഗത്തിലെ ഇങ്ക്വിസിഷനും ഇമ്പ്രിമാത്തൂറും ഇൻഡക്സും സഹിതം പ്രാക്-പ്രൊട്ടസ്റ്റൻറ് സംസ്കാരപുനഃസ്ഥാപനത്തിലായിരുന്നു നോട്ടം. സമുദ്രഗുപ്തന്റെയും റാണാ പ്രതാപിന്റെയും ഛത്രപതി ശിവജിയുടെയും ഹൈന്ദവാധിപത്യത്തിലേക്ക് ഇന്ത്യയെ നയിക്കാൻ ആർ എസ് എസുകാരും, മുഗൾ സർവാധിപത്യകാല സ്വപ്നം സാക്ഷാത്കരിക്കാൻ പാകിസ്താനിലെ സിയാവുൽ ഹക്കും മറ്റും ശ്രമിക്കുന്നതുപോലെതന്നെ.

ആര്യ സംസ്കാര ശത്രുവായി ഹിറ്റ്ലറും മുസോളിനിയും ഹംഗറിയിലെ ഹോർത്തിയും പോളണ്ടിലെ പിൽസുഡ്സ്കിയും മറ്റും വിധിച്ചത് യഹൂദന്മാരെയാണ്. ക്രിസ്ത്യാനികളെയും മുസ്ലിങ്ങളെയും ഭാരതീയത്വത്തിന്റെയും ഹിന്ദുത്വത്തിന്റെയും ശത്രുക്കളായി ആർ എസ് എസുകാർ ചിത്രീകരിക്കുംപോലെ, മുസ്ലിങ്ങളെ ഹെഡ്ഗേവർ

വിശേഷിപ്പിച്ചത് 'യവനസർപങ്ങം' എന്നായിരുന്നു. (മുസ്‌ലിങ്ങളെ ജോനകർ എന്നതിന്റെ മറ്റൊരു രൂപമായ യവനർ എന്ന് വിശേഷിപ്പിക്കുന്ന പതിവുണ്ടല്ലോ. അലക്സാണ്ടറുടെ കാലം മുതൽ ഗ്രീക്കുകാരെ എന്നപോലെ എല്ലാ വിദേശികളെയും അങ്ങനെ ഇന്ത്യക്കാർ വിളിച്ചുവരുന്നു.)

ഹെഡ്‌ഗേവറുടെ ഔദ്യോഗിക ഹിന്ദി ജീവചരിത്രമായ *കേശവ്—സംഘ് നിർമാത* എന്ന ഗ്രന്ഥത്തിൽ സി പി ദിഷികാർ 1920 കാലത്തെ ഹെഡ്‌ഗേവറുടെ മാനസികാവസ്ഥ ഇങ്ങനെ വിവരിക്കുന്നു:

> ദേശീയ പ്രസ്ഥാനത്തിന്റെ (ഗാന്ധിജിയുടെ നിസഹകരണ പ്രസ്ഥാനത്തിന്റെ) വേലിയിറക്കം ആരംഭിച്ചതോടെ പരസ്പര വിദ്വേഷവും അഭ്യസൂയയും ഉപരിതലത്തിലേക്ക് വരാൻ തുടങ്ങി. വ്യക്തിവിരോധങ്ങൾ എങ്ങും ആളിപ്പടർന്നു. വിവിധ ജാതി-മതക്കാർ തമ്മിൽ സംഘട്ടനമാരംഭിച്ചു. ബ്രാഹ്മണ-അബ്രാഹ്മണ സംഘട്ടനവും നഗ്നമായി പ്രത്യക്ഷപ്പെട്ടു. ഒരു സംഘടനയിലും കെട്ടുറപ്പോ ഐക്യമോ ഇല്ലായിരുന്നു. നിസഹകരണ പ്രസ്ഥാനത്തിന്റെ പാലുകുടിച്ചു വളർന്ന യവനസർപങ്ങൾ (മുസ്‌ലിങ്ങൾ-ലേ) തങ്ങളുടെ വിഷം ചീറ്റലിലൂടെ രാഷ്ട്രത്തിൽ ലഹളകൾ കുത്തിപ്പൊക്കുന്നു. (പേജ് 4)

പ്രഥമ ഗുരുജിയുടെ പ്രഥമ ശിഷ്യൻ ഗോൾവാൾകർ ഈ 'യവനസർപ' പ്രയോഗത്തിന് ചരിത്രപരവും രാഷ്ട്രീയവും ആയ വ്യാഖ്യാനങ്ങൾ *വിചാരധാര*യിൽ നിർലോപം നൽകുന്നുണ്ട്. നോക്കുക:

> ഇന്ന് ഒരു മുസ്‌ലിം ഒരു പ്രശ്നംതന്നെയില്ല. പാക്കിസ്താന് പിന്തുണ നൽകിയിരുന്ന കലാപകാരികളെല്ലാം തന്നെ എന്നെന്നേക്കുമായി പോയിക്കഴിഞ്ഞു. ശേഷിച്ച മുസ്‌ലിങ്ങൾ നമ്മുടെ രാജ്യത്തോട് ഭക്തിയുള്ളവരാണ്. എന്തുതന്നെയായാലും അവർക്

പോകാൻ മറ്റൊരിടമില്ലാത്തതിനാൽ അവർ നിശ്ചയമായും കൂറുള്ളവരായിരിക്കും.

ഇങ്ങനെ പറയുന്ന ധാരാളമാളുകളുണ്ടെന്നും അത് ആപൽകരമാണെന്നും ഗോൾവാൾകർ താക്കീതു നൽകുന്നു.

എന്നാൽ സത്യസ്ഥിതി എന്താണ്? പാകിസ്താൻ അനുകൂലികളായ ഘടകങ്ങളെല്ലാം പാകിസ്താനിലേക്ക് പോയെന്ന് പറയുന്നത് സത്യമാണോ? ഉത്തരപ്രദേശത്തെപ്പോലുള്ള ഹിന്ദു ഭൂരിപക്ഷ പ്രദേശത്തെ മുസ്ലിങ്ങളാണ് തുടക്കംമുതലേ പാകിസ്താൻ പ്രസ്ഥാനത്തിന്റെ ശക്തികേന്ദ്രമായി വർത്തിച്ചത്. അവർ വിഭജനത്തിന് ശേഷവും ഇവിടെ തന്നെ താമസിക്കുന്നു.

എങ്ങനെ സഹിക്കും മുസ്ലിങ്ങളുടെ ഈ തുടർനു താമസിക്കൽ? ഗോൾവാൾകർ തുടരുന്നു:

> ഇവിടെ തുടർനു താമസിച്ചവർക് അതിനു ശേഷമെങ്കിലും മാറ്റം വന്നിട്ടുണ്ടോ? മുമ്പൊരിക്കലും സംഭവിക്കാത്തത്രക്ക് പരക്കെ നടന്ന 1946-47-ലെ ലഹളയിലും കൊള്ളയിലും തീവെപ്പിലും ബലാൽസംഗത്തിലും മറ്റെല്ലാത്തരം ഹാലിളക്കത്തിലും കലാശിച്ച അവരുടെ പഴയ വിദ്വേഷവും സംഹാരഭാവവും ഇപ്പോഴെങ്കിലും അവസാനിച്ചിട്ടുണ്ടോ? പാകിസ്താൻ സൃഷ്ടിക്കപ്പെട്ടതോടെ ഒറ്റ രാത്രികൊണ്ട് അവരെല്ലാം രാജ്യസ്നേഹികളായി എന്ന് വിശ്വസിച്ച് സ്വയം വഞ്ചിക്കുന്നത് ആത്മഹത്യാപരമായിരിക്കും. നേരെമറിച്ച് നമ്മുടെ രാജ്യത്തിന് നേരെ ഭാവിയിലുള്ള അവരുടെ ആക്രമണതന്ത്രങ്ങളെല്ലാമുള്ള ഒരു ചവിട്ടുപടിയായ പാകിസ്താന്റെ സൃഷ്ടിയോടുകൂടി മുസ്ലിങ്ങളെ കൊണ്ടുള്ള ശല്യം നൂറിരട്ടി വിധിച്ചിരിക്കയാണ്. (വിചാരധാര, പേജ് 245-6)

പാകിസ്താൻ സൃഷ്ടിക്ക് രണ്ട് പതിറ്റാണ്ടുമുമ്പ് ആർ എസ് എസ് രൂപംകൊണ്ട അവസരത്തിലും ഇതുതന്നെ

യായിരുന്നു അവർക് ഈ 'യവനസർപ'ങ്ങളോടുള്ള മനോഭാവം. 1968 മുതൽ 1978 വരെ ഇന്ത്യയിൽ നടന്ന വർഗീയ ലഹളകളിൽ ഇരുകൂട്ടരുടെയും മരണസംഖ്യയെക്കുറിച്ചുള്ള വിവരങ്ങളാണ് ചുവടെ കൊടുക്കുന്ന പട്ടികയിൽ. അത് വായിച്ചാൽ ലഹളകൾക്കുത്തരവാദികൾ ന്യൂനപക്ഷത്തിലെ മതഭ്രാന്തന്മാരോ ഭൂരിപക്ഷമതഭ്രാന്തന്മാരോ എന്ന് വ്യക്തമാകും. ഈ പത്തുവർഷക്കാലത്തു് നടന്ന 3218 ലഹളകളിൽ 1170 മുസ്ലിങ്ങൾക്കും 118 മറ്റ് ഹൈന്ദവേതരർക്കും ജീവഹാനി നേരിട്ടപ്പോൾ 363 ഹിന്ദുക്കൾ മാത്രമെ മരിച്ചുള്ളു എന്ന് കാണാം. 'മുസ്ലിങ്ങളുടെ നൂറിരട്ടി വർധിച്ച ശല്യം' ഒഴിവാക്കാൻ ഗോൾവാൾകറുടെയും ദേവരശിന്റെയും അനുയായികൾ കഠിനമായി യത്നിച്ചിട്ടുണ്ടെന്നു് വ്യക്തം.

വർഗീയ ലഹളകൾ 1968 മുതൽ 1978 വരെ

കൊല്ലപ്പെട്ടവർ

വർഷം	സംഭവം എണ്ണം	ഹിന്ദു	മുസ്ലിം	മറ്റുള്ളവർ	പൊലീസ്	മൊത്തം
1968	346	24	99	10	—	133
1969	519	66	558	49	1	674
1970	521	68	176	54	—	298
1971	321	38	65	—	—	103
1972	240	21	45	3	1	70
1973	242	26	45	1	—	72
1974	248	26	61	—	—	87
1975	205	11	22	—	—	33
1976	169	20	19	—	—	39
1977	188	12	24	—	—	36
1978	219	51	56	1	—	108
ആകെ	3218	363	1170	118	2	1653

പരിക്കേറ്റവർ

വർഷം	ഹിന്ദു	മുസ്‌ലിം	മറ്റുള്ളവർ	പൊലീസ്	മൊത്തം
1968	455	451	403	240	1549
1969	796	1000	806	275	2877
1970	656	731	220	116	1723
1971	603	606	54	67	1330
1972	541	407	108	151	1207
1973	643	456	169	232	1500
1974	566	435	122	143	1266
1975	444	277	169	72	962
1976	391	330	40	33	794
1977	563	385	63	111	1122
1978	752	711	212	126	1801
ആകെ	6410	5789	2366	1566	16131

മരിച്ചവരുടെ ഇനം തിരിക്കാത്ത കണക്കുമാത്രം

കൊല്ലം	സംഭവം	ആകെ കൊല്ലപ്പെട്ടവർ
1979	304	261
1980	427	375
1981	319	196
1982	474	238
മൊത്തം	1524	1070

(ഹൈദരാബാദിലെ നാഷണൽ പൊലീസ് അക്കാദമിയുടെയും കേന്ദ്ര ആഭ്യന്തര വകുപ്പിന്റെയും കണക്കുകളിൽ നിന്ന് തയ്യാറാക്കിയ പട്ടിക)

മുസ്‌ലിങ്ങൾ കഴിഞ്ഞാൽ പിന്നെ അടുത്ത വലിയ മതന്യൂനപക്ഷമായ ക്രിസ്ത്യാനികളോടാണ് ആർ എസ് എസുകാർക് സ്വാഭാവികമായ വൈരാഗ്യം. ''ക്രിസ്ത്യാനികളെ സംബന്ധിച്ചാണെങ്കിൽ ഒരു ബാഹ്യ നിരീക്ഷകന് അവർ തീരെ നിരുപദ്രവികളായി മാത്രമല്ല മനുഷ്യവർഗത്തോടുള്ള സ്നേഹത്തിന്റെയും സഹാനുഭൂതികളുടെയും മൂർത്തീഭാവങ്ങളായി പോലും തോന്നുന്നു.'' അത്തരം തോന്നലുകൾ ആപൽകരമാണെന്ന് ഗോൾവാൾകർ ഉദ്ബോധിപ്പിക്കുന്നു. പിന്നീട് അർധസത്യങ്ങളും അസത്യങ്ങളും അളവില്ലാതെ നിരത്തിയ ശേഷം ഭാരതീയരായ ക്രിസ്തീയ സഹോദരന്മാരെ 'വൈരി'കളായി കണക്കാക്കുമെന്നും അദ്ദേഹം മുന്നറിയിപ്പ് നൽകുന്നു:

> ഇവിടത്തെ ക്രിസ്ത്യാനികൾ ഇത്തരം പ്രവർത്തനങ്ങളിൽ ഏർപെടുകയും (മതപ്രചാരണം, വിദ്യാഭ്യാസം, ആരോഗ്യ പരിരക്ഷണം മുതലായവ-ലേ) ക്രിസ്തുമത പ്രചാരണത്തിനായുള്ള അന്താരാഷ്ട്രീയ പ്രസ്ഥാനത്തിന്റെ ഏജൻറുമാരാണ് തങ്ങൾ എന്ന് സ്വയം കരുതുകയും, തങ്ങളുടെ കൂറ് ആദ്യമായി സ്വന്തം ജന്മഭൂമിയോടായിരിക്കുവാനും തങ്ങളുടെ പൂർവിക സംസ്കാരത്തിന്റെയും പാരമ്പര്യത്തിന്റെയും യഥാർഥ പുത്രന്മാരെപോലെ പെരുമാറുന്നതിന് (അതായത് ആർ എസ് എസ് കാരെപ്പോലെ-ലേ) വിസമ്മതിക്കുകയും ചെയ്യുന്നേടത്തോളം കാലം അവരിവിടെ വൈരികളായി പ്രവർത്തിക്കും. അതനുസരിച്ച് അവരോട് പെരുമാറേണ്ടിയും വരും. (പേജ് 261-269)

ഗോൾവാൾകറുടെ ഉത്തമ ശിഷ്യൻ പി പരമേശ്വരൻ അങ്ങനെ ക്രിസ്ത്യാനികളോടും മറ്റും വൈരികളെപ്പോലെ പെരുമാറുന്നതിനുള്ള ഒരു പ്രകടനപത്രിക 1982-ൽ കേരളത്തിൽ പ്രസിദ്ധീകരിക്കുകയുണ്ടായി:

> ഈ ലോകത്തിൽ ഹിന്ദുക്കൾക് സ്വന്തമായി കരുതാവുന്ന ഏക നാടാണ് ഭാരതം. അവിടെ ഹിന്ദുക്കൾ

കുള്ള പ്രാമാണ്യം നഷ്ടപ്പെട്ടാൽ ലോകത്തിൽ ഹിന്ദുക്കൾ അശരണരാകും. ഹിന്ദുസംസ്കാരം അനാഥമാകും. ഭാരതത്തിൽ പലയിടങ്ങളിലും ഇന്ന് ഹിന്ദുക്കൾ ഈ ദുർഗതിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. വടക്കുകിഴക്കൻ മേഖലകൾ പോലെ പല സംസ്ഥാനങ്ങളിലും ഹിന്ദുക്കൾ ഇന്ന് രണ്ടാംകിട പൗരരാണ്. മറ്റുള്ളവരുടെ കടന്നാക്രമണത്തിന് വിധേയരാണ്. ആശ്രമങ്ങളും ആരാധനാസ്ഥാപനങ്ങളും ഭീഷണിക്ക് ഇരയായിക്കൊണ്ടിരിക്കുകയാണ്. ഒരുകാലത്ത് ഭാരതത്തെ മുഴുവൻ വിപരീത ശക്തികളിൽ നിന്ന് ഹിന്ദുധർമത്തെ വീണ്ടെടുത്ത ആദിശങ്കരന്റെ കേരളത്തിന്റെയും സ്ഥിതി വിഭിന്നമല്ല.

ഈ ദുരവസ്ഥ പരമേശ്വരൻ 'ഹൃദയസ്പൃക്കായി' വിവരിക്കുന്നു:

> അതിവേഗം കേരളമിന്ന് ഒരു ഹിന്ദു ന്യൂനപക്ഷ സംസ്ഥാനമായി മാറിക്കൊണ്ടിരിക്കുകയാണ്. ജില്ലകൾ ഹിന്ദുക്കളുടെ കയ്യിൽനിന്ന് വഴുതിപ്പോയ്ക്കൊണ്ടിരിക്കയാണ്. 1971-ലെ ജനസംഖ്യക്കണക്കനുസരിച്ച് ഭാരതത്തിൽ 86 ശതമാനം ഹിന്ദുക്കളുള്ളപ്പോൾ കേരളത്തിൽ അവരുടെ സംഖ്യ 59 ശതമാനം മാത്രമാണ്. കഴിഞ്ഞ ഒരു ദശകത്തിനുള്ളിൽ ഇതര മതസ്ഥർ 39 ശതമാനം കണ്ട് വർധിച്ചപ്പോൾ ഹിന്ദുക്കളുടെ ജനസംഖ്യയിൽ വർധനവ് 23 ശതമാനം മാത്രമാണ്. കേരളത്തിൽ ഇന്നുള്ള 12 ജില്ലകളിൽ 4 ജില്ലകൾ (എറണാകുളം, കോട്ടയം, ഇടുക്കി, മലപ്പുറം) ഹിന്ദു ന്യൂനപക്ഷ ജില്ലകളാണ്. ദശാബ്ദങ്ങളായി സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ പ്രക്രിയയെ സംബന്ധിച്ചിടത്തോളം ഹിന്ദുക്കൾ വേണ്ടത്ര ബോധവാന്മാരല്ല. (*വിശാലഹിന്ദുസമ്മേളനം എന്ത്? എന്തിന്?* പുറം 5)

പി പരമേശ്വരന്റെ അപഗ്രഥനവും ആഹ്വാനവും വ്യർഥമായില്ല. ഹൈന്ദവ വർഗീയതയുടെ രണ്ടാം സമരമുഖം താമസിയാതെതന്നെ കേരളത്തിലും കേരളത്തിന് തൊട്ട്

തെക്ക് കിടക്കുന്ന തമിഴ്നാട്ടിലെ കന്യാകുമാരിയിലും ഉദ്ഘാടനം ചെയ്യപ്പെട്ടു. ഈ അടുത്ത കാലംവരെ ഇന്ത്യയിലെ വർഗീയപ്രശ്നം എന്ന് പറയുമ്പോൾ സാധാരണ അർഥമാക്കുക ഹിന്ദു-മുസ്ലിം വർഗീയപ്രശ്നം എന്നായിരുന്നല്ലോ. പരമേശ്വരന്റെയും വിശാലഹിന്ദുസമ്മേളനത്തിന്റെയും അതിന്റെ അടിത്തറയായ ആർ എസ് എസിന്റെയും നിസ്തന്ദ്രമായ കഠിനാധ്വാനം മൂലം വർഗീയതയെക്കുറിച്ചുള്ള പഴയ സങ്കുചിത സങ്കൽപത്തിന് പകരം പുതിയ വിശാല സങ്കൽപം നിലവിൽ വന്നിരിക്കുന്നു. കന്യാകുമാരിയിലെ കടലോര പ്രദേശത്തെ മണ്ടയ്ക്കാട്ടും കേരളത്തിലെ മലയോരത്തെ നിലയ്ക്കലും ഹൈന്ദവ-ക്രൈസ്തവ കലാപത്തിന്റെ വിത്ത് വിതയ്ക്കാനുള്ള വിളഭൂമിയാക്കി മാറ്റുന്നതിൽ പരമേശ്വരനും ആർ എസ് എസും 'അസൂയാർഹമായ വിജയം നേടിയിരിക്കുന്നു.' വിശാലഹിന്ദുക്കളുടെ അഖിലേന്ത്യാസംഘടനയായ വിശ്വഹിന്ദു പരിഷത്ത് പഞ്ചാബിൽ സിഖുമതക്കാർക്കെതിരെ ഭഗ്വൻ ധണ്ഡയുദ്ധം തുടങ്ങിയിട്ടുണ്ട്. ഇനി പാർസികൾക്കും ബുദ്ധമതക്കാർക്കും ജൈനർക്കും എതിരെ ഭഗ്വൻധണ്ഡയുദ്ധം തുടരാൻ തക്കം പാർതിരിക്കയാകണം വിശാലഹിന്ദുക്കളും വിശ്വഹിന്ദുക്കളും. അതോടെ യുദ്ധം പൂർണമാകുമല്ലോ! അതോടെ ഗോൾവാൾകർ നിർദേശിച്ച മതന്യൂനപക്ഷ വിരുദ്ധ സമരങ്ങളുടെ വ്യാപ്തി പൂർണതയിലെത്തും.

നാസികളുടെ പ്രഥമവും പ്രധാനവുമായ ആക്രമണലക്ഷ്യം കമ്യൂണിസമാണ്. ശാസ്ത്രീയ കമ്യൂണിസത്തിന്റെ സ്ഥാപകരായ മാർക്സും എംഗൽസും ജർമൻകാരായിരുന്നു എന്ന വസ്തുത അതിനെ വിദേശച്ചരക്കായി മുദ്രകുത്തുന്നതിന് ഹിറ്റ്ലർക് പ്രതിബന്ധമായി അനുഭവപ്പെട്ടില്ല. കമ്യൂണിസ്റ്റ് ഭരണക്രമം അന്ന് നിലവിലിരുന്നത് റഷ്യയിലായിരുന്നു എന്നതിന് പുറമെ മാർക്സിന്റെ പൂർവികർ യഹൂദന്മാരായിരുന്നു എന്നതും അതിനെ 'വിദേശച്ചരക്കാ'ക്കാൻ ഹിറ്റ്ലർക് സഹായകമായി.

ഇതിനും പുറമെ സോഷ്യലിസം ഈ മണ്ണിന്റെ സന്തതിയല്ല. അത് നമ്മുടെ രക്തത്തിലും പാരമ്പര്യത്തിലും ഇല്ല. സഹസ്രാബ്ദങ്ങളായുള്ള നമ്മുടെ ദേശീയ ജീവിതത്തിന്റെ ആദർശങ്ങളുമായി അതിന് യാതൊരു ബന്ധവുമില്ല. ഇവിടത്തെ നമ്മുടെ ജനകോടികൾക്ക് വൈദേശികമായൊരു ചിന്തയാണിത്.

ഗോൾവാൾക്കറുടെ ഈ വിധി, (*വിചാരധാര*, പേജ് 278) ഹിറ്റ്ലർ സൂക്തങ്ങളുടെ പദാനുപദ പരാവർത്തനം മാത്രമാണെന്ന് *മെയ്ൻ കാംഫും* മറ്റ് രേഖകളും പരിശോധിച്ചാൽ വ്യക്തമാവും. റഷ്യയിൽതന്നെ ഒക്ടോബർ വിപ്ലവത്തിന് മുമ്പ് റാസ്പുട്ടിനെ പോലുള്ള കൊലയാളി പുരോഹിതന്മാരും കെറൻസ്കിയെ പോലുള്ള വഞ്ചകരും കോൾചാക്കിനെ പോലുള്ള സൈനികമേധാവികളും അതേ ശൈലിയിലാണ് ബോൾഷെവിസത്തിനെ ഭർത്സിച്ചിരുന്നത് എന്നുമോർക്കുക. ചൈനയിലെ ജിയാങ്ങ് കൈഷേക്കും കൊറിയയിലെ സിംഗ്മൻറീയും വിയത്നാമിലെ ബാവോദായിയും ക്യൂബയിലെ ബാത്തിസ്തയും എൽസാവദോറിലെ സമോസയും ഇതേ വാചകങ്ങൾ ഈഷൽഭേദങ്ങളോടെ ഉരുവിട്ടുകൊണ്ടാണ് ചരിത്രത്തിന്റെ ദുർഗന്ധ മലീമസമായ ശവപ്പറമ്പുകളിൽ ആരോരും ഒന്നും കരയാൻപോലുമില്ലാതെ അന്ത്യശ്വാസം വലിച്ചത്. ബർലിനിലെ റൈഖ്സ്റാഗ് മന്ദിരത്തിൽ ചെങ്കൊടി ഉയരുന്നതിന് ഏതാനും മണിക്കൂർ മുമ്പ് അഡോൾഫ് ഹിറ്റ്ലർ വെപ്പാട്ടി ഈവാ ബ്രൌണിനെ ആശ്ലേഷിച്ചുകൊണ്ട് ഏതോ ഭൂഗർഭപടയറയിൽ ആത്മഹത്യചെയ്തപ്പോൾ, ബെനിറ്റോ മുസോളിനിയുടെ ശവം കാക്കക്കും പരുന്തിനും കൊത്താനായി തല കീഴായി ചരിത്രപ്രസിദ്ധമായ റോമിലെ ഒരു തെരുവുവിളക്കുകാലിൽ തൂങ്ങിക്കിടന്നു! പക്ഷെ അവരുടെയെല്ലാം അനാഥപ്രേതം ബാധിച്ച ഗോൾവാൾക്കറിലൂടെ അവരുടെ സ്വരങ്ങൾ ഇന്ത്യയിൽ ആവർത്തിക്കപ്പെട്ടു.

കമ്യൂണിസത്തോടുള്ള ഗോൾവാൾക്കറുടെ എതിർപിന് കാരണം അത് 'വിദേശച്ചരക്കായത്' മാത്രമല്ല. അദ്ദേഹം പറഞ്ഞു:

നമ്മുടെ തത്വദർശനമനുസരിച്ച് ഈ പ്രപഞ്ചത്തിന്റെ ഉൽപത്തിതന്നെ അതിന്റെ സ്വഭാവം, രജസ്, തമസ് എന്നീ മൂന്നുഗുണങ്ങളുടെ സന്തുലിതാവസ്ഥക്ക് ഭംഗം വന്നതിനെ തുടർന്നാണ്. ഇവ മൂന്നും ശരിയായ സന്തുലിതാവസ്ഥയിൽ വന്നാൽ, അതായത് ഗുണസാമ്യമുണ്ടായാൽ, പ്രപഞ്ചംതന്നെ വീണ്ടും അതിന്റെ അവ്യക്തഭാവത്തിലേക്ക് വിലയം പ്രാപിക്കുകയും ചെയ്യും. അതിനാൽ അസമത്വം, അതായത് വിഷമാവസ്ഥ (Disparity) പ്രകൃതിയുടെ ഒഴിച്ചുകൂടാത്ത സ്വഭാവമാണ്. നാം അതോടൊപ്പം ജീവിച്ചേ പറ്റൂ. അതിനെ നിയന്ത്രിച്ചുനിർത്തി ആ അസമത്വത്തിൽനിന്നുളവാകുന്ന നീറ്റൽ കളയുവാൻ മാത്രമായിരിക്കണം നമ്മുടെ പരിശ്രമം. (ടി, പേജ് 33)

അതുകൊണ്ട് 'പ്രകൃതിജന്യമായ അസമത്വം' പരിഹരിക്കാൻ ശ്രമിക്കുന്ന കമ്യൂണിസവും സോഷ്യലിസവും മാത്രമല്ല പരിമിതമായ രാഷ്ട്രീയ-പൗരസമത്വങ്ങൾ സ്ഥാപിക്കാൻ ശ്രമിക്കുന്ന ജനാധിപത്യംപോലും അപ്രായോഗികവും ആപൽകരവുമാണെന്ന് ഗോപാലകുറുപ്പ് കരുതുന്നു:

അതുകൊണ്ട് ഉപരിപ്ലവമായ സമത്വത്തിന്റെ അടിസ്ഥാനത്തിൽ പ്രകൃതിജന്യമായ അസമത്വത്തെ, വിഷമാവസ്ഥയെ, പാടേ നിഷ്കാസനം ചെയ്യാൻ ശ്രമിക്കുന്ന ഏതൊരേർപാടും പരാജയപ്പെടുകയേ ചെയ്യൂ. പാശ്ചാത്യരാജ്യങ്ങളിൽ ഇന്നത്തെ വമ്പിച്ച പുരോഗതിയുണ്ടായിട്ടും ജനാധിപത്യം ശരിക്കും രാജനീതിയിൽ പ്രഗദ്ഭരും ജനസാമാന്യത്തെ സ്വപക്ഷത്തേക്ക് ആകർഷിക്കാൻ കഴിവുള്ളവരുമായ ഒരുപിടിയാളുകളുടെ ഭരണമാണ്. 'ജനങ്ങളാൽ' നടത്തപ്പെടുന്ന 'ജനങ്ങളുടെ ഭരണമാണ് ജനാധിപത്യം എന്ന സങ്കൽപം രാജ്യഭരണ കാര്യങ്ങളിൽ എല്ലാവരും തുല്യപങ്കാളികളാണെന്ന അർഥത്തിൽ എടുക്കുമ്പോഴും പ്രായോഗികരംഗത്ത് മിക്കവാറും മിഥ്യാവാദം മാത്രമാണ്. (ടി, പേജ് 33)

ഇവിടെ പടിഞ്ഞാറൻ ബൂർഷ്വാ ജനാധിപത്യത്തിന്റെ ഉപരിവർഗ-വരേണ്യസ്വഭാവം ഗോംവാംകർ ചൂണ്ടിക്കാട്ടുന്നത്, അതിനെ കൂടുതൽ ജനകീയമാക്കിത്തീർക്കണം എന്ന് നിർദേശിക്കാനോ ആ പരിമിതി ഇല്ലാത്ത ജനാധിപത്യം നമ്മുടെ നാട്ടിൽ സ്ഥാപിച്ചു കാണാൻ ആഗ്രഹിച്ചോ, അല്ലല്ലോ. അതേ പറ്റൂ, അങ്ങനെയേ സംഭവിക്കൂ, അതു മാത്രമാണ് സ്വാഭാവികം, അല്ലാതെ അതിൽ കൂടുതലൊന്നും 'ജനപങ്കാളിത്തം' പ്രായോഗികമാവില്ല എന്നാണ് ഗോംവാംകർ വാദിക്കുന്നത്. എന്തുകൊണ്ടെന്നാൽ 'നമ്മുടെ തത്വദർശന'മനുസരിച്ച് അസമത്വം 'പ്രകൃതിജന്യ'മത്രെ. പ്രകൃതിജന്യമായ ഈ അസമത്വം അവസാനിച്ചാലോ, 'പ്രപഞ്ചം തന്നെ അവ്യക്തഭാവത്തിലേക്ക് വിലയം പ്രാപിക്കും!'

അതുകൊണ്ട് എല്ലാ അണ്ടനും അടകോടനും വോട്ട വകാശം ലഭിക്കുന്ന ഇന്നത്തെ തിരഞ്ഞെടുപ്പ് സമ്പ്രദായത്തോടുതന്നെ ഗോംവാംകർക്ക് ആനുകൂല്യമില്ല.

> ജനപ്രതിനിധികളെ തിരഞ്ഞെടുക്കുന്ന ഇന്നത്തെ സമ്പ്രദായം മറ്റൊരു വൈകൃതത്തെക്കൂടി കാഴ്ചവെക്കുന്നു. ഒരു ഡോക്ടർ, ഒരു നിയമജ്ഞൻ, അഥവാ കൃഷിയുടെ ബാലപാഠം പോലുമറിയില്ലാത്ത രാഷ്ട്രീയക്കാരൻ ഗ്രാമീണ സമ്മതിദായകരുടെ വക്താവായി തിരഞ്ഞെടുക്കപ്പെടുന്നു. തിരഞ്ഞെടുക്കപ്പെടാനുള്ള ഒരേയൊരു യോഗ്യത വോട്ടുകൊം ശേഖരിക്കാനും തിരഞ്ഞെടുപ്പിൽ ജയിക്കാനുമുള്ള അവന്റെ കഴിവും കൗശലവും മാത്രമായിരിക്കും. ജനപ്രതിനിധി എന്നതിനേക്കാം കൂടുതൽ 'രാഷ്ട്രീയക്കാര'ായ ഒരു കൂട്ടം നേതൃവർഗം കഴിഞ്ഞ മൂന്നു ദശാബ്ദങ്ങളായി ഉയർന്നുവരുന്നത്, ഈ തെറ്റുകൊം നിറഞ്ഞ സമ്പ്രദായത്തിന്റെ പരിണതഫലമാണ്. (ടി, പേജ് 39-40)

ഇതിന് പകരമായി ഗോംവാംകർ മറ്റൊരു സമ്പ്രദായം നിർദേശിക്കുന്നുണ്ട്:

ഒന്ന്, ഇന്നുള്ളതുപോലെ ഭൂമിശാസ്ത്രാടിസ്ഥാനത്തിൽ, ജനസംഖ്യാനുപാതികമായി; മറേറത്, തൊഴിൽപരമായി, അതായത് വിവിധ തൊഴിലുകളിൽ നിന്നും വ്യാപാരങ്ങളിൽനിന്നും തിരഞ്ഞെടുത്ത പ്രതിനിധികൾ. ദേശീയ ജീവിതത്തിൻെറ പ്രധാന രംഗങ്ങളിൽ നിന്നെല്ലാം ഉള്ള പ്രതിനിധികൾ രണ്ടാമത്തേതിൽ ഉണ്ടായിരിക്കണം. കർഷക വിഭാഗത്തിൽ പ്രാതിനിധ്യം വഹിക്കുന്നത് കർഷകൻതന്നെയാവണം. ഇങ്ങനെ എല്ലാ കർമരംഗങ്ങളിലും വേണം. (ടി, പേജ് 41)

ഇവിടെ കർഷകൻെറ പ്രാതിനിധ്യം കർഷകനുതന്നെയായിരിക്കണം എന്ന് ഗോംവാംകർ നിർദേശിക്കുമ്പോൾ തെറിദ്ധാരണ പാടില്ല. ദരിദ്ര കർഷകനോ കർഷകത്തൊഴിലാളിയോ ഒന്നും ഗോംവാംകറുടെ പരിഗണനക്കർഹരല്ല. കോൺഗ്രസ് സർക്കാരുകളുടെ പരിമിതമായ കാർഷിക പരിഷ്കാരത്തെ മാത്രമല്ല, വിനോബഭാവെയുടെ ഭൂദാനത്തെപോലും കമ്യൂണിസം വളർത്താനുപകരിക്കുന്ന ആപൽകര നടപടികളായിട്ടാണ് ഗോംവാംകർ കരുതുന്നത്. അദ്ദേഹം പറയുന്നു:

> നമ്മുടെ രാജ്യത്ത് കമ്യൂണിസത്തിൻെറ ആകർഷണത്തെ നിരാകരിക്കാനുള്ള പരിശ്രമങ്ങൾ പലതാണ്. വിനോബജി ആവിഷ്കരിച്ച ഭൂദാനപ്രസ്ഥാനം കമ്യൂണിസത്തിൻെറ ഈ സ്വാധീനതയെ ഇല്ലാതാക്കുമെന്ന് ചിലർ വിചാരിക്കുന്നു. എന്നാൽ, നേരെമറിച്ച് അതിൻെറ 'കൃഷിഭൂമി കൃഷിക്കാരനു' എന്ന കമ്യൂണിസ്റ്റ് മുദ്രാവാക്യവും, അദ്ദേഹത്തിൻെറ ദീർഘദൃഷ്ടിയില്ലാത്ത ചില അനുയായികളുടെ ''നിങ്ങൾ സ്വമേധയാ വിട്ടുകൊടുക്കാത്ത പക്ഷം കമ്യൂണിസ്റ്റുകാർ വന്ന് ബലം പ്രയോഗിച്ച് നിങ്ങളുടെ എല്ലാംതന്നെ കൊണ്ടുപൊയ്ക്കളയും'' എന്നും മറ്റുമുള്ള ഭീഷണികളും ബഹുജന മനസിൽ കമ്യൂണിസം ശരിയായതും അനിവാര്യവുമാണെന്നുള്ള വിചാരം ഉടലെടുക്കാനേ പര്യാപ്തമാകുന്നുള്ളൂ. കമ്യൂണിസത്തിന് പരോക്ഷമായ ഒരംഗീകരണമായിരിക്കുമത്. (ടി, പേജ് 274)

കോൺഗ്രസ് സർക്കാരുകളുടെ അത്യന്തം പരിമിതവും പലപ്പോഴും ലക്ഷ്യം പിഴച്ച് ഒരു പുതിയ ഗ്രാമീണ ധനികവർഗത്തെ സൃഷ്ടിക്കാൻ ഉതകുന്നതുമായ കാർഷികപരിഷ്കാരങ്ങൾപോലും ഗോൾവാൾക്കർക് ഇഷ്ടമായിട്ടില്ല.

> ഇവിടെയും ജന്മിമാരെ ഇല്ലാതാക്കി, ഇപ്പോൾ 17-ാം ഭേദഗതിമൂലം അര ഏക്കർ ഭൂമി മാത്രമുള്ള ചെറിയ കർഷകനെപ്പോലും എസ്റ്റേറ്റ് ഉടമയായി കണക്കാക്കി അവന്റെ സ്വത്തും ഫലത്തിൽ യാതൊരു നഷ്ടപരിഹാരവും നൽകാതെ കണ്ടുകെട്ടുവാനുള്ള അധികാരം ഗവൺമെൻറുണ്ടാക്കിയിരിക്കുന്നു. സഹകരണകൃഷി, കൂട്ടുകൃഷി, ബാങ്കുദേശസാൽകരണം വ്യവസായ ദേശസാൽകരണം തുടങ്ങിയ സോഷ്യലിസ്റ്റ് സിദ്ധാന്തങ്ങളെല്ലാം അന്തരിക്ഷത്തിൽ നിറഞ്ഞുനിൽക്കുന്നു. ഇതെല്ലാം തന്നെ ഒരു വിധത്തിൽ പടിപടിയായി ചൈനീസ് രീതി പിന്തുടരലാണ്.(ടി, പേജ് 278-9)

നാസികൾ മാനവരാശിയെതന്നെ ആര്യന്മാരെന്ന 'ഉയർന്നവംശക്കാരാ'യും (സുപ്പീരിയർ റേസ്) അനാര്യരെന്ന കീഴ്വംശക്കാരായും (ഇൻഫീരിയർ റേസ്) തരംതിരിച്ചു. അതിൽതന്നെ ഭരിക്കാനായി പിറന്ന 'ആജന്മക്ഷത്രിയർ' നാസിപാർടിക്കാരാണെന്നും വിധിച്ചു. അവരിൽതന്നെ അത്യുന്നത നേതാവ് (ഫ്യൂറർ) 'മാനവ വംശോദ്ധാരകനായ ഹിറ്റ്ലർ' ആണെന്നും നിറം കറുത്തവർകും മഞ്ഞയായവർകും തവിട്ടായവർകും ജന്മനാതന്നെ ബുദ്ധിയും സംസ്കാരവും കുറവാണെന്നും പരിണാമശ്രേണിയിൽ താഴ്ന്ന പടികളിലാണവരുടെ സ്ഥാനമെന്നും വാദിച്ചു. അതെല്ലാം 'താത്വികമായും ശാസ്ത്രീയമായും' സ്ഥാപിച്ചെടുക്കാൻ 'പണ്ഡിതവരേണ്യരും' തയ്യാറായി, അസമത്വത്തെക്കുറിച്ചുള്ള ആ സിദ്ധാന്താഭാസമാണിപ്പോൾ ഗോൾവാൾകർ എഴുതിവെച്ചിരിക്കുന്നതും ആർ എസ് എസ് ചില്ലറവിൽപനക്കായി കൊണ്ടുനടക്കുന്നതും.

പ്രകൃതിയിൽ ചില അസമത്വങ്ങൾ ഉണ്ടെന്നകാര്യത്തിൽ

തർക്കമില്ല. ആനയുടെ ബലം ആടിനില്ല. കുതിരയുടെ വേഗത കഴുതക്കില്ല. ആറടിപൊക്കമുള്ള മനുഷ്യരും അഞ്ചടി പൊക്കമുള്ള മനുഷ്യരുമുണ്ട്. ജന്മനാ അന്ധരായവരും അംഗവൈകല്യമുള്ളവരും ഉണ്ട്. എന്നാൽ രാഷ്ട്രീയ-സാമൂഹ്യ സിദ്ധാന്തങ്ങളിൽ നാം പരാമർശിക്കുന്നത് ഈ അസമത്വങ്ങളല്ല. മനുഷ്യസൃഷ്ടങ്ങളും സമൂഹസൃഷ്ടങ്ങളുമായ അസമത്വങ്ങളാണ് നാം പരാമർശിക്കുന്നത്. ചൂഷകനും ചൂഷിതനും തമ്മിലുള്ള അസമത്വം, മേൽജാതിക്കാരനും കീഴ്ജാതിക്കാരനും തമ്മിലുള്ള അസമത്വം, വികസിത രാഷ്ട്രവും അവികസിത രാഷ്ട്രവും തമ്മിലുള്ള അസമത്വം, മർദിതരാഷ്ട്രവും മർദകരാഷ്ട്രവും തമ്മിലുള്ള അസമത്വം എന്നിങ്ങനെ പരിഹരിക്കേണ്ടതും പരിഹരിക്കാത്തതുമായ അസമത്വങ്ങളെപ്പറ്റി പറയുമ്പോൾ ''പ്രകൃതിജന്യമായ അസമത്വങ്ങളാ''യി അവയെ വ്യവഹരിക്കുന്നത് മേൽജാതിക്കാർക്കും മേൽവർഗക്കാർക്കും ചൂഷകർക്കും മർദകർക്കും അരുനിൽകാൻമാത്രമാണ് എന്ന് ആർകാണറിയാത്തത്? എന്നാൽ ജന്മനാ ബുദ്ധിയില്ലാത്തവനും സമ്പാദ്യശീലമില്ലാത്ത ധൂർതനും തൊഴിലാളിയും ദരിദ്രനും ആകുമ്പോൾ ബുദ്ധിയും സമ്പാദ്യശീലവുമുള്ളവൻ മുതലാളിയാവുന്നു എന്ന കാലഹരണം വന്ന ബൂർഷ്വാ സാമ്പത്തിക സിദ്ധാന്തത്തിന് ആർഷ വിജ്ഞാനത്തിന്റെ പരിവേഷം നൽകുകയാണ് ഗോംവാംകർ. പൂർവജന്മ സുകൃതവും ദുഷ്കൃതവും അനുസരിച്ചാണ് ധനികനും ദരിദ്രനും ഉണ്ടാകുന്നത് എന്ന പഴയ സിദ്ധാന്തം തന്നെ ഗോംവാംകർ പറയുമ്പോൾ, അദ്ദേഹം നാസിസം പ്രചരിപ്പിക്കുക മാത്രമല്ല അതിന് ഒരു ആർഷ പരിവേഷം നൽകുകകൂടി ചെയ്യുന്നു.

മുസോളിനിയുടെ തവിട്ടു കുപ്പായക്കാരും ഹിറ്റ്ലറുടെ കരിങ്കുപ്പായക്കാരും (സ്റ്റോം ട്രൂപ്പേഴ്സ്) അംഗീകരിച്ചിരുന്ന പരിശീലന പരിപാടിയും പ്രവർതന പദ്ധതിയുമാണ് നിയമം കയ്യിലെടുക്കലും' കൊലപാതകങ്ങളും ന്യൂനപക്ഷമേധങ്ങളും.

അങ്ങനെ താത്വികമായിട്ടും പ്രായോഗികമായിട്ടും

ഇന്ത്യൻ ജനാധിപത്യത്തിനും മതേതര രാഷ്ട്രീയത്തിനും സോഷ്യലിസത്തിനും സകലമാന മാനവിക പുരോഗതിക്കും എതിരെ അണിനിരന്നിരിക്കുന്ന പിന്തിരിപ്പൻ നാസിപ്പടയാണ് ആർ എസ് എസ്. കുത്തക മുതലാളിത്തത്തെയും അവശിഷ്ട നാടുവാഴിത്തത്തെയും സവർണ മേധാവിത്വത്തെയും അരക്കിട്ടുറപ്പിക്കാൻ ബദ്ധകങ്കണരായി ഇറങ്ങിത്തിരിച്ചിരിക്കുന്ന ഈ നാസിപ്പടയോടുള്ള മനോഭാവമാണ് ഏത് സാമൂഹ്യ-രാഷ്ട്രീയ പ്രസ്ഥാനത്തിന്റെയും സ്വഭാവലക്ഷ്യങ്ങളുടെ ഉരകല്ല്.

ആർ.എസ്.എസ്: ഫാസിസത്തിന്റെ ഇന്ത്യൻ പ്രതിരൂപം

രാജേന്ദ്ര ശർമ, പി ജി, എ വി അനിൽകുമാർ

ഇന്ത്യയിൽ ഹിന്ദുമേധാവിത്വം എന്ന ലക്ഷ്യം വെച്ച് പ്രവർത്തിക്കുന്ന രാഷ്ട്രീയ സ്വയംസേവക സംഘം ഫാസിസത്തിന്റെ ഇന്ത്യൻ പ്രതിരൂപമാണെന്നതു പൊതുവെ അംഗീകരിക്കപ്പെട്ട വസ്തുത. രാജ്യത്താകെ വർഗീയല ഹളകൾ കുത്തിപ്പൊക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്ന ആ സംഘടനയുടെ ചരിത്രം, പ്രവർതനശൈലി, മുദ്രാവാക്യങ്ങൾ ആദിയായ കാര്യങ്ങൾ പ്രതിപാദിക്കുന്ന മൂന്ന് സുദീർഘ ലേഖനങ്ങളുടെ സമാഹാരം. ആർ.എസ്.എസിന്റെ തനിനിറം തുറന്നുകാട്ടുന്ന കൃതി.